"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ



| | | |
|---|---|---|
| *Vol. XXXVI* | ***2008 December*** | ***No. 12*** |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

## ഉള്ളടക്കം


ഇടയലേഖനം ............................................................ 903
സർക്കുലർ ............................................................ 914
വിജ്ഞാപനം ............................................................ 916
സർക്കുലർ ............................................................ 918
സീറോമലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ ................ 925
DALIT LIBERATION SUNDAY ......................................... 928
രൂപതാ കച്ചേരി വാർത്തകൾ.................................... 931
ദൈവവചനവർഷം .................................................. 933
മതബോധനരംഗം ..................................................... 937
ചെറുപുഷ്പമിഷൻലീഗ് ............................................. 941
കെ. സി. വൈ. എം. ................................................. 955
കുടുംബപ്രേഷിതത്വം ................................................ 961
സിയോൻ വാർത്തകൾ................................................ 963
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 966
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......................... 969
സാമൂഹ്യസേവന രംഗം .............................................. 971
അറിയിപ്പുകൾ............................................................ 974
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 976
ബിഷപ്സ് പ്രോഗ്രാം ................................................... 977
Index (Vol.36) ............................................................ 980



# ഏവർക്കും
# ക്രിസ്തുമസ് ആശംസകൾ



# ഇടയലേഖനം

*Pastoral Letter No. 02/2008*
*Prot. No. 7373/2008*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും
സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും
തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന
ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന്റെ ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ചു നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. രക്ഷകന്റെ ആഗമനത്തെ കാത്തിരുന്നതിന്റെ ഓർമ്മയായതിനാൽ ആരാധനക്രമവർഷത്തിൽ ഇത് ആഗമനകാലം എന്ന് അറിയപ്പെടുന്നു. അതുപോലെതന്നെ പുതിയൊരുവർഷം 2009-നെ വരവേൽക്കാനും നാം ഒരുങ്ങുന്നു. ഇത്തരുണത്തിൽ ഏതാനും ആദ്ധ്യാത്മികചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

യേശുവിന്റെ ജനനമല്ല പ്രത്യുത, മരണവും ഉയിർപ്പുമാണ് ക്രിസ്ത്യാനികൾ ആദ്യമായി ആചരിക്കാൻ തുടങ്ങിയത് എന്നത് ശ്രദ്ധേയമാണ്. കർത്താവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കുകാരായവർ പുറകോട്ടു തിരിഞ്ഞുനോക്കി കാലിത്തൊഴുത്തിൽ പിറന്ന കുട്ടിയെ രക്ഷകനായി തിരിച്ചറിയുകയാണ് ചെയ്യുന്നത്. അവയിലൂടെയല്ലാതെ ക്രിസ്തുമസ്സിന്റെ അർത്ഥം മനസ്സിലാക്കാൻ പറ്റുകയില്ല എന്നതാണ് വസ്തുത. കർത്താവിന്റെ ദരിദ്രബാല്യവും മരണവും ഉത്ഥാനവും പ്രതിബിംബിയ്ക്കാത്ത ക്രിസ്തുമസ്സ് ക്രിസ്തീയമല്ല. അതുപോലെ തന്നെ ക്രിസ്തുമസ്സുമായി ബന്ധ

പ്പെട്ട ആഘോഷങ്ങളും ക്രിസ്തീയമാകുകയില്ല. രക്ഷകനെ തിരിച്ചറിയാനുള്ള അടയാളമായി മാലാഖമാർ ആട്ടിടയൻമാർക്ക് പറഞ്ഞുകൊടുക്കുന്നത് ഇങ്ങനെയാണ്. *ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം. പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും (ലൂക്ക 2:11-12).* ഈ ശിശുവിനെ രക്ഷകനായി തിരിച്ചറിയുന്നവരെപ്പറ്റിയാണ് മാലാഖമാർ പാടിയത് *അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം എന്ന്* (ലൂക്ക 2:14).

ക്രിസ്തുമസ്സ് കാലത്ത് നാം വീടുകളും പരിസരങ്ങളും നക്ഷത്ര വിളക്കുകളാൽ അലങ്കരിക്കുന്നു. ബേത്‌ലഹേമിലെ പുൽക്കൂടിനു മുകളിൽ പ്രകാശിച്ചുനിന്ന നക്ഷത്രത്തിന്റെ ഓർമ്മയ്ക്കായിട്ടാണത്. പുൽത്തൊട്ടിയിൽ കിടന്ന് തണുത്തു വിറക്കുന്ന ശിശു ലോകരക്ഷകനാണെന്ന് ആ നക്ഷത്രം വിളിച്ചു പറയുന്നു. *കണ്ണിനു പകരം കണ്ണ് ചൂഴ്ന്നെടുക്കാനും കാലിന് പകരം കാല് വെട്ടാനും കഴിവുള്ള* ശക്തന്മാരിലൂടെയല്ല രക്ഷ കൈവരുന്നത് എന്നും പ്രത്യുത ബലഹീനരെന്ന് ലോകം വിധിയെഴുതുന്ന, ക്ഷമിക്കാനും സഹിക്കാനും എന്തിനേറെ ശത്രുവിനെപ്പോലും സ്നേഹിക്കാനും കഴിവുള്ളവരും അതിന് സന്മനസ്സുള്ളവരിലൂടെയുമാണത് സാധ്യമാകുന്നത് എന്നുമാണാ നക്ഷത്രം പറയുന്നത്. ഇത് മനസ്സിലാക്കാൻ നാം മാനുഷിക മാനദണ്ഡങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും മറികടന്ന് ചിന്തിക്കാൻ പ്രാപ്തരാകാതെ സാധ്യമല്ല. അതിന് നാം ജറുസലേം ദേവാലയത്തിൽ ഉപവാസവും പ്രാർത്ഥനയുമായി രക്ഷകനെ കാത്തിരുന്ന ശെമയോനെയും അന്നായേയും പോലെ കാത്തിരിക്കുക തന്നെ വേണം. ദൈവദൂതന്മാരുടെ വാക്കുകൾ വിശ്വസിച്ച് ശിശുവിനെ കാണാൻ പോയ ആട്ടിടയന്മാരുടെ വിശ്വാസവും വേണം.

രക്ഷകനെ ദർശിക്കാൻ ശെമയോനെ യോഗ്യനാക്കിയ മാനദണ്ഡങ്ങൾ ഇപ്രകാരമാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. *ജറുസലേമിൽ ശെമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നു. പരിശുദ്ധാത്മാവ്*

*അവന്റെമേൽ ഉണ്ടായിരുന്നു* (ലൂക്ക 2:25). കേവലം കൊടുക്കാനുള്ളത് മാത്രം കൊടുക്കുകയും ചെയ്യാനുള്ളത് മാത്രം ചെയ്യുകയും ചെയ്യുന്നവരല്ല, പ്രത്യുത തനിക്ക് നഷ്ടമുണ്ടാകുമെന്ന അവസ്ഥയിലും മറ്റുള്ളവർക്ക് നന്മയുണ്ടാകാൻ വേണ്ടി പരിശ്രമിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ക്രിസ്തീയമായ അർത്ഥത്തിൽ നീതിമാന്മാർ. അതാണല്ലോ വിശുദ്ധ യൗസേപ്പിനെ നീതിമാനെന്ന് സുവിശേഷകൻ വിശേഷിപ്പിക്കാൻ കാരണം (മത്തായി 1:19). ദൈവത്തെ തങ്ങളുടെ ജീവിതാധാരമായി പരിഗണിക്കുകയും അവിടുത്തെ വഴികളിൽ സഞ്ചരിക്കുകയും ചെയ്യുന്നവരാണ് ദൈവഭക്തർ. അവർ നന്മയുടെ പാത തേടുന്നവരാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും നിരാശപ്പെടാതെ ദൈവത്തിന്റെ ഇടപെടൽ പ്രതീക്ഷിച്ചിരിക്കുന്നതും ദൈവഭക്തിയുടെ അടയാളമാണ്. ഇതാണ് ശെമയോൻ ചെയ്തതും രക്ഷകനെ കണ്ടുമുട്ടാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതും.

അന്നായെപ്പറ്റി സുവിശേഷം പറയുന്നു: *ഫനുവേലിന്റെ പുത്രിയും ആഷേർ വംശജയുമായ അന്നാ എന്നൊരു പ്രവാചികയും അവിടെയുണ്ടായിരുന്നു. ഇവൾ കന്യകാപ്രായം മുതൽ ഏഴു വർഷം ഭർത്താവിനോടൊത്ത് ജീവിച്ചു. എൺപത്തിനാല് വയസ്സായ ഈ വിധവ ദേവാലയം വിട്ടുപോകാതെ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു* (ലൂക്ക 2:36-37). ദൈവത്തെ കണ്ടുമുട്ടാൻ ദേവാലയത്തിൽ തന്നെ കഴിയണം. വിവിധ ജീവിതവ്യഗ്രതകളിൽ മുഴുകിക്കഴിയുന്ന നമുക്ക് നമ്മുടെ ശരീരവും മനസ്സുമാകുന്ന പരിശുദ്ധാത്മാവിന്റെ ദേവാലയത്തെ കറയും കുറവുമില്ലാതെ സൂക്ഷിക്കാൻ കഴിയണം. അതായത് ദൈവം ആ ദേവാലയത്തെ വിട്ടുപോകാതെ നാം സൂക്ഷിക്കണം. ദൈവം ഇല്ലാത്ത അവസ്ഥയിൽ പിശാച് അഥവാ തിന്മ അതിനെ കീഴടക്കും എന്നതും നാം ഓർത്തിരിക്കണം.

രക്ഷകനെ കണ്ടുമുട്ടണമെങ്കിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ദൈവസ്തുതിയിലും നാം നിരന്തരം വ്യാപരിക്കണം. അവിടുത്തെ ആത്മാവ് എപ്പോഴും നമ്മളിൽ വസിക്കണം. ദൈവാത്മാവിന്റെ ആവാസമുണ്ടാകണമെങ്കിൽ നമ്മിലുള്ള ദുരാത്മാക്കൾ പുറത്തുപോകാതെ പറ്റില്ല. വാശിയും വൈരാഗ്യവും അസൂയയും

പകയും, ധനാസക്തിയും അധികാരമോഹവും സ്വാർത്ഥതയും സ്വജനപക്ഷപാതവും അക്രമവാസനയും അഴിമതിയും മദ്യപാനവും മദിരോത്സവവും എല്ലാം നമ്മിലുള്ള ദുരാത്മാക്കളാണ്. അവയെ നമ്മിൽനിന്ന് നീക്കം ചെയ്യാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

തിന്മയിലേക്ക് തിരിഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതി പാപത്താൽ താനാകുന്ന ദേവാലയത്തെ പിശാചിന്റെ ആലയമാക്കി മാറ്റുന്നത് സാധാരണം തന്നെ. അതിന് മാറ്റം വരുത്താനുള്ള അഥവാ അതിൽനിന്ന് മോചനം നേടാനുള്ള ഉപാധികളാണ് കൂദാശകൾ. പ്രത്യേകിച്ച് പാപമോചനമെന്ന കൂദാശ. അവയെ നാം വേണ്ടവിധം പ്രയോജനപ്പെടുത്തണം. എന്റെ പാപങ്ങൾ ഞാൻ നേരിട്ട് ദൈവത്തോട് ഏറ്റുപറഞ്ഞാൽ പോരേ എന്ന് ആർക്കെങ്കിലും തോന്നാം. അത് കത്തോലിക്കാ പ്രബോധനല്ല. കൂദാശകൾ സ്വീകരിക്കുന്ന വ്യക്തി അതിലൂടെ പ്രത്യേകമായ ദൈവാനുഗ്രഹം പ്രാപിക്കുന്നുണ്ട്. നമുക്ക് ദൈവം തന്നിട്ടുള്ളതും ഇനി തരാനിരിക്കുന്നതുമായ നിരവധിയായ അനുഗ്രഹങ്ങൾക്ക് അവിടുത്തേക്ക് നന്ദി പറയുകയും അവിടുത്തെ നിരന്തരം സ്തുതിക്കുകയും അനുരഞ്ജനകൂദാശയിലൂടെ നമ്മെത്തന്നെ ശുദ്ധീകരിക്കുകയും ചെയ്തുകൊണ്ട് നമുക്കവിടുത്തെ എതിരേൽക്കാം.

കേവലമൊരു കൊച്ചുകുഞ്ഞിൽ രക്ഷകനെ തിരിച്ചറിയാൻ ഇടയന്മാർക്ക് കഴിഞ്ഞത് അവർ ദൈവദൂതന്മാരുടെ സ്വരത്തിന് ചെവികൊടുത്തതുകൊണ്ടാണ്. ദൂതന്മാരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അന്വേഷിച്ചപ്പോൾ അവർ അവിടുത്തെ കണ്ടെത്തി. മറ്റൊന്നും ആലോചിക്കാതെ പുൽത്തൊട്ടിയിൽ കണ്ട ശിശുവിനെ അവർ ദൈവമായി ആരാധിക്കുകയാണ്. ദൈവത്തിലുള്ള പരിപൂർണ്ണ വിശ്വാസം ദൈവമയച്ച രക്ഷകനെ കണ്ടെത്താനും ആവശ്യമാണ്. ദൈവവിശ്വാസമില്ലാത്ത ഒരാൾക്ക് അവിടുന്ന് വാഗ്ദാനം ചെയ്ത രക്ഷകനെ കണ്ടെത്താനോ രക്ഷ അനുഭവിക്കാനോ കഴിയുകയില്ല എന്നത് വ്യക്തമാണല്ലോ. വിശ്വാസത്തിന്റെ ഉള്ളടക്കം എപ്പോഴും നമ്മുടെ പരിമിതമായ മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാനും മനസ്സിലാക്കാനും പറ്റുന്നതാകണമെന്നില്ല. പക്ഷേ, അതിന്റെ ഫലത്തിൽ നിന്ന് നമുക്കതിനെ മനസ്സിലാക്കാം. ദൈവം വെളിപ്പെടുത്തിയ

സത്യങ്ങളെ മനുഷ്യന്റെ ശാസ്ത്രജ്ഞാനം കൊണ്ട് പരീക്ഷിച്ച് മനസ്സിലാക്കാൻ സാധിക്കുകയില്ല.

ക്രിസ്തുമസ്സ് കാലത്ത് നാം പരസ്പരം കൈമാറുന്ന ആശംസാ കാർഡുകളും സമ്മാനങ്ങളും മറ്റുള്ളവരുടെ നന്മയിലുള്ള നമ്മുടെ താൽപര്യവും കരുതലും നമുക്കുള്ളത് പങ്കുവയ്ക്കാനുള്ള സന്മനസ്സും ആണ് വെളിവാക്കുന്നത് അഥവാ വെളിവാക്കേണ്ടത്. നാം കഴിക്കുന്ന മധുരപലഹാരങ്ങളും കേക്കും മറ്റും ആ സ്നേഹബന്ധങ്ങളുടെ ഊഷ്മളതയും മാധുര്യവും ആണ് പ്രതീകാത്മകമായി പ്രകടിപ്പിക്കുന്നത്. സ്വന്തം ജീവൻ തന്നെ ഒരു നൈവേദ്യമായി അർപ്പിക്കാൻ വന്നവന്റെ ഓർമ്മയാണ് നാമതിലൂടെ പുതുക്കുന്നത്. ക്രിസ്തുമസ്സിന് തെളിക്കുന്ന വിളക്കുകൾ ഇങ്ങനെയെല്ലാം പ്രകാശമാനമായ ഒരു ജീവിതക്രമത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അതുപോലെ ബാഹ്യമായ മറ്റാഘോഷങ്ങൾ ദൈവവും മനുഷ്യനും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും അനുരഞ്ജനപ്പെട്ടതിന്റെ സന്തോഷവും പ്രകടമാക്കുന്നു. കുടുംബ-സമൂഹജീവിതത്തിലെ പരസ്പരസ്പർദ്ധയും വൈരാഗ്യവും തർക്കങ്ങളും വ്യക്തിജീവിതത്തിലെ ദുഷിച്ച തഴക്കങ്ങളും എല്ലാം കണ്ടെത്തി നാം ദുരീകരിക്കണം. നമുക്കുള്ളതിൽ ഒരോഹരി ഇല്ലാത്തവർക്കായി നീക്കി വയ്ക്കാനും നമുക്ക് കഴിയണം. വ്യക്തികളും സമർപ്പിതസമൂഹങ്ങളും എല്ലാം ഇക്കാര്യത്തിൽ ശ്രദ്ധവെക്കേണ്ടതുണ്ട്. നമ്മുടെ ഇരുപത്തഞ്ച് നോമ്പാചരണം ഇപ്പറഞ്ഞരീതിയിൽ രക്ഷകനെ കണ്ടെത്താൻ നമ്മെ ഒരുക്കുവാൻ തക്കരീതിയിലുള്ളതാകട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും.

ക്രിസ്തുമസ്സ് ആഘോഷത്തോടൊപ്പംതന്നെ നമ്മൾ പുതിയ വർഷത്തെ 2009-നെ വരവേൽക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഒരു വർഷക്കാലം നാം ദൈവത്തിൽനിന്ന് ധാരാളം നന്മകൾ സ്വീകരിച്ചിട്ടുണ്ട് എന്നത് നിസ്സംശയമാണ്. അവയ്ക്ക് നന്ദി പറയാനുള്ള അവസരമാകട്ടെ ഈ വർഷാവസാനം. കഴിഞ്ഞകാല ജീവിതത്തിൽ കുറ്റങ്ങളും കുറവുകളും ഉണ്ടായിട്ടുണ്ടാകും എന്ന കാര്യത്തിലും സംശയമില്ല. അവയ്ക്ക് മാപ്പപേക്ഷിച്ചുകൊണ്ടും ഇനി അവ ആവർത്തിക്കുകയില്ല എന്ന പ്രതിജ്ഞ എടുത്തുകൊണ്ടും നമുക്ക് പുതുവർഷത്തെ എതിരേൽക്കാം.

ശാന്തിയുടെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും വർഷമാകട്ടെ 2009.

ഭാരതത്തിലെ ക്രൈസ്തവർക്ക് പൊതുവെയും കത്തോലിക്കർക്ക് പ്രത്യേകമായും പീഡനങ്ങളുടെയും വർഷമാണ് കടന്നുപോകുന്നത്. ഒറീസ്സ, കർണ്ണാടക, തമിഴ്നാട്, കേരള സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കെതിരെ നടന്ന അക്രമങ്ങൾ നമ്മെ ദുഃഖിപ്പിക്കുകയും ഞെട്ടിക്കുകയും ചെയ്തു. ഇന്നും അവിടെയും ഇവിടെയുമായി അവ തുടർന്നുകൊണ്ടിരിക്കുന്നു. എങ്കിലും ക്രൈസ്തവ വിശ്വാസം എന്താണെന്നും ക്രൈസ്തവവിശ്വാസികളുടെ പ്രതികരണശൈലി എന്തെന്നും മറ്റ് മതസ്ഥർക്ക് മനസ്സിലാക്കാൻ ഇതൊരു അവസരമായി. സ്നേഹവും സമാധാനവും ശാന്തിയും കൂട്ടായ്മയും പരസ്പര ബഹുമാനവും എന്തെന്നും അവ ഇവിടെ സംസ്ഥാപിതമാകാൻ യത്നിക്കുന്നവർ ആരെന്നും ഈ സംഭവങ്ങളിലൂടെ ലോകം മനസ്സിലാക്കി. അതിന് ദൈവം ഒരുക്കിയ ഒരവസരമായിരുന്നു ഇതെന്ന് ഞാൻ വിശ്വസിക്കുന്നു. സ്വാഭാവിക പ്രതികരണം എന്ന് പറഞ്ഞ് അക്രമങ്ങളെ ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രാഷ്ട്രീയ-മത സംസ്കാരങ്ങൾക്ക് മുമ്പിൽ ക്രൈസ്തവർക്ക് ഒരു ചോദ്യചിഹ്നമായി നിലകൊള്ളാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. ഈ സാക്ഷ്യമാണ് ഇന്നത്തെ ഏറ്റവും വലിയ മിഷണറി പ്രവർത്തനം എന്ന് പറയാം. അസത്യവും അക്രമവും അനീതിയും എക്കാലവും നിലനിൽക്കുകയില്ല എന്ന വസ്തുത നാം ഓർത്തിരിക്കേണ്ടതാണ്. നമ്മുടെ കോട്ടയും സങ്കേതവുമായ ദൈവത്തിൽ നമുക്ക് ശരണം വയ്ക്കാം.

കേരളസഭയ്ക്ക് പ്രതിസന്ധികളുടെ വർഷമായിരുന്നു 2008. സഭാനേതൃത്വത്തിൽ നിന്നും സമർപ്പിതജീവിതക്കാരിൽനിന്നും ഉണ്ടായ പാളിച്ചകളും സഭാനേതൃത്വവും മറ്റ് സഭാംഗങ്ങളും തമ്മിൽ അവിടെയും ഇവിടെയും ഉണ്ടായിട്ടുള്ള തർക്കങ്ങളും മറ്റും നമ്മളുടെയെല്ലാം അഭിമാനത്തിന് ക്ഷതമേൽപ്പിക്കുകയും ചിലരുടെയെങ്കിലും വിശ്വാസത്തെ ഇളക്കുകയും ചെയ്തു എന്നത് നിഷേധിക്കാനാകാത്ത വസ്തുതയാണ്. കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണം എന്ന കാര്യത്തിൽ നാം ഉറച്ചു നിൽക്കുക തന്നെ വേണം. അന്വേണഷങ്ങൾ ശരിയായ ദിശയിൽ നീങ്ങാനും സത്യം

പുറത്തുവരാനും വേണ്ടി തീക്ഷ്ണതാപൂർവ്വം നാം പ്രാർത്ഥിക്കുകയും വേണം. അതുപോലെ നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യാതിരിക്കട്ടെ.

അസത്യങ്ങളും അർദ്ധസത്യങ്ങളും വസ്തുതകളായി അവതരിപ്പിച്ചും വസ്തുതകൾ ഭാഗികമായും വളച്ചൊടിച്ചും അവതരിപ്പിച്ച് മാധ്യമങ്ങളും സാഹചര്യങ്ങൾ വഷളാക്കുന്നതിൽ അവരുടേതായ പങ്കുവഹിച്ചു. പണത്തിനും സ്വാധീനത്തിനും അതിജീവനത്തിനും വേണ്ടി മത്സരിക്കുന്ന മാധ്യമങ്ങൾ കൂടുതൽ വായനക്കാരേയും പ്രേഷകരേയും കിട്ടാൻ അവരുടെ ഉത്തരവാദിത്വവും കടമയും മാധ്യമധാർമ്മികതയും പല സന്ദർഭങ്ങളിലും മറന്നു എന്നതാണ് സത്യം. തൽഫലമായി നിരപരാധികൾ ക്രൂശിക്കപ്പെടുന്ന കാഴ്ചകൾ പലപ്പോഴും നാം കണ്ടു. ഇതെല്ലാമുള്ളപ്പോഴും മാധ്യമങ്ങളുടെ വില കുറച്ചു കാണുന്നതും ശരിയല്ല. വസ്തുനിഷ്ഠമായി വാർത്തകളും സത്യസന്ധമായി വിശകലനങ്ങളും അവതരിപ്പിക്കുന്ന മാദ്ധ്യമങ്ങൾ ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേഷിതമാണ്. അതല്ലെങ്കിൽ ജനാധിപത്യത്തിലെ ഭരണകർത്താക്കളും രാഷ്ട്രീയക്കാരും ഏകാധിപതികളായി മാറാം. മതങ്ങളും മതനേതൃത്വവും അവയുടെ പ്രകൃതിയും ഉത്തരവാദിത്വവും മറക്കാതിരിക്കാനും മാധ്യമങ്ങൾക്ക് വലിയൊരളവുവരെ സഹായിക്കാനാകും.

വൈദികരിലും സമർപ്പിതരിലും ഒറ്റപ്പെട്ട അപജയങ്ങൾ ഉണ്ടാകുമ്പോൾ അവയെ സാമാന്യവത്ക്കരിക്കാനുള്ള, അതായത്, എല്ലാ വൈദികരും സമർപ്പിതരും അങ്ങനെയാണ്, എന്ന് ചിന്തിക്കാനുള്ള പ്രവണത ഏറെയാണ്. അങ്ങനെ ചെയ്യുന്നത് തങ്ങളുടെ വിളിയോട് പരിപൂർണ്ണ വിശ്വസ്തത പുലർത്തുന്നവരും നിസ്വാർത്ഥ സേവനം ചെയ്യുന്നവരുമായ അനേകായിരങ്ങളോട് ചെയ്യുന്ന കടുത്ത അനീതിയായിരിക്കും. വൈവാഹിക ജീവിതത്തിൽ വിശ്വസ്ഥത പുലർത്താത്തവർ ഉണ്ട് എന്ന് നമുക്കറിയാം. വിശ്വസ്ഥത പുലർത്തികൊള്ളാം എന്ന് വിവാഹ സമയത്ത് അവർ വാഗ്ദാനം ചെയ്തവരാണ് എന്നതും സത്യമാണ്. എന്നാൽ ഏതാനും പേർ അവിശ്വസ്തരായതുകൊണ്ട് എല്ലാ കുടുംബജീവിതക്കാരും അവിശ്വസ്തരാണ് എന്ന നിഗമനത്തിൽ എത്തുന്നത് ശരിയായിരിക്കുകയില്ലല്ലോ.

ഇത്തരുണത്തിൽ നാം പ്രത്യേകം ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. ആരോപണ വിധേയ അഥവാ ആരോപണ വിധേയൻ ആകുന്ന വ്യക്തി നിങ്ങളുടെ മകനോ മകളോ ആണെങ്കിൽ നിങ്ങൾ എപ്രകാരം അതിനോട് പ്രതികരിക്കും എന്ന ചോദ്യമാണത്. എന്റെ മകൻ അഥവാ മകൾ അങ്ങനെ ചെയ്യുമെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല എന്നു തന്നെയായിരിക്കും ആ പ്രതികരണം. അതോടൊപ്പം സത്യം അങ്ങനെയായിരിക്കല്ലേ എന്നു നിങ്ങൾ മനസ്സുരുകി പ്രാർത്ഥിക്കുകയും ചെയ്യും. അതുതന്നെയാണ് നാം ഇവിടെയും സ്വീകരിക്കേണ്ട മനോഭാവം. എങ്കിലും സത്യം എന്താണെങ്കിലും അതംഗീകരിക്കുകയും വേണം. അതുപോലെതന്നെ ഇങ്ങനെയുള്ള സംഭവങ്ങളുടെ പേരിൽ നിരപരാധികൾ സമൂഹമദ്ധ്യത്തിൽ അവഹേളിക്കപ്പെടുകയും ഭത്സിയ്ക്കപ്പെടുകയും ചെയ്യുന്നില്ല എന്ന് നാം ഉറപ്പു വരുത്തുകയും വേണം.

പ്രതിസന്ധികൾ സഭാജീവിതത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടേയിരിക്കും. അവയിൽ നാം തളരരുത്. നമ്മുടെ വിശ്വാസം ഇതിലൂടെ ശക്തിപ്പെടുകയാണ് വേണ്ടത്. ഇങ്ങനെയെല്ലാം ഉള്ളപ്പോഴും ദൈവം സഭയെ കൈപിടിച്ച് നടത്തുന്നു എന്നതിൽ നാം സംശയിക്കേണ്ടതില്ല. പ്രതിസന്ധികളും പ്രശ്നങ്ങളും ആത്മശോധനയ്ക്ക് വേണ്ടിയുള്ള അവസരങ്ങളാണ്. വ്യക്തികളെന്ന നിലയിലും സമൂഹമെന്ന നിലയിലും നമ്മുടെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ പ്രയോഗത്തിൽ വരുത്താനുള്ള സമയവുമാണിത്. അത് നമുക്ക് പ്രയോജനപ്പെടുത്താം. ദൈവം നമ്മുടെ ശ്രമങ്ങളെ ഫലപ്രാപ്തിയിലെത്തിയ്ക്കും.

ഏറ്റവും അടിയന്തരമായി മാറ്റങ്ങൾ വരേണ്ടത് നമ്മുടെ കുടുംബജീവിതങ്ങളിൽ തന്നെയാണ്. ഒരുമിച്ച് പ്രാർത്ഥിക്കുകയും ഭക്ഷിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന കുടുംബങ്ങളാണ് സമൂഹത്തിന്റെയും സഭയുടേയും ശക്തമായ അടിത്തറ. നിർഭാഗ്യവശാൽ അത്തരമൊരു ജീവിതം ഇന്നൊരു അപൂർവ്വ വസ്തുവായിക്കഴിഞ്ഞിരിക്കുന്നു. മാധ്യമങ്ങളുടെ കുത്തൊഴുക്കിൽ കുടുംബപ്രാർത്ഥനകൾ ഒട്ടുമിക്ക ഭവനങ്ങളിലും അപ്രത്യക്ഷമായി. ജീവിതത്തിന്റെ കേന്ദ്രബിന്ദുവെന്ന നിലയിൽനിന്ന് പലതിലൊന്ന്, അതും സമയം കിട്ടുമ്പോൾ മാത്രം അനുഷ്ഠിക്കപ്പെടുന്ന ഒന്ന്, എന്ന നിലയിലേയ്ക്ക് വിശ്വാസജീവിതം പലരുടേയും ജീവിത

ത്തിൽ തരംതാഴ്ന്നിരിക്കുന്നു. സമ്പത്തിനും സ്വാധീനത്തിനും സ്ഥാനമാനങ്ങൾക്കും അധികാരത്തിനും വേണ്ടിയുള്ള നെട്ടോട്ട ത്തിൽ അതിനുപകരിക്കാത്ത വിശ്വാസകാര്യങ്ങൾ അപ്രധാനമായി കരുതപ്പെടുന്നു. കുട്ടികളുടെ വിശ്വാസപരിശീലനം അഥവാ മത ബോധനം പോലും അനാവശ്യമെന്ന് കരുതുന്ന മാതാപിതാക്ക ളുടെ എണ്ണം നിർഭാഗ്യവശാൽ ഏറിവരികയാണ്. ചുരുക്കത്തിൽ ദൈവം കുടുംബങ്ങളിൽ നിന്ന് കുടിയിറക്കപ്പെട്ടിരിക്കുന്ന അവ സ്ഥയാണിന്ന്. ഈയവസ്ഥ നമ്മെ ധാർമ്മികവും അല്ലാത്തതുമായ വലിയൊരു ദുരന്തത്തിൽ കൊണ്ടുചെന്നെത്തിക്കാനാണ് സാധ്യത.

കുടുംബങ്ങളിലെ, പ്രത്യേകിച്ച് മാതാപിതാക്കളുടെ, വിശ്വാസ രാഹിത്യം മക്കളുടെ ജീവിതത്തെ സ്വാധീനിക്കും എന്നത് പറ ഞ്ഞറിയിക്കേണ്ടതില്ലല്ലോ. അതിന്റെ പ്രതിഫലനങ്ങൾ സ്കൂളിലും കോളേജുകളിലും സെമിനാരികളിലും കന്യാസ്ത്രിമഠങ്ങളിലും വൈദികസമൂഹത്തിലും എല്ലാം ഉണ്ടാകും എന്നും നാം മനസ്സി ലാക്കണം. വിദ്യാർത്ഥികളുടെ ഇടയിലെ സമരങ്ങളും അക്രമ ങ്ങളും, ലൈംഗിക അരാജകത്വവും സമർപ്പിത ജീവിതക്കാരിൽ ഉണ്ടാകുന്ന അപജയങ്ങളും അതാണ് തെളിയിക്കുന്നത്. വിശ്വാ സരഹിതരായി സമൂഹത്തിലേക്കു കടന്നുവരുന്നവരുടെ ജീവിതം അവർക്കും സമൂഹത്തിനും ഉത്കർഷത്തിന് കാരണമാകുകയില്ല എന്ന് മാത്രമല്ല നാശത്തിന് കാരണമാകുകയും ചെയ്യും.

അതിനാൽ പ്രിയപ്പെട്ട മാതാപിതാക്കളെ, നിങ്ങളുടെ ഉത്തര വാദിത്വം ഈ സമൂഹത്തെ നന്നാക്കുന്നതിൽ പ്രഥമവും പ്രധാ നവുമായതാണ്. നിങ്ങൾ വീട്ടിൽ കൊടുക്കുന്ന പ്രാഥമിക വിദ്യാ ഭ്യാസത്തെ മിനുക്കിയെടുക്കുക മാത്രമാണ് മറ്റുള്ളവർ ചെയ്യുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നിങ്ങൾ ഇടുന്ന അടിസ്ഥാനത്തിൽ പണിതുയർത്തുകയാണ് അവർ ചെയ്യുന്നത്. അത് മാത്രമേ അവർക്ക് സാധിക്കുകയുള്ളു. നിങ്ങളുടെ നിലപാടുകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണെന്ന് മനസ്സിലാക്കി നിങ്ങൾ പ്രവർ ത്തിച്ചാൽ സമൂഹത്തിലേയും സഭയിലേയും അപജയങ്ങളെ ഒരു പരിധിവരെ മാറ്റിയെടുക്കാൻ കഴിയും. ഭൗതികമായ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതോടൊപ്പം ശരിയായ ക്രിസ്തീയ ശിക്ഷ ണവും അതിലുൾപ്പെട്ടിട്ടുള്ള ധാർമ്മികമൂല്യങ്ങളും എല്ലാറ്റിലുമു പരി ദൈവവിശ്വാസവും നിങ്ങളുടെ മക്കൾക്ക് ലഭിക്കുന്നുണ്ടെന്ന്


ഉറപ്പു വരുത്തണം. കുട്ടികൾ കടുംകൈ ചെയ്യും എന്ന ചിന്തയിൽ തെറ്റുകൾ തെറ്റാണെന്നും ഏതാണ് ശരിയെന്നും സമൂഹത്തിൽ എങ്ങനെയാണ് പെരുമാറേണ്ടതെന്നും ചെറുപ്പത്തിൽ തന്നെ പറഞ്ഞുകൊടുക്കാതിരുന്നാൽ അവരുടെ മനഃസാക്ഷി വളരെ വികലമായി രൂപീകരിക്കപ്പെടും. പിന്നീടത് മാറ്റിയെടുക്കുക ഏറെ ശ്രമകരമാണ്. അത് അവരുടെ മാത്രമല്ല നിങ്ങളുടെയും സഭയുടേയും സമൂഹത്തിന്റെയും നാശത്തിൽ എത്തിക്കുകയും ചെയ്യും. ഉദാഹരണമായി മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണെന്ന് അവരെ മനസ്സിലാക്കികൊടുക്കാത്ത മാതാപിതാക്കൾ തങ്ങളുടെ മക്കൾ അങ്ങനെ ചെയ്യാത്തതിൽ വിഷമിച്ചിട്ട് പ്രയോജനമില്ലല്ലോ. ഈ പുതുവർഷത്തിൽ നിങ്ങൾ പ്രതിജ്ഞയെടുക്കണം, ഞങ്ങളുടെ മക്കൾക്ക് ഞങ്ങൾ ക്രിസ്തീയ ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ച ശിക്ഷണം കൊടുക്കുമെന്ന്.

നാമിതുവരെ പറഞ്ഞത് പ്രയാസങ്ങളെയും പ്രതിസന്ധികളേപ്പറ്റിയുമാണെങ്കിൽ അഭിമാനിയ്ക്കാനും സന്തോഷിക്കാനും നമുക്ക് വകയുണ്ട്. വിശുദ്ധ അൽഫോൻസാമ്മയാണത്. ഭാരതത്തിലെ രണ്ടായിരം വർഷത്തെ ക്രൈസ്തവ പാരമ്പര്യത്തിൽ ആദ്യമായി ഒരാൾ അൾത്താരയിലെ വണക്കത്തിന് യോഗ്യയെന്ന് പ്രഖ്യാപിക്കപ്പെടുക അതും നമ്മുടെ ഈ കൊച്ചുകേരളത്തിൽ ജനിച്ച് വളർന്ന് മരിച്ചയാൾ, നമുക്ക് സന്തോഷത്തോടൊപ്പം പ്രതീക്ഷയും നൽകുന്നുണ്ട്. 2008 ൽ നമുക്ക് ദൈവം തന്ന ഏറ്റവും വലിയ സമ്മാനമാണ് വിശുദ്ധ അൽഫോൻസാമ്മ. ഭാരത്തിലും വിദേശത്തും ഭാരത്തിന്റേയും ഭാരതകത്തോലിക്കാസഭയുടേയും അഭിമാനം ഉയർത്തിയ സംഭവമായിരുന്നു 2008 ഒക്ടോബർ 12-ന് വത്തിക്കാനിൽ നടന്ന നാമകരണച്ചടങ്ങ്.

എങ്ങിനെയാണ് ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന അന്നക്കുട്ടിയെന്ന യുവതി വിശുദ്ധ അൽഫോൻസായായത് എന്നു നാം ചിന്തിക്കുമ്പോഴാണ് നാം വലുതെന്ന് കരുതുന്ന പലതും ദൈവത്തിന്റെ മുമ്പിൽ അങ്ങനെയല്ല എന്ന് മനസ്സിലാകുന്നത്. കേവലം 36 വർഷങ്ങൾ മാത്രം ജീവിച്ച് മരിച്ച അൽഫോൻസാമ്മ വെറുതെ സഹിച്ച് മരിച്ചതുകൊണ്ടല്ല പ്രത്യുത ആ സഹനം ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെന്ന് വിശ്വസിച്ചുകൊണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ടും അവി

ടുത്തേയ്ക്ക് നന്ദി പറഞ്ഞുകൊണ്ടും തന്നെ സമീപിച്ചവർക്ക് ശാന്തിയും സമാധാനവും കൊടുത്തു എന്നതിലാണ് അവരുടെ വിശുദ്ധി അടങ്ങിയിരിക്കുന്നത്. തന്നെത്തന്നെ മറന്നുകൊണ്ട് തന്റെ സഹജീവികളുടെ ജീവിതത്തിൽ അല്പമെങ്കിലും നന്മ ചെയ്യാൻ കഴിഞ്ഞതാണ് അൽഫോൻസാമ്മയുടെ വിശുദ്ധിയ്ക്ക് നിദാനമെന്ന് ഞാൻ കരുതുന്നു. ഇതാണ് വിശുദ്ധ അൽഫോൻസാമ്മ നമുക്ക് നൽകുന്ന പാഠവും സന്ദേശവും. നമ്മുടെ കുടുംബജീവിതങ്ങളിലും വൈദിക-സമർപ്പിതജീവിതങ്ങളിലും രാഷ്ട്രീയ പൊതുജീവിതത്തിലും എല്ലാം ആ മാതൃക പിൻചെല്ലാൻ നമുക്ക് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അതിനുള്ള ശക്തി പുതുവത്സരത്തിൽ കർത്താവിൽ നിന്ന് നമുക്ക് യാചിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും സന്തോഷപ്രദമായ ക്രിസ്തുമസും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2008 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ ഇടയലേഖനം 2008 ഡിസംബർ മാസം 7-ാം തീയതി വി.കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 13/2008***
***Prot. No. 7377/2008***

കർത്താവിൽ പ്രിയപ്പെട്ടവരെ

കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്പിരിറ്റ് ഇൻ ജീസസ്, എമ്പറർ എമ്മാനുവേൽ ട്രസ്റ്റ് എന്നീ ധ്യാന പ്രസ്ഥാനങ്ങളെപ്പറ്റി മുമ്പൊരിക്കൽ ഞാൻ നിങ്ങൾക്ക് എഴുതിയിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. അവയുമായി കത്തോലിക്കാ വിശ്വാസികൾ സഹകരിക്കരുതെന്നും അങ്ങനെ ചെയ്യുന്നവർ തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെ തന്നെ അപകടത്തിൽ പെടുത്തുകയാണ് ചെയ്യുന്നത് എന്നും എഴുതിയിരുന്നു. അക്കാര്യം ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. അതോടൊപ്പം എമ്പറർ എമ്മാനുവേൽ ട്രസ്റ്റിനെപ്പറ്റി കൂടുതലായി ലഭിച്ച ഏതാനും വിവരങ്ങൾ കൂടി അറിയിക്കട്ടെ.


ഇരിങ്ങാലക്കുട രൂപതയിലെ മുരിയാട് കേന്ദ്രമായാണ് ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത്. അതിന്റെ നടത്തിപ്പുകാരും അവിടുത്തെ പ്രസംഗകരുമായ ശ്രീ. ജോസഫ് പൊന്നാറ, വിൻസെൻഷ്യൻ സഭയുടെ കോട്ടയം പ്രൊവിൻസ് അംഗമായ ഫാ. ജോസഫ് അയ്യംകോലി എന്നിവർക്കെതിരെ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ സഭാവിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ പകർപ്പ് ഈ ബുള്ളറ്റിനിൽ അന്യത്ര ചേർത്തിട്ടുണ്ട്. അതുപോലെ തന്നെ ഫാ. അയ്യംകോലി അദ്ദേഹത്തിന്റെ സന്യാസ സഭാധികാരികളുടെ നിർദ്ദേശങ്ങളെ ധിക്കരിച്ച് നടക്കുന്നയാളും സഭാവിലക്കിൽ പെട്ടിട്ടുള്ളയാളുമാണ്. അദ്ദേഹത്തിന് യാതൊരു വിധ വൈദികധർമ്മങ്ങളും അനുഷ്ഠിക്കാൻ അനുവാദമില്ല. എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്കാർ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ നിരാകരിക്കുന്നവരും സഭാതലവനായ

മാർപാപ്പയെ അംഗീകരിക്കുവാൻ തയ്യാറില്ലാത്തവരുമാണ്. അവരുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങൾ വികലവും വിനാശകരമായ അഭിപ്രായങ്ങൾ നിറഞ്ഞതുമാണ്. അവ കത്തോലിക്കരായ നമുക്ക് തീർത്തും സ്വീകാര്യമല്ല.

മേൽപ്പറഞ്ഞ പ്രസ്ഥാനത്തിന്റെ മുരിയാട് ധ്യാനകേന്ദ്രത്തിലേയ്ക്ക് നമ്മുടെ രൂപതയിൽ നിന്നും ആളുകളെ നിർബന്ധിച്ചും അല്ലാതെയും കൊണ്ടുപോകുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ കത്തോലിക്കാ വിശ്വാസികൾ പോകാൻ പാടില്ല എന്ന് ഓർമ്മപ്പെടുത്തട്ടെ. തങ്ങളുടെ ഇടവകകളിൽ നിന്ന് ഈ അറിയിപ്പിനുശേഷവും അവിടെ പോകുന്നവരുണ്ടെങ്കിൽ അവരുടെ പേരുവിവരം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

കേവലം താൽക്കാലികമായ ചില അനുഭവങ്ങളുടെ പേരിൽ നമ്മുടെ കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കരുതെന്ന് ഒരിക്കൽ കൂടി ഏവരേയും ഓർമ്മപ്പെടുത്തട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2008 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2008 ഡിസംബർ മാസം 14-ാം തീയതി ഞായറാഴ്ച വി.കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# വിജ്ഞാപനം

വന്ദ്യവൈദികരേ, സന്യസ്തരേ, പ്രിയ മക്കളേ,

ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്' അംഗങ്ങൾ കത്തോലിക്കാസഭയിൽ വിശ്വസിക്കാത്തവരും സഭയുടെ ദൃശ്യതലവനായ മാർപാപ്പയ്ക്കും മറ്റു സഭാധികാരികൾക്കും വിധേയപ്പെടുവാൻ തയ്യാറില്ലാത്തവരുമാണ്. അവരുടെ വിശുദ്ധഗ്രന്ഥ പഠനങ്ങൾ കത്തോലിക്കാ സഭയുടെ പഠനങ്ങൾക്ക് വിരുദ്ധവും വിനാശകരമായ അഭിപ്രായങ്ങൾ നിറഞ്ഞതുമാണ്. അവിടെ കർമ്മങ്ങൾ അനുഷ്ഠിക്കുന്ന വിൻസെൻഷ്യൻ സഭാംഗമായ കോട്ടയം പ്രൊവിൻസിലെ അച്ചൻ സന്യാസസമൂഹ അധികാരികളെ അനുസരിക്കാതെ ധിക്കരിച്ച് നിൽക്കുന്നതും നമ്മുടെ രൂപതാതിർത്തിയിൽ കർമ്മങ്ങൾ അനുഷ്ഠിക്കാൻ അനുവാദമില്ലാത്ത വ്യക്തിയുമാണ്. അതിനാൽ നമ്മുടെ രൂപതയിലെ ആർക്കും തന്നെ അവരുടെ ധ്യാനങ്ങളിലോ പ്രാർത്ഥനകളിലോ, കർമ്മങ്ങളിലോ പങ്കുകൊള്ളാൻ അനുവാദമില്ലെന്ന് ഇതിനാൽ ഞാൻ അറിയിക്കുന്നു. നമ്മുടെ രൂപതയിലെ ഏതെങ്കിലും ഇടവകകളിൽ നിന്ന് ആരെങ്കിലും അവിടെ പോകുന്നുണ്ടോ എന്നതിന്റെ നിജസ്ഥിതി കുടുംബസമ്മേളന ഭാരവാഹികൾ അന്വേഷിച്ചറിഞ്ഞ് വികാരിയച്ചനെ അറിയിക്കേണ്ടതും വികാരിയച്ചൻ അവരുടെ പേരും അഡ്രസ്സും രൂപതാഭവനത്തിൽ എത്രയും നേരത്തെ ഏൽപിക്കേണ്ടതുമാണ്.

പത്രോസ്ശ്ലീഹാ സൂചിപ്പിക്കുന്നതുപോലെ ശീഘ്രനാശം വരുത്തി വയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിച്ച് ജനങ്ങളിൽ ഭയം (Panic)

ഉളവാക്കുകയും, അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞ് നിങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യും (2 പത്രോസ് 2,1-3). അതിനാൽ വഞ്ചനാത്മകമായ വാക്കുകൾ കൊണ്ട് ആരും നിങ്ങളെ വഴി തെറ്റിക്കാതിരിക്കാൻ നിങ്ങൾ വിവേകികളും ശ്രദ്ധാലുക്കളുമായിരിക്കുവിൻ എന്ന് ഞാൻ നിങ്ങളോട് സനേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

അനുഗ്രഹാശിസ്സുകളോടെ,

ഇരിങ്ങാലക്കുട
17-11-2008

**മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത

*NB:- ഈ വിജ്ഞാപനം എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും 2008 ഡിസംബർ മാസം 14-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. + J.P.*

## സർക്കുലർ

*Circular Letter No. 14/2008*
*Prot. No. 7374/2008*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

തിരുനാളുകളുടെയും ആഘോഷങ്ങളുടെയും കാലമാണല്ലോ ഇനി വരുന്നത്. പ്രത്യേകിച്ചും ഇടവകമദ്ധ്യസ്ഥരായ വിശുദ്ധരുടെ തിരുനാളുകൾ നാം ആഘോഷമായിത്തന്നെ കൊണ്ടാടാറുണ്ട്. അതോടൊപ്പം ഭക്തസംഘടനകളുടെ വാർഷികവും കുട്ടികളുടെ കലാപരിപാടികളും മറ്റും നടത്തുന്നു. വിശ്വാസികളുടെ കൂട്ടായ്മ പരസ്യമായി പ്രകടിപ്പിക്കപ്പെടുന്ന സന്ദർഭങ്ങളാണ് ഇവ. അതുപോലെ തന്നെ ഇടവകജനങ്ങൾക്ക് ഒരുമിച്ച് സന്തോഷിക്കാനുള്ള അവസരവുമാണത്.

തിരുനാളാഘോഷങ്ങളെപ്പറ്റി മുമ്പും നിങ്ങൾക്ക് ഞാൻ എഴുതിയിട്ടുണ്ട്. ഇത്തരുണത്തിൽ ഒരിക്കൽ കൂടി ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രൂപതയിൽ നിന്നു തന്നെയുള്ള ഒരാൾ ഈയിടെ ഒരു പത്രത്തിൽ എഴുതികണ്ടു, ഞങ്ങളുടെ വിശ്വാസം പരസ്യമായി പ്രകടിപ്പിക്കാനുള്ള ഏക അവസരമാണ് തിരുനാളാഘോഷങ്ങൾ എന്ന്. അത്തരം ഒരു ചിന്തയോട് വിയോജിക്കാതെ വയ്യ. കാരണം വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുന്ന പല രീതികളിൽ ഒന്നു മാത്രമാണ് തിരുനാളാഘോഷങ്ങൾ. എന്നു തന്നെയല്ല തിരുനാളാഘോഷങ്ങൾ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഘടകവുമല്ല. ഇവിടെ കർത്താവിന്റെ വചനങ്ങൾ പ്രസക്തമാണ്; ഞാൻ പുതിയൊരു കൽപ്പന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പര

സ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും (യോഹ.13: 34-35). അതായത് സ്നേഹത്തിൽ അടിസ്ഥാനമിട്ട ക്രിസ്തീയ സാക്ഷ്യമാണ് നമ്മുടെ വിശ്വാസപ്രകടനത്തിന്റെ പരമമായ രൂപം. സ്വന്തമായി ഒരു ലാഭവും പ്രതീക്ഷിക്കാതെ തന്നെത്തന്നെ മുഴുവനായി കൊടുത്ത യേശുവിനെ അനുകരിക്കലാണത്. അത് പ്രധാനമായും നടക്കേണ്ടത് നമ്മുടെ അനുദിനജീവിത നിമിഷങ്ങളിലാണ്.

എന്റെ മുൻ ആഹ്വാനങ്ങൾ ഉൾക്കൊണ്ട് തിരുനാളുകൾ യഥാർത്ഥ ക്രൈസ്തവാരൂപിയിൽ നടത്താൻ മുൻകൈ എടുക്കുന്ന ഒട്ടേറെ വികാരിയച്ചന്മാരും ഇടവകക്കാരുമുണ്ട്. അവരെ ഞാൻ ഹൃദയപൂർവ്വം അനുമോദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. നിങ്ങളുടെ ആ നല്ല തുടക്കം നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ഉറവിടമാകും എന്നത് നിസംശയമാണ്. ആ നല്ല പതിവ് നിങ്ങൾ ഭാവിയിലും തുടരണം. അത് മറ്റുള്ളവർക്ക് പ്രചോദനവുമാകട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. മുമ്പു ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ തുടർച്ചയെന്നോണം ഏതാനും ചില കാര്യങ്ങൾ കൂടി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

ഒന്നാമതായി എനിക്ക് പറയാനുള്ളത് നമ്മുടെ ആഘോഷങ്ങൾ മറ്റുള്ളവർക്ക് ശല്യത്തിനും ഉതപ്പിനും കാരണമാകരുത് എന്നാണ്. നമ്മുടെ നാട് പല മതസ്ഥർ ഒരുമിച്ച് ജീവിക്കുന്ന ഒന്നാണ്. ഇവിടെ നാം പരസ്പരം ബഹുമാനത്തോടെ വർത്തിക്കണം. മത-വർഗ്ഗീയ സ്പർദ്ധ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത് അത്യന്താപേഷിതമാണ്. നമ്മുടെ പള്ളികളിൽ ഉപയോഗിക്കുന്ന മൈക്കുകളിൽ നിന്നുയരുന്ന ശബ്ദം മറ്റ് മതസ്ഥർക്ക് രുചിക്കണമെന്നില്ലല്ലോ. അതുപോലെ തന്നെ വെടിക്കെട്ടിന്റെ ശബ്ദവും. ഇവയെല്ലാം ശബ്ദമലിനീകരണവും അന്തരീക്ഷ മലിനീകരണവും ഉണ്ടാക്കുന്നുണ്ട്.

നമ്മുടെ വീടിന്റെ അഥവാ പള്ളിയുടെ ഏതാനും വാരയകലെ ഒരു ക്ഷേത്രമോ മുസ്ലീംപള്ളിയോ ഉണ്ടെങ്കിൽ നമുക്ക് അസ്വസ്ഥത ഉണ്ടാകുന്നത് സ്വാഭാവികമായി നാം കാണുന്നു. അതുപോലെ തന്നെയായിരിക്കണമല്ലോ മറ്റുള്ളവർക്ക് നമ്മുടെ ആരാധനാലയങ്ങളോടുള്ള വികാരവും. സമീപവാസികൾക്ക് അലോ

സരം ഉണ്ടാകാത്ത തരത്തിലുള്ളതായിരിക്കണം നമ്മുടെ പള്ളികളിലെ ശബ്ദക്രമീകരണം. നമ്മുടെ നാട് കേവലം കൃഷീവലന്മാരുടെ നാടായിരുന്ന ഒരു കാലത്ത് ഇതൊന്നും അത്ര കാര്യമായി ആരും കണ്ടിരുന്നില്ല. എന്നാൽ ഇന്ന് അങ്ങനെയല്ല. സമീപത്ത് പലതരത്തിലുള്ള ജോലികൾ ചെയ്ത് ക്ഷീണിച്ച് വന്നുറങ്ങുന്നവരുണ്ടാകാം, പരീക്ഷയ്ക്കായി പഠിക്കുന്ന കുട്ടികളും മത്സരപ്പരീക്ഷകൾക്ക് ഒരുങ്ങുന്ന ഉദ്യോഗാർത്ഥികളും ഉണ്ടാകാം. ശബ്ദം സഹിക്കാൻ പറ്റാത്ത രോഗികൾ ഉണ്ടാകാം. അവർ നമ്മെ ശപിച്ചുകൊണ്ടായിരിക്കും നമ്മുടെ പള്ളിയിൽ നിന്നുള്ള ശബ്ദകോലാഹലങ്ങൾ സഹിക്കുന്നത്. പിന്നീടത് പല തരത്തിലുള്ള നിഷേധാത്മക ചിന്തകളായി പുറത്തുവരും എന്ന് നാം മനസ്സിലാക്കണം. അതിനെ വർഗ്ഗീയമായി മുതലെടുക്കാൻ കാത്തു നിൽക്കുന്ന ധാരാളം പേരുണ്ട് എന്നു നാം ഓർക്കണം. അങ്ങനെയാണ് നമ്മുടെ പള്ളികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നേരെ അക്രമം നടത്താൻ ആളെ കൂട്ടുന്നത്.

പള്ളിപ്രദക്ഷിണങ്ങളാണ് നമ്മുടെ ശ്രദ്ധയർഹിക്കുന്ന മറ്റൊരു രംഗം. ഭക്തിയുടെയും വിശ്വാസത്തിന്റെയും പേരിലായാലും കാൽനടക്കാർക്കും വാഹനങ്ങൾക്കും തടസ്സമുണ്ടാക്കുന്നത് ശരിയായ രീതിയല്ല. വാഹനപ്പെരുപ്പം കൊണ്ട് വീർപ്പുമുട്ടുന്ന നമ്മുടെ ഇടുങ്ങിയ റോഡുകളിലൂടെ പ്രദക്ഷിണങ്ങൾ കടന്നുപോകുമ്പോഴുണ്ടാകുന്ന ഗതാഗതതടസം ഊഹിക്കാവുന്നതേയുള്ളു. രാഷ്ട്രീയ പാർട്ടികളുടെയും മറ്റ് സാമൂഹ്യ സംഘടനകളുടെയും റാലികളും പ്രതിഷേധപ്രകടനങ്ങളും കൊണ്ട് ഇപ്പോൾ തന്നെ നാം വിഷമിക്കുന്നുണ്ട്. പലമതക്കാർ ഒരേസമയം ഒരേവഴിയിലൂടെ പ്രദക്ഷിണമായി വന്ന് സംഘർഷങ്ങളുമായി സംഘട്ടനത്തിൽ കലാശിക്കുന്ന സന്ദർഭങ്ങളുണ്ട്. ഇതെല്ലാം ഒഴിവാക്കാവുന്നതല്ലേ എന്ന് നാം ചിന്തിക്കണം.

നമ്മുടെ പ്രദക്ഷിണങ്ങൾ ശക്തിപ്രകടനങ്ങളല്ലെങ്കിലും അങ്ങനെ അതിനെ വീക്ഷിക്കുന്ന മറ്റ് ജനവിഭാഗങ്ങൾ ഉണ്ട് എന്ന കാര്യം മറക്കേണ്ട. അതിന്റെ ഫലമായി അവരുടെ വക ഒരു ശക്തിപ്രകടനം നടത്താനുള്ള പ്രേരണ ഉണ്ടാകുക സ്വാഭാവികം മാത്രം. അതും പരസ്പര വൈരാഗ്യത്തിനും കലഹങ്ങൾക്കും കാരണമായേക്കാം.

തിരുനാളുകളോടനുബന്ധിച്ച് വഴികൾക്ക് കുറുകെ ഉയർത്തുന്ന കമാനങ്ങളും ബാനറുകളും വാഹനങ്ങൾക്കും കാൽനടക്കാർക്കും ഉണ്ടാക്കുന്ന അപകടഭീക്ഷണി വെറും ഭാവനയല്ലെന്ന് മുൻകാല അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മാത്രമല്ല അവമൂലം യാത്രായോഗ്യമല്ലാത്ത റോഡുകൾ കൂടുതൽ മോശമാകുകയും ചെയ്യും. അതിന്റെയെല്ലാം ഫലം നാം തന്നെ അനുഭവിക്കേണ്ടതായും വരും. തിരുന്നാൾ പരിപാടികളുടെ നോട്ടീസുകളും ബാനറുകളും കമാനങ്ങളും മറ്റും സ്പോൺസർ ചെയ്യിക്കുമ്പോഴും നാം ശ്രദ്ധിക്കണം അത് ചെയ്യുന്നവർ ക്രിസ്തീയ ധാർമ്മികതയ്ക്കും പ്രബോധനങ്ങൾക്കും നിലപാടുകൾക്കും എതിരായി പ്രവർത്തിക്കുന്നവർ അല്ലെന്ന്. എന്നുതന്നെയല്ല, ഉപഭോഗ സംസ്ക്കാരത്തിനെതിരായി നിരന്തരം സംസാരിക്കുകയും ധാർമ്മികരോഷം കൊള്ളുകയും ചെയ്യുന്ന നാം അത്തരമൊരു സംസ്കാരം പ്രോത്സാഹിപ്പിക്കുകയല്ലേ ഇതിലൂടെ ചെയ്യുന്നത് എന്നും ചിന്തിക്കേണ്ടതുണ്ട്. അത് നമ്മുടെ നിലപാടുകളെ ബലഹീനമാക്കും.

പള്ളിപ്പരിപാടികൾക്കു വേണ്ടി മൈക്കും ലൈറ്റും ഒരുക്കുമ്പോൾ ഉപയോഗിക്കുന്ന ഇലക്ട്രിക് വയറുകളാണ് നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. തലങ്ങും വിലങ്ങും വലിക്കുന്ന വയറുകൾ മരണം പേറുന്നവയാണെന്നുള്ള വസ്തുത മറന്നുകൊണ്ടാണ് പലരും അവയെ കൈകാര്യം ചെയ്യുന്നത്. അതുപോലെ ധനനഷ്ടവും സമയനഷ്ടവും മാനനഷ്ടവും എല്ലാം അതിലൂടെ ഉണ്ടാകുന്നു. ശ്രദ്ധിക്കാതെ അവ കൈകാര്യം ചെയ്തിട്ട് എന്തെങ്കിലും അപകടം സംഭവിച്ചു കഴിയുമ്പോൾ ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉന്നയിക്കുക എന്നതാണ് നമ്മുടെ ശൈലി അതിനാൽ ഇതിലെല്ലാം ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ പതിയണം. അതുപോലെതന്നെയുള്ള മറ്റൊരു രംഗമാണ് വെടിക്കെട്ട്. യാതൊരു ശ്രദ്ധയും മുൻകരുതലുകളും ഇല്ലാതെ ജനം കൂടിനിൽക്കുന്ന സ്ഥലത്തിനടുത്തായി കതിനാപൊട്ടിക്കുകയും വെടിക്കെട്ടു നടത്തുകയും ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇവയ്ക്ക് ഉത്തരവാദിത്വപ്പെട്ടവർ മദ്യപിച്ചിട്ടില്ലെന്നും സർക്കാരിന്റെ അനുവാദങ്ങൾ ഉള്ളവരാണെന്നും നാം ശ്രദ്ധിക്കണം. ഇവ കാണാനായി കൂടിനിൽക്കുന്ന ജനങ്ങളും ഇവയുടെ അപകടസാദ്ധ്യത മനസ്സിലാക്കി പെരുമാറണം.

തിരുനാളുകൾക്ക് ചെലവാക്കുന്ന പണമാണ് നമ്മുടെ ചിന്തയ്ക്ക് വിഷയമാകേണ്ട മറ്റൊരു കാര്യം. പണംകൊണ്ടെറിഞ്ഞാലെ പണം കിട്ടുകയുള്ളു എന്നതൊരു വസ്തുതയാണ്. ഇടവക നടക്കണമെങ്കിൽ പണം വേണംതാനും. എങ്കിലും പണം സമ്പാദിക്കുകയാണോ തിരുനാളുകളുടെ ലക്ഷ്യം എന്നത് ചിന്താവിഷയമാകേണ്ടതാണ്. അങ്ങനെ വരുമ്പോൾ തിരുനാളുകളുടെ അർത്ഥം ചോർന്നു പോകും എന്ന കാര്യം നാം ഓർക്കേണം. വിശ്വാസവർദ്ധനവാണ് തിരുനാളുകളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അതോടൊപ്പം ക്രിസ്തീയ കൂട്ടായ്മ വളർത്തലും അതിന്റെ ലക്ഷ്യത്തിൽ പെടുന്നു. പണം പ്രധാന ലക്ഷ്യമായിക്കഴിയുമ്പോൾ മറ്റ് രണ്ടും പിൻതള്ളപ്പെടുന്നു. അതുകൊണ്ട് തിരുനാളുകൾക്ക് മുടക്കുന്ന പണം നമ്മുടെ ലക്ഷ്യത്തെ നീതീകരിക്കുന്നതാകണം. അത് ഇടവകയിൽ കലഹങ്ങൾക്ക് കാരണമാകുകയും ചെയ്യരുത്.

തിരുനാളുകളോടനുബന്ധിച്ച് നടത്തപ്പെടുന്ന നാടകങ്ങൾ, ഗാനമേളകൾ തുടങ്ങിയ കലാപരിപാടികൾ ദേവാലയാന്തരീക്ഷത്തിന് അനുയോജ്യമായവയും ക്രിസ്തീയ മൂല്യങ്ങൾ പകർന്ന് നൽകുന്നവയുമാകണം. അവ കൂടുതൽ ആളുകളെ ആകർഷിക്കാനുള്ള മാർഗ്ഗങ്ങൾ ആകരുത് എന്നർത്ഥം. മാത്രമല്ല ഈ കലാപരിപാടികൾ ആസ്വദിക്കാൻ എത്തുന്നവർ മാന്യമായി പെരുമാറുകയില്ല എന്നു തോന്നുന്ന അവസരങ്ങളിൽ അവ നടത്താതിരിക്കാനുള്ള ശ്രമങ്ങൾ തിരുനാൾ പരിപാടികൾക്ക് പദ്ധതിയിടുന്ന അവസരത്തിൽ തന്നെ നടത്തുകയും വേണം.

മറ്റൊരു സുപ്രധാന സംഗതിയിലേക്കാണ് ഇനി നിങ്ങളുടെ ശ്രദ്ധ തിരിക്കുവാനുള്ളത്. സ്നേഹത്തിൽ അടിസ്ഥാനമിട്ട ക്രിസ്തീയ സാക്ഷ്യമാണ് നമ്മുടെ വിശ്വാസപ്രകടനത്തിന്റെ പരമമായ രൂപം എന്ന് ഞാൻ ഈ സർക്കുലറിന്റെ ആരംഭത്തിൽ സൂചിപ്പിച്ചുവല്ലോ. ആ സാക്ഷ്യത്തിന്റെ മഹനീയ രൂപമാണ് പങ്കുവെയ്ക്കൽ. ഇതിലൂടെ നമ്മുടെ സഹജീവികളോടുള്ള നമ്മുടെ കരുതലാണ് പ്രകടമാകുന്നത്. പങ്കുവയ്ക്കാത്ത ജീവിതം ക്രിസ്തീയമല്ല. കാരണം അത് ക്രിസ്തീയ ജീവിതത്തിന്റെ അവശ്യഘടകമാണ്. ക്രിസ്തീയ ജീവിതം ക്രിസ്തുവിന്റെ ജീവിതത്തിന്റെ അനുകരണമാണ്. നമുക്ക് ജീവനുണ്ടാക്കാൻ വേണ്ടി തന്നെത്തന്നെ മുഴു

വനായി നമുക്ക് നൽകിയ വ്യക്തിയാണ് ക്രിസ്തു. അതുകൊണ്ടാണ് പ്രവർത്തി കൂടാതെയുള്ള ക്രിസ്തീയ വിശ്വാസം നിർജ്ജീവമാണ് എന്ന് വി. ശ്ലീഹാ നമ്മോട് പറയുന്നത്. ഇടവകത്തിരുനാളിന്റെ അവസരത്തിൽ ഇക്കാര്യം നാം പ്രത്യേകം അനുസ്മരിക്കുകയും ആവശ്യമായത് ചെയ്യുകയും വേണം.

പല ഇടവകകളിലും ഈ തലത്തിൽ ധാരാളം ചെയ്യുന്നുണ്ട് എന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്. അതിൽ നിങ്ങളെ അനുമോദിക്കുന്നു. എങ്കിലും അതിൽ ഒരംശം രൂപതയുടെ വിദ്യാഭ്യാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. 2009 ജനുവരി മാസം 25 ന് ഞായറാഴ്ച നിങ്ങൾ കൊടുക്കുന്ന സ്തോത്ര കാഴ്ചകൾ ഇതിനുവേണ്ടി മുൻ വർഷങ്ങളിലേതു പോലെ സ്വീകരിക്കുന്നതാണ് എന്ന് ഓർമ്മപ്പെടുത്തട്ടെ. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി ഇടവകയിൽ അറിയിക്കുകയും തുക സ്വീകരിച്ച് എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം.

നടപ്പുവർഷം വിദ്യാഭ്യാസ നിധിയിലേക്ക് പല സ്രോതസ്സുകളിൽ നിന്നായി 774370 രൂപയാണ് കിട്ടിയത്. അത് (RS 774355) വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുകയും ചെയ്തു. മുൻ വർഷങ്ങളിലേതുപോലെ തന്നെ അടുത്ത വർഷവും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന നിർദ്ധനരും നന്നായി പഠിക്കുന്നവരുമായ 500 കുട്ടികൾക്ക് 1000 രൂപ വച്ച് കൊടുക്കാനാണ് ആഗ്രഹിക്കുന്നത്. അതുപോലെ തന്നെ 60 കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കാനുള്ള ചെലവും. നടപ്പു വർഷത്തിൽ 40 കുട്ടികളാണ് ഈ നിധിയിൽ നിന്നുള്ള സഹായം കൊണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നത്. ഈ സംരംഭത്തിന് ഉദാരമായി സംഭാവന ചെയ്ത നിങ്ങളേയും മറ്റുള്ളവരേയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജനുവരി മാസം 11 ന് ഞായറാഴ്ച സീറോ-മലബാർ മിഷൻ ഞായറായി നാം ആചരിക്കുകയാണ്. എന്തിനാണ് പൊതുവായുള്ളതിന് പുറമേ നമുക്കൊരു മിഷൻ ഞായർ എന്ന് നിങ്ങൾക്ക് തോന്നാം. കത്തോലിക്കാ സഭ പ്രകൃതിയാൽ തന്നെ മിഷനറിയാണ് എന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു.

സഭയിലെ ഓരോ വ്യക്തിഗത സഭയും ഇപ്രകാരം തന്നെ. ഈ വസ്തുത നമ്മെ ഓർമ്മപ്പെടുത്താനും നമ്മുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും സീറോമലബാർ മിഷൻ രൂപതകൾക്ക് കൊടുക്കാനുമാണ് ഈ മിഷൻ ഞായർ. നമുക്ക് ഏൽപ്പിച്ചു തന്നിരിക്കുന്നത് ബൽത്തങ്ങാടി രൂപതയെയാണ്. ജനുവരി 11 ന് കിട്ടുന്ന നിങ്ങളുടെ സംഭാവനകൾ ഈ രൂപതയ്ക്ക് അയച്ചുകൊടുക്കുന്നതാണ്. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിലും പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വിവരം യഥാസമയം പള്ളിയിൽ അറിയിച്ച് വേണ്ടത് ചെയ്യുമല്ലോ. ഏവർക്കും അനുഗ്രഹപ്രദമായ പുതുവത്സരം ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2008 നവംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 ജനുവരി മാസം 4-ാം തീയതി ഞായറാഴ്ച കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ

XIV സിനഡ് (2006)-ന്റെ തീരുമാനപ്രകാരം കാക്കനാട്ടുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സീറോ മലബാർ സഭയുടെ ഒരു പദ്ധതിയാണ് സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ. സീറോ മലബാർ സഭയിലുള്ള എല്ലാ രൂപതകളെയും സന്യാസ സഭകളേയും, ഇടവകകളെയും, സ്ഥാപനങ്ങളെയും, സംഘടനകളെയും ഇന്റർനെറ്റ് വഴി ബന്ധിപ്പിച്ചുകൊണ്ട് സഭയ്ക്കും, സ്ഥാപനങ്ങൾക്കും, വിശ്വാസികൾക്കും ഇന്റർനെറ്റ് വഴി ഉപയോഗ്യമായ സൗകര്യങ്ങളും, സേവനങ്ങളും വിവരങ്ങളും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സീറോ മലബാർ സഭയിലുള്ള എല്ലാ ഇടവകകളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്ന മാര്യേജ് ബ്യൂറോ, വിശ്വാസികൾക്ക് തമ്മിൽ ബന്ധപ്പെടുവാനുള്ള പാരിഷ് മെസേജിംഗ് സിസ്റ്റം, ഒരു പാരീഷിൽനിന്നും മറ്റൊരു പാരീഷുമായി ബന്ധപ്പെടുവാനുപകരിക്കുന്ന കമ്യൂണിക്കേഷൻ ചാനൽ തുടങ്ങിയ സൗകര്യങ്ങൾ ഈ പ്രോജക്ടിന്റെ ഭാഗമായി രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സാധാരണ ആളുകൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം, കാര്യങ്ങൾ വിദഗ്ദരുമായി ചർച്ച ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, പബ്ലിക്ക് ഗൈഡ്ലൈൻ സർവ്വീസുകൾ, ഇന്റർനെറ്റ് കൗൺസലിംഗ്, പ്രയർ റൂം, വേദപഠനത്തിന് അധ്യാപകർക്കുള്ള പരിശീലനക്ലാസ്സുകൾ, വിദ്യാർത്ഥികൾക്കു വേണ്ട പ്രസന്റേഷൻ ക്ലാസ്സുകൾ, ഓൺലൈൻ ചാരിറ്റി തുടങ്ങി സീറോ മലബാർ കമ്യൂണിറ്റിക്ക് ഉപയോഗപ്രദമായ ധാരാളം സംവിധാനങ്ങൾ ഈ പ്രോജക്ട് വഴി ഒരുക്കുന്നു. അതുകൂടാതെ സഭാതലത്തിൽ ഉണ്ടാകേണ്ടതായിട്ടുള്ള ഇന്റർനെറ്റ് അടിസ്ഥാന

മാക്കിയുള്ള കമ്യൂണിക്കേഷൻ സംവിധാനങ്ങളും രൂപപ്പെടുത്തുന്നു. സഭയുടേതായ ഒരു പോർട്ടൽ വെബ്സൈറ്റുവഴി ധാരാളം വിവരങ്ങളും വാർത്തകളും ഇടവകയുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് മനസ്സിലാക്കാനുമുള്ള സൗകര്യങ്ങളും ഇതിൽ ഉണ്ടായിരിക്കുന്നതാണ്. സഭയ്ക്ക് മൊത്തമായി ആരംഭിച്ചിരിക്കുന്ന ഈ പ്രോജക്ടിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അതിന്റെ പ്രവർത്തകർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വന്ന് വിശദീകരിക്കുന്നതാണ്.

ഈ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഒരു ഗവേണിംഗ് ബോഡിയാൽ നിയന്ത്രിക്കപ്പെടുന്നു. മാർ ഗ്രിഗറി കരോട്ടംമ്പ്രയിൽ ഈ പ്രോജക്ടിന്റെ ചെയർമാനും മാർ ജോസ് പൊരുന്നേടം വൈസ് ചെയർമാനും ആകുന്നു. ഫാ. ആന്റണി കൊള്ളന്നൂർ എക്സിക്യൂട്ടീവ് ഡയറക്ടറും, ഫാ. മാത്യു ഇളപ്പാനിയ്ക്കൽ, ഫാ. പോളി കണ്ണൂക്കാടൻ, ഫാ.ജോബി കൂട്ടുങ്കൽ എന്നിവർ ഗവേണിംഗ് ബോഡി അംഗങ്ങളുമാകുന്നു. ശ്രീ. പയസ്ജോസഫ് അരീക്കാട്ടിനെ പ്രോജക്ടിന്റെ മാനേജരായി ഇതിന്റെ നടത്തിപ്പിനായി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽനിന്നും നിയമിച്ചിരിക്കുന്നു.

ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഈ വെബ്സൈറ്റിൽ അവരുടേതായ ഒരു സ്ഥലം (വെബ്പേജ്) ഉണ്ടാക്കണമെന്ന് താൽപര്യപ്പെടുന്നു. ഇടവകയെയും, സ്ഥാപനങ്ങളെയും കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളും, പ്രവർത്തനവിവരങ്ങളും കൂടാതെ ആവശ്യമായുള്ള പല സൗകര്യങ്ങളും ഈ പേജിൽനിന്നുമായിരിക്കും നൽകപ്പെടുന്നത്. കൂടാതെ ഓരോ ഇടവകയിൽനിന്നും ഒരു വോളന്റിയറെ കണ്ടെത്തി അവർക്കുവേണ്ട പരിശീലനങ്ങളും നൽകി ഈ പദ്ധതിയുടെ നടത്തിപ്പിനായി നിയമിക്കുവാനും ഉദ്ദേശമുണ്ട്. എല്ലാ ഇടവക വികാരിമാരും സ്ഥാപനമാനേജർമാരും സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ എന്ന ഈ പദ്ധതിയുമായി സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. ഇതിന്റെ സേവനതുകയായി സാധാ

രണ്ട പാരീഷുകൾക്ക് 2500 മുതൽ 3000 രൂപ വരെയും, കത്തീഡ്രൽ, ഫൊറോന പള്ളികൾക്ക് 3000 മുതൽ 5000 വരെയുമായി പ്രോജക്ടിൽ നിന്നും നിശ്ചയിച്ചിരിക്കുന്നു. വെബ്സൈറ്റിന് ആവശ്യമായ വിവരങ്ങൾ എത്രയും വേഗത്തിൽ അയച്ചുകൊടുത്ത് ഈ പദ്ധതിയിൽ പങ്കാളികളായി എല്ലാവരും അതിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് താൽപര്യപ്പെടുന്നു.

ഈ പദ്ധതിയുടെ മാനന്തവാടി രൂപതാ കോർഡിനേറ്ററായി ഫാ. പോൾ ഇടയക്കൊണ്ടാട്ടിനെ നിയമിച്ചിരിക്കുന്നു. എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ അച്ചനുമായി ബന്ധപ്പെടാവുന്നതാണ്. Contact : Bishop's House, Mananthavady, 670 645, Tel: 04935 240735, 240745, Mob: 9495669426. കൂടുതൽ വിവരങ്ങൾക്കായി പ്രോജക്ട് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക.

**The Syro-Malabar Church Internet Mission**
The Syro-Malabar Major Archiepiscopal Curia,
Mount St. Thomas, P. B. No. 3110, Kakkanad P. O.
Kochi - 682 030, India, Phone : 0-9495506505, 0484 - 2424780.

## DALIT LIBERATION SUNDAY :
## 7th DECEMBER 2008

### ".....Seek justice, rescue the oppressed....."
### (Isaiah 1:17)

Your Eminence / Grace / Excellency / Rev. Father / Sister / Brother

Prayerful Greetings from CBCI Commission for SC/ST/BC !

The national Co-ordination Committee for Dalit Christian Rights (NCCDC), the joint programme of the Catholic Bishops Conference of India (CBCI) and the national Council of Churches in India (NCCI) in empowering the local congregations for Dalit Liberation has proposed to celebrate Dalit Liberation Sunday on the 7th December 2008 all across the churches in India. Since 10th December happens to be the International Human Rights Day (IHRD), commemorating the importance of it, and to affirm that Dalit rights are Human rights, 7th December which is the Sunday preceding to the IHRD has been chosen to celebrate Dalit Liberation Sunday.

**Context**

In the context of the recent inhuman violence and attacks on Dalit Christians in Orissa and elsewhere and in the context of the delay in ensuring justice for Dalit Christians by the Central Government, it has been reiterated that Dalit Liberation Sunday be celebrated all across India to sensitise the local congregations about the rights of Dalits, and to call on the congregations to rise up to the occasion and strive for the justice, dignity and equality of Dalits.

The recent violence on Dalit *Pano* Christians in Orissa had been one of the most gruesome attacks on Dalits in recent past,

which led to the death of nearly 50 people and making several thousands displaced besides leaving their property burnt and destroyed. Dalit *Pano* Christian's in Orissa are 'demonised' by the communal forces and they had to bear the brunt of casteism and communalism from both ends, and had to be trampled under the cruel inhuman attitude of the religious fundamentalism. Dalit Christians are attacked because they happen to be Dalits, which is oppression in the name of caste. Dalit Christians are attacked because they happen to be Christians, which is discrimination in the name of religion. More over the violence on Dalit Christians is a sheer witness of the violation of their human rights, for freedom in all fronts has been curtailed.

On the other hand, there has been a conscious delay in ensuring justice to Dalit Christians by the Central Government in granting Scheduled Caste status. Despite the recommendations of the government sponsored Justice Ranganath Misra's Commission, which pronounced to delink religion from granting Scheduled Caste status, the government is delaying to act on it. Justice delayed is justice deneied, and the Dalit Christians have been waiting for justice for the last sixty years. This reflects the denial of the Constitutional rights for Dalit Christians.

In this context, the Churches in India are called to pray for the rights of Dalits on the 7th December 2008 to sensitise people and seek God's blessings on Dalits in India.

**Objectives**

* To sensitise the local congregations stand solidly with Dalits in overcoming violence on them.
* To call on the local congregations to pressurise the Central Government on India in ensuring justice to Dalit Christians without any further delay.
* To make the local congregations re-visit mission and proclamation in the light of the indigenous cultures.
* To take serious note of all forms of discriminatory practices of Caste across India and initiate uncompromising actions to eradicate such practices within Christian community.

**Proposed Theme**

Oppression has been so subtle & aggressive and has aggravated the lives of the Dalits in recent times. In such a context the prophecy of Isaiah 1:17, comes as challengingly relevent for the congregations to act justly. So the proposed theme for Dalit liberation Sunday is **".... seek justice, rescue the oppressed..." (Isaiah 1:17).**

We request you to observe Dalit Liberation Sunday in your local constituents in a creative way and rededicate your commitment to the Gospel by accompanying the unaccompanied. May all our endeavours for the liberation of Dalits and Adivasis be accomplished. "Let justice roll down like waters And righteousness like an ever-flowing stream". (quote)

Thanking you for your cooperation
Yours Sincerely in Christ,

(Bishop Charles Soreng)
Chairperson
CBCI Commission for SC/ST/BC

# രൂപതാകച്ചേരി വാർത്തകൾ

**സ്വാഗതം**

റോമിലെ പൊന്തിഫിക്കൽ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് പൂർത്തിയാക്കി രൂപതയിൽ സേവനത്തിനുവേണ്ടി തിരിച്ചെത്തിയിരിക്കുന്ന ബഹു. സോണി വാഴകാട്ടച്ചന് ഹാർദ്ദവമായ സ്വാഗതം. ഉന്നതവിജയം നേടിയ അച്ചന് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ!

**അഭിനന്ദനങ്ങൾ**

ഈ വർഷവും മിഷൻലീഗിന്റെ സംസ്ഥാന കലാമത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നത് നമ്മുടെ രൂപതയാണ്. തുർച്ചയായി 6-ാം തവണയാണ് നമ്മുടെ രൂപത ഈ നേട്ടം കൈവരിക്കുന്നത്. ഈ വലിയ നേട്ടത്തിനുപിന്നിൽ പ്രവർത്തിച്ച മിഷൻലീഗിന്റെ രൂപതാ ഡയറക്ടർ ബഹു. ടോമി പുത്തൻപുര അച്ചനെയും അച്ചനോടൊപ്പം പ്രവർത്തിച്ച ഇതരഭാരവാഹികളേയും സഹായസഹകരണങ്ങൾ അർപ്പിച്ച ഓരോ വ്യക്തിയേയും എല്ലാറ്റിനുമുപരിയായി വിജയം നേടിയ മിഷൻലീഗ് അംഗങ്ങളെയും അവരെ പ്രോത്സാഹിപ്പിച്ചയച്ച ബഹു. വൈദികർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ, അധ്യാപകർ എന്നിവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

**രൂപതയുടെ പുതിയ വെബ്സൈറ്റ്**

മാനന്തവാടി രൂപതയുടെ പുതിയ വെബ്സൈറ്റ് www.mananthavadydiocese.org എന്ന വിലാസത്തിൽ ലഭ്യമാണ്. പുതിയ സൈറ്റിൽ തെറ്റുകൾ ഉണ്ടെങ്കിൽ ഫാ.പോൾ ഇടയക്കൊണ്ടാട്ടിനെ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. വെബ്സൈ

റ്റിൽ അതാതു മാസത്തെ രൂപതാ ബുള്ളറ്റിന്റെ കോപ്പി വായിക്കാവുന്നതാണ്.

## Change of Telephone Number

Chokkad Holy Family Church : 04931 - 212499

### വൈദിക സെനറ്റ്

മാനന്തവാടി രൂപതയിലെ വൈദിക സെനറ്റിന്റെ (Presbyteral Council) ഒരു യോഗം 2008 ഡിസംബർ 16-ന് രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുവഴി അറിയിക്കുന്നതാണ്.

## Parish Software

ഇടവകകളിലെ അഡ്മിനിസ്ട്രേഷന് ഉപകാരപ്രദമായ ഒരു Computer Software Programme കഴിഞ്ഞവർഷം വൈദിക സമ്മേളനത്തിൽ പ്രദർശിപ്പിച്ചത് ഓർക്കുന്നുണ്ടാകുമല്ലോ. ആ Programme ന്റെ demonstration ബിഷപ്സ് ഹൗസിൽ ലഭ്യമാണ്. താൽപര്യമുള്ളവർ ചാൻസലറച്ചനുമായി ബന്ധപ്പെടുക. കൂടുതൽ ഓർഡറുകൾ ഉണ്ടെങ്കിൽ അതനുസരിച്ച് Software install ചെയ്യാനുള്ള ചിലവ് കുറയുന്നതായിരിക്കും.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

### രൂപതാകച്ചേരി അവധി

2008 ഡിസംബർ 21 മുതൽ 28 വരെ രൂപതാ കച്ചേരിക്കും, രൂപതാ ഓഫീസിനും അവധിയായിരിക്കും.

**ചാൻസലർ**

## ദൈവവചനവർഷം - 2008

"ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്" (യോഹ. 6:63) ആത്മാവും ജീവനുമായ ദൈവവചനം ഒരു സമൂഹത്തിന്റെ മുഴുവൻ കെടാവിളക്കായി മാറിയ വചനവർഷത്തിന്റെ സമാപനമായി. കൂടെ വസിച്ച്, വഴികാട്ടിയായി, ഹൃദയത്തെ ജ്വലിപ്പിച്ച്, വിശ്വാസ തീഷ്ണതയുടെ അൾത്താരയിലേക്ക് വഴി നടത്തിയ വചനവർഷം... ജീവിതത്തിന്റെ വഴിത്താരകളിൽ ആശ്വാസത്തിന്റെ, ഉപദേശത്തിന്റെ, ശാസനത്തിന്റെ തെറ്റ് തിരുത്തലിന്റെ വചനപാഠങ്ങൾ നൽകി 100, 60, 30 മേനി ഫലം പുറപ്പെടുവിക്കാൻ ഹൃദയവയലുകളെ പാകപ്പെടുത്തിയ വചനദർശനങ്ങൾക്ക് - ഉൾക്കാഴ്ചകൾക്ക് ദൈവതിരുമുമ്പിൽ കരങ്ങൾ കൂപ്പി നന്ദിപറയാം. വചനം ശ്രവിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യന് തുല്യം. (മത്താ. 7:24)

ഡിസംബർ !!! വചനം മാംസം ധരിച്ച പുണ്യ ഓർമ്മകളുടെ ആരവം.. സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങി... അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി എന്ന് ഏറ്റുപാടിയ മാലാഖവൃന്ദങ്ങളുടെ കൂടെ മനുഷ്യൻ ദൈവത്തിന്റെ മഹത്വം ദർശിച്ചു... ബത്ലഹേമിലെ കാലിത്തൊഴുത്തിൽ ! ദൈവം ലോകത്തെ ഇത്രമാത്രം സ്നേഹിച്ചതിന്റെ സദ്‌വാർത്ത... അതെ... ഈ സ്നേഹത്തെ ഹൃദയത്തിൽ ഏറ്റ് വാങ്ങുന്നവർക്കാണ് ഭൂമിയിൽ സമാധാനം.

**വചനോത്സവ് - മാനന്തവാടി മേഖല-നവംബർ 2**

വചനവർഷം വചനത്തിൽ കൂടുതൽ ആഴപ്പെടുവാൻ, വചനവീഥിയിലൂടെ, ചിന്തകളിലൂടെ, ആത്മീയതയുടെ ഉണർവ്വ് ലഭിക്കുവാൻ ഫൊറോനയിലെ വിവിധ ഇടവകൾ പരിശ്രമിച്ചു. വേണ്ട

ക്രമീകരണങ്ങൾ ഒരുക്കി ദൈവജനത്തെ വചനാധിഷ്ഠിത ജീവിത ശൈലിയിലേക്ക് നയിച്ച വികാരിയച്ചന്മാർക്കും, ദൈവജനത്തിനും നന്ദി. ആലാറ്റിൽ, ഏലപ്പീടിക, പാറത്തോട്ടം, പേരിയ, പുതിയിടം, തലപ്പുഴ എന്നീ ഇടവകകളിൽ ടീം അംഗങ്ങളായ - മോൺ. ജോർജ് മൂലയിൽ, ഫാ. ജോബി പയ്യംമ്പള്ളി, ഫാ. ജെയ്സൻ, ഫാ. ജോസ് കാനാട്ട്, ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. സണ്ണി കൊല്ലാർ തോട്ടം, ശ്രീ. ചാക്കോച്ചൻ പുത്തൻപുര, ജോണി കുന്നുംപുറം, കുര്യൻ തോലംമാക്കൽ, ജോൺസൺ ചിറായിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സഹകരിച്ച ടീമംഗങ്ങൾക്ക് പ്രത്യേകമായ നന്ദി.

**നവംബർ 9 - വചനോത്സവ് - പയ്യമ്പള്ളി മേഖല**

ആറാട്ടുതറ, മാർട്ടിൻനഗർ, പടമല, ത്രിശിലേരി, പയ്യമ്പള്ളി എന്നീ ഇടവകകളിൽ ഫാ. ജയ്സൻ തുണ്ടത്തിൽ, ഫാ. തോമസ് കച്ചിറയിൽ, ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. കുര്യൻ തോലംമാക്കൽ, ചാക്കോച്ചൻ പുത്തൻപുര, ഫ്രാൻസീസ് മാടപ്പള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വചനോത്സവ് വിജയിപ്പിച്ച വികാരിയച്ചന്മാർക്കും ദൈവജനത്തിനും നന്ദി.

**നവംബർ 16 - മണിമൂളി മേഖല**

മണിമൂളി, മുണ്ടേരി, ഞാറപ്പാടം, പാലാങ്കര, പാലേമാട്, മരുത എന്നീ ഇടവകകളിൽ ബഹു. മോൺ. ജോർജ് മൂലയിൽ, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. രാജേഷ് സി. എം. ഐ., ഫാ. ജോസഫ് കാനാട്ട്, ഫാ. ജോബി പയ്യംമ്പള്ളി, ഫാ. ബാബു കക്കാട്ടിക്കാലായിൽ, ശ്രീ. ചാക്കോച്ചൻ പുത്തൻപുര, ജോണി കുന്നുംപുറം, കുര്യൻ തോലംമാക്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ടീം അംഗങ്ങൾക്ക് താമസവും ഭക്ഷണവും ഒരുക്കി സഹകരിച്ച റീജിയണൽ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. തോമസ് മംഗലത്തിനും, സഹവികാരി ജനറാൾ ബഹു. ജോസ് തേക്കനാടി അച്ചനും എല്ലാ വികാരിയച്ചന്മാർക്കും ദൈവജനത്തിനും നന്ദി അറിയിക്കട്ടെ.

**വചനം 2008 - മാനന്തവാടി രൂപതാ ബൈബിൾ കൺവെൻഷൻ**

വചനവർഷത്തിലെ വിവിധ കർമ്മപദ്ധതികൾ വളരെ ഭംഗി

യായി നടക്കുന്നുവല്ലോ. ഇടവകയിൽ ദൈവജനത്തിനുവേണ്ടി അച്ചൻ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. വചനവർഷത്തിന്റെ സമാപനം ആകാറായല്ലോ. ഡിസംബർ മാസത്തിൽ രൂപതാടിസ്ഥാനത്തിൽ വചനവർഷ സമിതിയുടെ നേതൃത്വത്തിൽ **'വചനം – 2008'** എന്ന പേരിൽ രൂപതാ ബൈബിൾ കൺവെൻഷൻ **2008 ഡിസംബർ 4, 5, 6** തീയതികളിൽ ദ്വാരകയിൽ ഒരുക്കിയിരിക്കുന്നു. അച്ചനെയും സിസ്റ്റേഴ്സിനെയും ഇടവകാ സമൂഹത്തേയും ഏറെ സ്നേഹപൂർവ്വം ഈ വചനവിരുന്നിലേയ്ക്ക് ക്ഷണിക്കുന്നു. മുൻകൂട്ടി ദേവാലയത്തിൽ അറിയിച്ച് ബഹു. വികാരിയച്ചന്റെയും, കൈക്കാരൻമാർ, കമ്മിറ്റിക്കാർ, എന്നിവരുടെയും നേതൃത്വത്തിൽ വാർഡനുസരിച്ച് വാഹനങ്ങളിലായി ആളുകളെ കൂട്ടി വരുമല്ലോ... ദൈവജനം മുഴുവൻ വചനത്താൽ ജ്വലിക്കുന്നവരാകുവാൻ – വചനാധിഷ്ഠിത ജീവിതശൈലി രൂപപ്പെടുത്തുവാൻ ഈ വചന കൺവെൻഷൻ ഇടയാക്കട്ടെ...

**ചില നിർദ്ദേശങ്ങൾ**

1. നോട്ടീസ് ബോർഡിൽ നോട്ടീസ് പതിപ്പിക്കുക... വിവരങ്ങൾ ഇടവകാ സമൂഹത്തെ മുൻകൂട്ടി അറിയിച്ച് ധ്യാനത്തിനായി ഒരുക്കുക.
2. ഇടവകയുടെ പേരിൽ 'വചനം–2008' എന്ന കൺവെൻഷൻ ബാനർ പള്ളിയുടെ മുമ്പിൽ സ്ഥാപിക്കുക. (മാതൃക നവംബറിലെ ബുള്ളറ്റിനിലുണ്ട് )
3. ഒരു വാർഡിൽ നിന്ന് ഒരു വണ്ടി ആൾ എന്ന ക്രമപ്രകാരം വാർഡ്തലത്തിൽ ആളുകളെ ധ്യാനത്തിനായി സജ്ജീകരിക്കുക.
4. കഴിവതും 3 ദിവസവും കൺവെൻഷനിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക.
5. കുമ്പസാരം, കൈവയ്പ്പ് പ്രാർത്ഥന എന്നിവയ്ക്ക് സൗകര്യമുണ്ടായിരിക്കും.
6. കൺവെൻഷൻ ദിനങ്ങളിൽ വരുന്നവർക്ക് ഒരു നിശ്ചിത തുകയ്ക്ക് (Rs. 50/-) ബൈബിൾ വാങ്ങാവുന്നതാണ്.

7. ലഘുഭക്ഷണം എല്ലാവർക്കും നൽകുന്നതാണ്.
8. തിരികെ വിവിധ ഭാഗങ്ങളിലേയ്ക്ക് ബസ് സൗകര്യം ഉണ്ടായിരിക്കും.
9. കൺവെൻഷൻ ദിനങ്ങളിൽ ബഹു. അച്ചന്മാർ കുമ്പസാരത്തിന് സഹായിക്കുമല്ലോ.
10. വാഹനങ്ങൾ സിയോൻ ഗ്രൗണ്ടിലും, ദ്വാരക സ്കൂൾ ഗ്രൗണ്ടിലും പാർക്ക് ചെയ്യാവുന്നതാണ്.
11. ഈ നിർദ്ദേശങ്ങളും വിവരങ്ങളും മുൻകൂട്ടി അറിയിച്ച്, **വചനം – 2008** കൺവെൻഷൻ വിജയമാക്കാൻ അച്ചന്റെ വിലയേറിയ സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

**വചനവർഷ സമാപനം**

2008 ഡിസംബർ 25 ക്രിസ്തുമസ് ദിനത്തിൽ മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിൽ നന്ദിയുടെ ബലിയർപ്പിച്ച് അഭിവന്ദ്യ പിതാവ്, രൂപതാതലത്തിലുള്ള സമാപനം ഔദ്യോഗികമായി നിർവ്വഹിക്കുന്നതാണ്. അന്നേദിവസം ഇടവകകളിലും സ്ഥാപനങ്ങളിലും വിവിധ കർമ്മങ്ങളോടെ സമാപനം നടത്തേണ്ടതാണ്.

**ഫാ. സണ്ണി കൊല്ലാർതോട്ടം**
വചനവർഷസമിതി കൺവീനർ



## മതബോധനരംഗം

**ക്രിസ്തുമസ് ആശംസകൾ**

ഹൃദയം നിറയെ അസ്വസ്ഥത നിറയുമ്പോഴും ജീവിതചുറ്റുപാടുകളിൽ അശാന്തി ആളിപ്പടരുമ്പോഴും നമ്മുടെ ആശ്രയം ദൈവത്തിലാണെന്ന ഉറച്ച ബോധ്യമാണ് ഓരോ ക്രിസ്തുമസ് ആഘോഷവും നമുക്ക് നൽകുന്നത്. സന്തോഷവും സമാധാനവും ശാശ്വതമായി നൽകുന്നത് ദൈവമാണ് എന്ന ബോധ്യത്തിലേയ്ക്ക് നാം കടന്നുവരുമ്പോൾ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ അർത്ഥപൂർണ്ണമാകും. ലോകത്തിന് മുഴുവൻ സന്തോഷവും സമാധാനവും പകരുന്ന യേശുവിന്റെ തിരുപ്പിറവിയുടെ ആഘോഷങ്ങളിൽ ആരെയും മാറ്റി നിർത്താതെ ക്രിസ്തുമസ്സിന്റെ യഥാർത്ഥ ചൈതന്യം നമുക്ക് ഉൾക്കൊള്ളാം.

**അർദ്ധവാർഷിക പരീക്ഷ**

2008-09 വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഡിസംബർ 7-ാം തീയതിയാണ് എന്ന കാര്യം ഓർക്കുമല്ലോ. പരിശീലന രംഗത്ത് കുട്ടികളെ യഥോചിതം ഒരുക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**ചോദ്യപേപ്പറുകൾ**

ഡിസംബർ 5-ന് രാവിലെ 10.00 മണി മുതൽ 5.00 മണിവരെ രൂപതാ മതബോധന ഓഫീസിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കു സ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

**പ്രധാനാധ്യാപകരുടെയും ബഹു. വികാരിയച്ചന്മാരുടെയും സമ്മേളനം**

സാധാരണ ജനുവരി 26-ന് നടത്തിയിരുന്ന HM, PP സമ്മേളനം ഈ വർഷം മുതൽ ജനുവരി 2-ാം ശനിയാഴ്ചയാണ് നടത്തുന്നത്. അതനുസരിച്ച് ഈ വർഷം 10-ാം തീയതിയാണ് നടത്തുന്നത് എന്ന കാര്യം അറിയാമല്ലോ. പ്രധാനാധ്യാപകർ, പകരക്കാരെ പറഞ്ഞയക്കാതെ, സമ്മേളനത്തിൽ എത്തിച്ചേരണം. രാവിലെ 10.00 ന് ആരംഭിക്കും. വരുമ്പോൾ ഈ വർഷത്തെ പരീക്ഷാ ചോദ്യപേപ്പറിന്റെ വില (മൂന്നു പരീക്ഷയുടേയും), Diploma, Scholorship, Registration Forms .... എന്നിവ കൃത്യമായി ഓഫീസിൽ ഏൽപ്പിക്കണം. XI, XII ക്ലാസുകളില കുട്ടികളുടെ പരീക്ഷാ ഹാൾ ടിക്കറ്റ് അന്ന് കൈപ്പറ്റണം.

**ഡിപ്ലോമ, സ്കോളർഷിപ്പ് രജിസ്ട്രേഷൻ ഫോറം**

രൂപതയിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ ഇംഗ്ലീഷ്, വലിയ അക്ഷരത്തിൽ കുട്ടികളുടെ വിശദവിവരങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിക്കുവാൻ ശ്രദ്ധിക്കണം. എഴുതിയ ഫോറത്തിന്റെ ഒരു ഫോട്ടോകോപ്പി കൂടി തരണമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഇടവകയിൽ പ്രസ്തുത ക്ലാസുകളിൽ പാദവാർഷിക അർധവാർഷിക പരീക്ഷകൾക്ക് 70% ൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച രണ്ടു കുട്ടികളുടെ പേര് മാത്രമേ നൽകാവൂ. (ഡിവിഷൻ കൂടുതലുണ്ടെങ്കിൽ മാത്രം രണ്ട് കുട്ടികളെക്കൂടി പങ്കെടുപ്പിക്കാം). കൂടുതൽ കുട്ടികളുടെ പേര് എഴുതിയാൽ ആദ്യത്തെ രണ്ട് പേരുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**XI, XII - HCC പരീക്ഷ**

ഫെബ്രുവരിയിൽ നടക്കുന്ന XI, XII ക്ലാസുകളിലെ പരീക്ഷയിൽ പങ്കെടുക്കുന്നതിന് കുറഞ്ഞത് 75% ഹാജർ ഉണ്ടായിരിക്കണമെന്ന കാര്യം പ്രത്യേകം അറിയിക്കുന്നു. XI, XII ക്ലാസുകളും ക്രിസ്തീയ ജീവിത പരിശീലന വേദിയാണ് എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

**ആദ്യകുർബാന പരിശീലകർക്ക് പരിശീലനം**

ഫെബ്രുവരി 27, 28 ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്റ

റിൽ പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുന്നവർ പരിശീലനം നേടാൻ ശ്രദ്ധിക്കുക. മുൻകൂട്ടി പേരുതരുന്നവർക്ക് മാത്രമേ പ്രവേശനം ലഭിക്കു.

**HDC കോൺടാക്ട് ക്ലാസ്**

മണിമൂളി റീജനിലെ HDC Contact Class (Ist years) ഡിസംബർ 20-ാം തീയതിയായിരിക്കും. രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണിവരെ, പാസ്റ്ററൽ സെന്ററിൽ.

**HDC കോൺടാക്ട് ക്ലാസ്**

DCC കോഴ്സ് ചെയ്യുന്ന രണ്ട് ബാച്ച്കാരുടെയും കോൺടാക്ട് ക്ലാസ് ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 27-ശനിയാഴ്ച ഉണ്ടായിരിക്കും. പഠിതാക്കൾ ശ്രദ്ദിക്കുമല്ലോ. രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെയായിരിക്കും ക്ലാസ്.

**MIRACLE**

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി രൂപതാമതബോധന കേന്ദ്രം കുട്ടികൾക്കായി ഒരുക്കുന്ന MIRACLE അമരക്കുനി, വാകേരി, മുതിരേരി ഇടവകകളിൽ സംഘടിപ്പിച്ചു. MIRACLE അതിമനോഹരമാക്കുന്ന തിരുഹൃദയസഭയിലെ പ്രിയ സഹോദരിമാർക്കും, ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും നന്ദി.

**മാതാപിതാക്കൾക്ക് സെമിനാർ**

ഇടിവണ്ണ ഇടവകയിലെ മാതാപിതാക്കൾക്ക് ഡയറക്ടറച്ചനും തോമസ് ഏറണാട്ട് സാറും സെമിനാർ നയിച്ചു.

**അധ്യാപകർക്ക് പരിശീലനം**

വാകേരി, അമരക്കുനി, ഇടിവണ്ണ, മുതിരേരി ഇടവകകളിലെ അധ്യാപകർക്ക് വിശ്വാസപരിശീലന സംബന്ധമായ ക്ലാസുകൾ സംഘടിപ്പിച്ചു. ക്ലാസിന് സഹായിച്ച ശ്രീ. വർക്കി നിരപ്പേലിന് നന്ദി.

**നന്ദിയോടെ**

ഒക്ടോബർ 26, 27 ദിവസങ്ങളിൽ നടന്ന അധ്യാപക കൺവെൻഷൻ ഭംഗിയാക്കുവാൻ സഹായിച്ച എല്ലാവരെയും ഹൃദയം നിറഞ്ഞ നന്ദിയോടെ അനുസ്മരിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഫൊറോനാ ഡയറക്ടർമാർ, പ്രധാനാധ്യാപകർ, മറ്റ്

അധ്യാപകർ, ക്ലാസുകൾ നയിച്ച ബഹു. എടാട്ട് ടോമി അച്ചൻ, ബഹു. പാംബ്ലാനി ജോസഫച്ചൻ, ബഹു. വികാരി ജനറാൾ മൂലയിൽ ജോർജ്ജച്ചൻ, ബഹു. കൊച്ചുറാണി ടീച്ചർ, ആശംസകളുമായി വന്ന ബഹു. ഞരളക്കാട്ട ജോർജ്ജച്ചൻ, ബഹു. തേക്കനാടി ജോസച്ചൻ, സഹായമായി എപ്പോഴും കൂടെയുള്ള പാസ്റ്ററൽ സെന്ററിലെ പ്രിയപ്പെട്ട അച്ചന്മാർ, കാര്യക്ഷമമായി പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങൾ... എല്ലാറ്റിനും ഉപരിയായി പ്രോത്സാഹനവും നേതൃത്വവും നൽകുന്ന അഭിവന്ദ്യ പിതാവ് ... എല്ലാവരേയും ഒത്തിരിയേറെ നന്ദിയോടെ അനുസ്മരിക്കുന്നു. തങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് മനോഹരമാക്കിയ ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി പറയുന്നു. കൺവെൻഷനിൽ എത്തിച്ചേർന്ന് ഫലമെടുത്ത എല്ലാ അധ്യാപകർക്കും നന്ദി. പങ്കെടുക്കാൻ സാധിക്കാതെ പോയവർക്ക് ഇത് നിങ്ങളുടെ വിശ്വാസ ജീവിത പരിശീലനത്തിലെ ഒരു വലിയ നഷ്ടമായി അവശേഷിപ്പിക്കുന്നു എന്ന് ഓർക്കുക.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

മണ്ണും വിണ്ണും ഒരുപോലെ സന്തോഷിക്കുന്ന സുന്ദര സുദിനങ്ങൾ. ക്രിസ്തുമസ്സ് ദിനങ്ങൾ വന്നണയുകയായി. ആരാധനാക്രമവത്സരത്തിലെ ഏറ്റവും മനോഹരമായ ദിനങ്ങൾ. വിണ്ണിലെ നക്ഷത്രം മണ്ണിലേക്കിറങ്ങിവന്ന് സമാധാനത്തിന്റെ പൊൻപ്രഭ വിതറിയ വിശുദ്ധരാവ്. പാപത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ... അസമാധാനത്തിന്റെ, അസമത്വത്തിന്റെ കെട്ടുപാടുകൾ നിഷ്പ്രഭമാക്കിയ പുണ്യതേജസിന്റെ മനുഷ്യാവതാരം കൊണ്ട് ധന്യമാക്കിയ ഡിസംബർമാസം. ഓരോ കുഞ്ഞുപൈതലും ജീവിതസുകൃതങ്ങൾകൊണ്ട് പുൽക്കൂടൊരുക്കി ദിവ്യപൈതലിനെ സ്വീകരിക്കുന്ന പുണ്യമാസം. നമുക്കു കർമ്മനിരതരാകാം. സുകൃതജപങ്ങളും കാരുണ്യപ്രവർത്തികളുംകൊണ്ട് നമ്മെത്തന്നെ ഒരുക്കാം. ദിവ്യരക്ഷകൻ നമ്മുടെ ഹൃദയത്തിൽ ജന്മമെടുക്കട്ടെ. ദൈവസ്നേഹം കൊണ്ട് നിറഞ്ഞവരായി മാറട്ടെ നാം.

ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) അനുഭവം സ്വന്തമാക്കാം നമുക്ക്. “ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരു നിൽക്കും” എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സെന്റ് പോൾ വർഷത്തിൽ നമുക്ക് ശക്തി പകരട്ടെ. ദൈവം നമ്മിൽ വസിക്കുന്ന, കൂടെ വന്ന് കൈപിടിച്ച് നമ്മെ നടത്തുന്ന അനുഭവം സ്വന്തമാക്കിയാൽ പിന്നെ എല്ലാം എളുപ്പമാകും. ഈ വചനവർഷത്തിൽ വചനം മാംസമായി ജനിച്ചവൻ നമ്മുടെ ഹൃദയത്തിൽ വന്ന് പിറക്കാൻ ഇടമൊരുക്കാം. സത്രം എന്നും അപരിചിതത്വത്തിന്റെ പ്രതീകമാണ്. ഉണ്ണി പിറക്കേണ്ടത് അപരിചിതത്വത്തിന്റെ സത്രങ്ങളിലല്ല. നൈർമ്മല്യത്തിന്റെ, കലർപ്പില്ലായ്മയുടെ സ്വാഭാവികതയുടെ പുൽക്കൂടുകളിലാണ്. ആ

പുൽക്കൂട് നമ്മുടെ ഓരോരുത്തരുടെയും ഹൃദയതാളങ്ങളാകട്ടെ യെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## സംസ്ഥാനകലോത്സവം: വീണ്ടും മാനന്തവാടി രൂപത തുടർച്ചയായ 6-ാം വിജയം

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ കലാ-സാഹിത്യ മത്സരങ്ങളിൽ മാനന്തവാടി രൂപത ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. ഇടുക്കി രൂപതയിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ നടന്ന കലാമത്സരം മിഷൻലീഗ് സംസ്ഥാന രക്ഷാധികാരി ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി, ഇടുക്കി രൂപതകൾ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി.

സാഹിത്യ കലാമത്സരങ്ങളിൽ പരിശീലനം നൽകി അംഗങ്ങളെ പങ്കെടുപ്പിച്ച, പ്രോത്സാഹിപ്പിച്ച, ശാഖാ-മേഖല ഭാരവാഹികൾ, മാതാപിതാക്കൾ എന്നിവർക്ക് മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു.

### അഭിനന്ദനങ്ങൾ

സംസ്ഥാന കലാമത്സരത്തിൽ രൂപതയുടെ വിജയത്തിനായി അണിനിരന്ന കലാപ്രതിഭകൾക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ... ആശംസകൾ.

### എയ്ഞ്ചൽ മീറ്റ് 2008

ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം 'എയ്ഞ്ചൽ മീറ്റ്' നവംബർ 15-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. വചന പ്രതിഷ്ഠയോടെ ആരംഭിച്ച സംഗമത്തിൽ ദേശീയഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ രൂപതാഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, നടവയൽ മേഖലാഡയറക്ടർ റവ. ഫാ. ജോസഫ് തുരുത്തേൽ, പയ്യംമ്പള്ളി മേഖലാഡയറക്ടർ റവ. ഫാ. ശാന്തിദാസ്, കല്ലോടി മേഖലഡയറക്ടർ റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ, കൊട്ടിയൂർ മേഖല ഡയറക്ടർ റവ. ഫാ. ജയ്സൺ കുഴികണ്ടത്തിൽ, കൽപ്പറ്റ മേഖലഡയറക്ടർ റവ. ഫാ. സജി

ഇളയിടം തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. രൂപതയിലെ വിവിധ ശാഖകളിൽനിന്നായി 1500 ഓളം അംഗങ്ങൾ എയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു. രൂപത സമ്മാനകൂപ്പൺ വിജയികൾക്ക് ചട ങ്ങിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് നടന്ന ക്ലാസ്സിന് രൂപതാ എക്സിക്യൂട്ടീവ് അംഗം ഷാജി ചന്ദനപ്പറമ്പിൽ, രൂപതാ ടീം അംഗം സോയി കൈതാരം എന്നിവർ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നടന്ന പാവകളി, ലഘുനാടകം, ആംഗ്യപ്പാട്ടു കൾ, ക്ലാസ്സുകൾ എന്നിവയ്ക്ക് ക്രിസ്റ്റീൻ ടീമംഗങ്ങളായ ജോസ്, അനീഷ്, സി. മേരി നിഷ SKD, സി. മരിയ CMC, സി. ആൻമേരി SH, ക്രിസ്റ്റീൻഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ തുട ങ്ങിയവർ നേതൃത്വം നൽകി. രൂപതാഭാരവാഹികളായ തോമസ് കല്ലറയ്ക്കൽ, ബിനു മാങ്കൂട്ടം, ജാസ്മിൻ ഇണ്ടിക്കുഴ, ജോയി മേപ്പാടം, സജി വേങ്ങത്തടം, ജോണി പരത്തനാൽ, സെബാ സ്റ്റ്യൻ വള്ളിക്കാവുങ്കൽ, നീതു വടക്കേടത്ത്പുത്തൻപുര, സി. ലിസിയ SCV, സി. വിജയ SABS തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി. രൂപത സെക്രട്ടറി സജി തറപ്പുതൊട്ടിയിൽ എയ്ഞ്ചൽ സംഗമത്തിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും നന്ദി അറിയിച്ചു.

**വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പിന് ഭക്തിനിർഭരവും ആവേശകരവുമായ സ്വീകരണം**

അൽഫോൻസാമ്മ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ദിന ത്തിൽ ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃ ത്വത്തിൽ ആരംഭിച്ച തിരുശേഷിപ്പ് പയ്യമ്പള്ളി, പുൽപ്പള്ളി, ബത്തേരി, ഗൂഡല്ലൂർ മേഖലകളിലെ ഇടവകകളിലൂടെ പ്രയാണം പൂർത്തിയാക്കി. ഓരോ ഇടവകയിലും തിരുശേഷിപ്പിന് ഉജ്ജ്വല മായ സ്വീകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തിരുശേഷിപ്പ് വണങ്ങാനും ഭാരതത്തിന്റെ പ്രഥമവിശുദ്ധയായ അൽഫോൻസാ മ്മയുടെ അനുഗ്രഹത്തിന്റെ നിറവ് സ്വന്തമാക്കാനും ഒരു ഇടവക യിൽനിന്ന് മറ്റൊരു ഇടവകയിലേക്ക് ആഘോഷപൂർവ്വം എത്തി ക്കാനുമുള്ള താൽപര്യത്തിനും അതിന് നേതൃത്വം നൽകുന്ന വൈദികർക്കും ശാഖാഭാരവാഹികൾക്കും ഇടവകപ്രതിനിധി കൾക്കും മിഷൻലീഗ് രൂപതാകുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**പ്രയാണ വഴിത്താരയിൽ :**

**ഓരോ ശാഖയ്ക്കും അനുവദിക്കപ്പെട്ട ദിനം**

**ഡിസംബർ** 1 പാലാങ്കര, 2 പാലേമാട്, 3 തലഞ്ഞി, 4 പാതിരിപ്പാടം, 5 മുണ്ടേരി, 6 ഭൂദാനം, 7 പൂളപ്പാടം, 8 മുട്ടിയേൽ, 9 ഇടിവണ്ണ, 10 ചോക്കാട്, 11 തേൾപ്പാറ, 12 പൂക്കോട്ടുംപാടം, 13 വള്ളിക്കെട്ട്, 14 നിലമ്പൂർ, 15 റൂബിനഗർ, 16 ചാരിറ്റി, 17 വൈത്തിരി, 18 ഒലിവുമല, 19 റിപ്പൺ, 20 നെടുമ്പാല, 21 വാഴവറ്റ, 22 തെനേരി, 23 കൊളവയൽ, 24 എടപ്പെട്ടി, 26 കൽപ്പറ്റ, 27 പുഴമുടി, 28 കാവുംമന്ദം, 29 കോട്ടത്തറ, 30 തരിയോട്, 31 മഞ്ഞൂറ.

**2009 ജനുവരി** 1 ചെന്നലോട്, 2 മംഗളം, 3 പുതുശ്ശേരിക്കടവ്, 4 കുറുമ്പാല, 5 കുറുമണി, 6 വിളമ്പുകണ്ടം, 7 ചുണ്ടക്കര ഓരോ ഇടവകയും തിരുശേഷിപ്പ് യഥോചിതം സ്വീകരിക്കുകയും അടുത്ത ഇടവകയിലേക്ക് എത്തിക്കുവാനും ഉള്ള ക്രമീകരണം ചെയ്യുമല്ലോ.

**സംസ്ഥാന കലാമത്സര പരിശീലനം**

രൂപതാ കലാമത്സരത്തിൽ വിജയിച്ച് സംസ്ഥാന കലാമത്സരത്തിന് അർഹതനേടിയവർക്കുള്ള പരിശീലനം നവംബർ 7-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. രൂപതഡയറക്ടർ ടോമി പുത്തൻപുരയ്ക്കൽ, രൂപത ജോ.ഡയറക്ടർ സി. വിജയ, രൂപത ഓർഗനൈസർ തോമസ് കല്ലറയ്ക്കൽ തുടങ്ങിയവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

**ദൂത് 2008**

വചനവർഷത്തിൽ രൂപത ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ദൂത് 2008 ശാഖാ സെമിനാറിന് നേതൃത്വം നൽകിയവരും ശാഖകളും.

റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ - കൊട്ടിയൂർ, തരിയോട്, സി. വിജയ SABS - വെള്ളൂന്നി, തോമസ് കല്ലറയ്ക്കൽ - വെള്ളൂന്നി, സെബാസ്റ്റ്യൻ മുണ്ടക്കാത്തടം - മക്കിയാട്, സജി വേങ്ങത്തടം - ഒറ്റപ്ലാവ്, നെല്ലിയോടി, അജീഷ് എടപ്പാട്ട് - അമ്പായത്തോട്, ശാന്തിഗിരി, സി.അർച്ചന CMC - തരിയോട്, സി. സ്മിത CMC - കേളകം, സി. തെരേസ് SABS - പാൽച്ചുരം, കൊട്ടിയൂർ, സി. സിസിലി SKD - കാരക്കാമല, ഷാജു പാലച്ചുവട്ടിൽ - ദീപ്തിഗിരി.

**ലോഗോസ് പരിശീലനം**

ലോഗോസ് രൂപതാതല വിജയികൾക്കുള്ള പരിശീലനം നവംബർ 15-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു.

**രൂപത മാനേജിംഗ്കമ്മറ്റി ഡിസംബർ 13-ന്**

രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ഡിസംബർ 13 -ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. അർദ്ധവാർഷിക കണക്കും, റിപ്പോർട്ടും മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുന്നതാണ്. രൂപത-മേഖല-ശാഖാ പ്രവർത്തനങ്ങളുടെ അവലോകനം, ഭാവിപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്ന മാനേജിംഗ് കമ്മറ്റിയിൽ മേഖലയിലെ മുഴുവൻ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ബൈബിൾവാക്യ പഠന മത്സരം**

വചനം പഠിക്കുക, ഹൃദിസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ മിഷൻലീഗ് അംഗങ്ങൾക്കായുള്ള രൂപതാതല ബൈബിൾവാക്യ പഠന മത്സരം ഡിസംബർ 22-ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. മേഖലാതലമത്സരത്തിൽ വിജയിച്ച് 1, 2, 3 സ്ഥാനം നേടിയവർക്കാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. (മത്സരം മാർഗ്ഗരേഖയിൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി ഡിസംബർ 22ലേക്ക് മാറ്റിയത് ശ്രദ്ധിക്കുമല്ലോ) എല്ലാ മേഖലകളിൽ നിന്നുമുള്ള വിജയികളെ മത്സരത്തിന് എത്തിക്കാനാവശ്യമായ ക്രമീകരണം മേഖല-ശാഖ ഭാരവാഹികൾ ചെയ്യുമല്ലോ.

**സംസ്ഥാന കലാസാഹിത്യമത്സര വിജയികൾ**

**ജൂണിയർ : കവിത**

| | | |
|---|---|---|
| വർഗീസ് വടക്കേൽ | സീതാമൗണ്ട് | C |
| റ്റെജിൽ 350-തിൽചിറ | ഏലപ്പീടിക | C |
| ഷെറിൻ കോളറായിൽ | മാർട്ടിൻനഗർ | C |

**കഥ**

| | | |
|---|---|---|
| ജോർജ് ഇടിമണ്ണിൽ | മണിമൂളി | I A |
| ക്രിസ്റ്റിന അമ്പലത്തറ | സീതാമൗണ്ട് | B |

**ഉപന്യാസം**

| | | |
|---|---|---|
| ജ്യോതിസ് പള്ളത്ത് | നടവയൽ | III C |

**ബൈബിൾ വാക്യം**

| | | |
|---|---|---|
| സച്ചിൻ വടക്കുംകര | ബെക്കി | B |
| ഡോൺ കരിമ്പനാൽ | വെള്ളമുണ്ട | B |
| അമ്പിളി മൂലക്കര | ചെന്നലോട് | II A |
| ശ്രേയ വണ്ടൻമാക്കിൽ | നെടുമ്പാല | A |

**സീനിയർ : കവിത**

| | | |
|---|---|---|
| ജിൻസി ചാത്തംപടത്തിൽ | പാതിരിപ്പാടം | C |

**കഥ**

| | | |
|---|---|---|
| ലിന്റോ പാട്ടശേരിൽ | വിമലഗിരി | II B |
| സ്മിൽജി അരയത്തിൻകര | ആടിക്കൊല്ലി | I A |

**ഉപന്യാസം**

| | | |
|---|---|---|
| അജിത് കല്ലുവേലിൽ | ചെറുകാട്ടൂർ | B |
| അനീഷ് തൊണ്ടലിൽ | പയ്യമ്പള്ളി | C |
| ഷിനി കണിയാപറമ്പിൽ | ഇടയൂർക്കുന്ന് | C |

**ബൈബിൾവാക്യം**

| | | |
|---|---|---|
| ജോർജ് വേഴമ്പുതോട്ടം | ധർമ്മഗിരി | III A |
| മനു മേനാച്ചേരി | പറളിക്കുന്ന് | A |
| ഐഡ നിരപ്പിൽ | പറളിക്കുന്ന് | A |
| അബിത പെരുകിൽ | പറളിക്കുന്ന് | B |

**സൂപ്പർസീനിയർ : കവിത**

| | | |
|---|---|---|
| റെജി കാവനമാലിൽ | ദീപ്തിഗിരി | C |
| അനിത മുക്കത്ത് | പുതിയിടംകുന്ന് | C |

**കഥ**

| | | |
|---|---|---|
| ഷെബിൻ തുമ്പശേരി | വഞ്ഞോട് | I A |
| ഷിബു വെള്ളക്കടയിൽ | മരക്കടവ് | II A |
| ഫിലോ ചേലക്കൽ | മാർട്ടിൻനഗർ | III C |

**ഉപന്യാസം**

| | | |
|---|---|---|
| ഷാജു പാലച്ചുവട്ടിൽ | തരിയോട് | II A |
| ഷിബു വെള്ളക്കടയിൽ | മരക്കടവ് | C |
| ഡയാന മുഞ്ഞനാട്ട് | നടവയൽ | B |
| ജെസ്ന കുറിച്യാത്ത് | നടവയൽ | C |

**ബൈബിൾവാക്യം**

| | | |
|---|---|---|
| അജീഷ് കാരിക്കൽ | ചാരിറ്റി | III A |
| വിപിൻ മുള്ളൻകുഴി | പറളിക്കുന്ന് | B |
| ബിൻസി പട്ടർമഠത്തിൽ | പുതിയിടംകുന്ന് | II A |
| മിനി പുതുവേലിൽ | പാൽച്ചുരം | A |

**സബ്ജൂനിയർ : സംഗീതം**

| | | |
|---|---|---|
| ലിഞ്ചു ആലക്കൽ | ചാരിറ്റി | I A |
| അനിറ്റ നമ്പുടാകം | ചുങ്കക്കുന്ന് | B |
| അനിൽ ആലഞ്ചേരിൽ | നടവയൽ | A |
| അക്ഷയ് ചേരിയിൽ | പാടിച്ചിറ | A |

**പ്രസംഗം**

| | | |
|---|---|---|
| അജയ് കൈതാരം | കണിയാരം | A |
| ആമോദ് കല്ലറയ്ക്കൽ | ആറാട്ടുതറ | A |
| ശ്രേയ ചിറപ്പുറം | നടവയൽ | I A |
| അനിഷ നെല്ലിക്കാട്ടിൽ | കല്ലോടി | A |

**ബൈബിൾ വായന**

| | | |
|---|---|---|
| അജയ് കൈതാരം | കണിയാരം | II B |
| സച്ചിൻ പേടിക്കാട്ടുകുന്നേൽ | ബത്തേരി | B |
| ശ്രേയ ചിറപ്പുറം | നടവയൽ | II B |
| എലിസബത്ത് ചൂനാട്ട് | കബനിഗിരി | B |

**ജൂനിയർ : സംഗീതം**

| | | |
|---|---|---|
| അതുൽ കാളിയാനി | ദ്വാരക | A |
| ടിന്റോ പൂതക്കുഴി | പുഴമുടി | A |
| അലീന പന്തിരുപറയിൽ | തവിഞ്ഞാൽ | III A |
| നീതു ആശാരിപറമ്പിൽ | കബനിഗിരി | B |

**പ്രസംഗം**

| | | |
|---|---|---|
| ടോണി അയ്യാനിക്കാട്ട് | തവിഞ്ഞാൽ | II A |
| അമൽ തെങ്ങുംതോട്ടം | കേളകം | A |
| വീണ റോസ് കല്ലറങ്ങാട്ട് | പയ്യമ്പള്ളി | B |
| ഡോണ ഓരത്ത് | കരിമാനി | C |

**ബൈബിൾക്വിസ്**

| | | |
|---|---|---|
| അലക്സ് പൂക്കുളം | ബത്തേരി | II A |

| | | |
|---|---|---|
| അമൽ തെങ്ങുംതോട്ടം | കേളകം | B |
| ജോസ്നി കരിമ്പനക്കൽ | പട്ടാണിക്കൂപ്പ് | A |
| അമ്പിളി മൂലക്കര | ചെന്നലോട് | A |

**സീനിയർ : സംഗീതം**

| | | |
|---|---|---|
| അമൽ വട്ടക്കാട്ട് | കാട്ടിക്കുളം | A |
| ജിജിൻ അയ്യാനിക്കാട്ട് | തവിഞ്ഞാൽ | A |
| ദിൽന കാരത്ര | ഒലിവുമല | A |
| അനുമോൾ ആക്കപ്പടി | പോരൂർ | B |

**പ്രസംഗം**

| | | |
|---|---|---|
| സന്ദേശ് മണ്ണാർതോട്ടം | ആടിക്കൊല്ലി | III A |
| ബിബിൻ കുത്തുകല്ലിങ്കൽ | ചുങ്കക്കുന്ന് | B |
| ഹർഷ ചേരവേലിൽ | നടവയൽ | A |
| ജിൻസി കടകേലിൽ | റിപ്പൺ | B |

**ബൈബിൾക്വിസ്**

| | | |
|---|---|---|
| ജോൺ കാഞ്ഞിരത്തുംകുഴി | കുറുമ്പാല | II A |
| അരുൺ മുളങ്ങാട്ടിൽ | തെനേരി | C |
| നീതു പാലംപറമ്പിൽ | പുതിയിടംകുന്ന് | III A |
| അലൻ മുത്തോലിൽ | വെള്ളൂന്നി | B |

**സൂപ്പർസീനിയർ : സംഗീതം**

| | | |
|---|---|---|
| ഷിനോജ് മാങ്കൂട്ടം | ബത്തേരി | A |
| ഷിനു മഠത്താശേരി | പ്രശാന്തഗിരി | A |
| റിനി ആരംപുളിക്കൽ | വടക്കനാട് | A |
| റോസ്മേരി ഉറുമ്പിൽ | കബനിഗിരി | A |

**പ്രസംഗം**

| | | |
|---|---|---|
| മനു തടത്തിൽ | വിളമ്പുകണ്ടം | III A |
| അനീഷ് ഓമാക്കര | കേണിച്ചിറ | B |
| സിനിയ മുറികുറ്റിക്കൽ | കൊട്ടിയൂർ | C |
| മരിയ പാറയിൽ | വാഴവറ്റ | C |

**ബൈബിൾക്വിസ്**

| | | |
|---|---|---|
| ജോഷി താണോലിൽ | ധർമ്മഗിരി | A |
| കുര്യാച്ചൻ ചിറമുഖം | പ്രശാന്തഗിരി | A |
| നിഷ കൊല്ലംമാട്ടേൽ | മാർട്ടിൻനഗർ | A |
| മിത കിഴക്കേടത്ത് | കാവുംമന്ദം | A |

## ലോഗോസ് രൂപതാതല വിജയികൾ

### 4-ാം സ്ഥാനം ലഭിച്ചവർ

**A ഗ്രൂപ്പ്**

| | | |
|---|---|---|
| ആൽബിൻ മാത്യു | ചുള്ളിയോട് | 81.5 |
| ലെയ്ജിൻ സെബാസ്റ്റ്യൻ | കമ്മന | 77 |
| ശ്രേയ വണ്ടൻമാക്കിൽ | നെടുമ്പാല | 76 |
| ആൻമരിയ സെബാസ്റ്റ്യൻ | കാവുംമന്ദം | 75.5 |

**B ഗ്രൂപ്പ്**

| | | |
|---|---|---|
| നീതു പുതിയമഠത്തിൽ | ജൂഡ്സ്മൗണ്ട് | 84 |
| അനു തടത്തിൽ | അമ്പായത്തോട് | 83 |
| ജാസ്മിൻ കുര്യൻപറമ്പിൽ | പാതിരിപ്പാടം | 83 |
| അഞ്ജു ജിജി | നെയ്ക്കുപ്പ | 82.5 |
| റോസ്മേരി മൂലക്കര | ചെന്നലോട് | 82 |

**C ഗ്രൂപ്പ്**

| | | |
|---|---|---|
| സി. ജോമേരി SH | ബത്തേരി | 91.5 |
| സി. ഡെൻസി SH | ബത്തേരി | 91 |
| സി. ഷൈബി SKD | കമ്മന | 90 |
| സി. ജോസ്ലിൻ ജോസ് FCC | ദീപ്തിഭവൻ | 89 |
| സി. നവ്യ SABS | അപ്പപ്പാറ | 89 |

**D ഗ്രൂപ്പ്**

| | | |
|---|---|---|
| സി. പവിത്ര FCC | പുതുശ്ശേരി | 93 |
| സി. ആനി തോമസ് CMC | മാനന്തവാടി ടൗൺ | 92 |
| പി. സി. ജോസ് | വാഴവറ്റ | 91 |
| സി. റോസ്ന ജോൺ SH | മണിമൂളി | 90 |
| സി. സിസി മാത്യു SH | ബത്തേരി | 90 |

**E ഗ്രൂപ്പ്**

| | | |
|---|---|---|
| സി. സോസിമ CMC | കുഞ്ഞോം | 88 |
| സിസിലി മണക്കുന്നേൽ | പുതുശ്ശേരി | 87 |
| അച്ചാമ്മ തോമസ് | ഞാറപ്പാടം | 87 |
| സി. ആനീസ് അബ്രാഹം SH | ബത്തേരി | 87 |
| സി. ഡൊമിനിക് SH | മണിമൂളി | 87 |

### 5-ാം സ്ഥാനം ലഭിച്ചവർ

**A ഗ്രൂപ്പ്**

| | | |
|---|---|---|
| എലിസബത്ത് ഈറ്റക്കച്ചാലിൽ | ചുങ്കക്കുന്ന് | 75 |

| | | |
|---|---|---|
| മരിയ കോട്ടുപ്പള്ളി | മുള്ളൻകൊല്ലി | 74 |
| ആഷ്ന തുരുത്തിയിൽ | ആടിക്കൊല്ലി | 74 |
| ആഗ്നസ് അഴകനാൽ | നെടുമ്പാല | 74 |
| അഖിൽ ചൂരാക്കുഴി | വടക്കനാട് | 74 |
| അഞ്ജലി കുളങ്ങര | മുതിരേരി | 73 |
| മേരി കൂട്ടുങ്കൽ | ആടിക്കൊല്ലി | 72 |
| ജിതിൻ ചേരാടിയിൽ | പാലാങ്കര | 70 |
| ശ്യാമ വാഴക്കാലായിൽ | കുഞ്ഞോം | 70 |
| ഡോൺ കളപ്പുര | കണിയാരം | 70 |
| കുര്യൻ നെടിയകാലായിൽ | ചുങ്കക്കുന്ന് | 70 |
| റോസ്മരിയ | കാവുംമന്ദം | 68 |
| കൊച്ചുത്രേസ്യ നായത്ത് | കോട്ടത്തറ | 65 |
| ത്രേസ്യ പുത്തൂർ | കോട്ടത്തറ | 64 |
| അപർണ്ണ | കാവുംമന്ദം | 63.5 |

**B ഗ്രൂപ്പ്**

| | | |
|---|---|---|
| ലിഡ്വിൻ മരിയ | വിൻസെന്റ് ഗിരി | 81.5 |
| തോമസ് തോട്ടുങ്കൽ | മരക്കടവ് | 81 |
| മരിയ ഊളവള്ളിക്കൽ | മാർട്ടിൻനഗർ | 81 |
| ജോമോൻ തോട്ടുങ്കൽ | മരക്കടവ് | 80 |
| കൊച്ചുത്രേസ്യ കുന്നേൽ | മരക്കടവ് | 80 |
| സാന്ദ്ര ചെരിയംപുറത്ത് | കൽപ്പറ്റ | 79 |
| അനു കളമ്പുകാട്ടിൽ | വലിയകൊല്ലി | 78 |
| കാതറൈൻ ഇടിയംകുന്നേൽ | പുൽപ്പള്ളി | 78 |
| അന്ന തടത്തിൽ | കല്ലുവയൽ | 78 |
| ഫിയോണ തുറുവേലിക്കുന്നേൽ | ചുണ്ടക്കര | 77 |
| അഖില ദേവസ്യ | കമ്മന | 77 |
| അനു വടക്കേൽ | മാനന്തവാടി ടൗൺ | 77 |
| സോജൻ തെങ്ങട | പാറത്തോട്ടം | 77 |
| ഹണിപോൾ | ഇടിവണ്ണ | 77 |

**C ഗ്രൂപ്പ്**

| | | |
|---|---|---|
| നിഷ കൊല്ലംമാട്ടേൽ | മാർട്ടിൻനഗർ | 88 |
| സി. ആൻസി ടോം SH | ദ്വാരക | 88 |
| ജോമോൻ വലിയവീട്ടിൽ | അടയ്ക്കാത്തോട് | 88 |

| | | |
|---|---|---|
| സി. ജൂലിയ SH | വാഴവറ്റ | 88 |
| ഷിന്റു ചെറിയാൻ FCC | ദീപ്തിഭവൻ | 87 |
| ഷാബി വടക്കേനിരപ്പേൽ | തേൾപ്പാറ | 86 |
| ഷിനോ പുത്തൻപുരക്കൽ | ദ്വാരക | 86 |
| സി. മരിയ SCV | വിൻസെന്റ് ഗിരി | 86 |
| സി. അനിത SH | ചൂരൽമല | 86 |
| ജെയ്സി പൂക്കോട്ടിൽ | അമ്പലവയൽ | 85 |
| സ്മിത ടി. ജെ. SH | പുതുശ്ശേരിക്കടവ് | 85 |
| നീതു പുതിയമഠത്തിൽ | ജൂഡ്സ്മൗണ്ട് | 85 |
| നീതു ചാക്കോ FCC | ദീപ്തിഭവൻ | 84 |
| ഗ്രീഷ്മ ജോയ് FCC | ദീപ്തിഭവൻ | 84 |
| സി. നൈജിൽ SKD | ഇടിവണ്ണ | 84 |

**D ഗ്രൂപ്പ്**

| | | |
|---|---|---|
| ലാലി കുപ്പയിൽ | കൊമ്മയാട് | 89 |
| ബെറ്റ്സ് മാതേക്കൽ | ചുള്ളിയാന | 89 |
| സി.മേഴ്സി മാത്യു SH | കൊട്ടിയൂർ | 88 |
| ബാബു വട്ടുകുളത്തിൽ | വിമലഗിരി | 88 |
| തോമസ് കുളത്തിങ്കൽ | പാടിച്ചിറ | 88 |
| സി. ബീന FCC | കൊമ്മയാട് | 88 |
| സി. ഫ്ളവർലറ്റ് MSMI | അരുൾനിലയം | 88 |
| റോസമ്മ കട്ടക്കയം | ചുള്ളിയാന | 88 |
| സി. മേഴ്സിപോൾ SH | ബത്തേരി | 87 |
| ട്രീസ പൊൻകല്ലിങ്കൽ | ചുള്ളിയോട് | 87 |
| ദേവസ്യ വാരപ്പടവിൽ | പുതുശ്ശേരി | 87 |
| ഓമന സൈമൺ | കുന്നൂർ | 87 |
| സി. റെസ്ലിറ്റ് SABS | മരുത | 87 |
| സി. സ്റ്റെല്ല ജോസ് SH | തരിയോട് | 87 |
| സി. സാൽവിൻമരിയ CMC | മാനന്തവാടി ടൗൺ | 86.5 |

**E ഗ്രൂപ്പ്**

| | | |
|---|---|---|
| ഷാജി പുരക്കൽ | പൂക്കോട്ടുംപാടം | 84 |
| സി. ആലീസ് അറക്കൽ | മണിമൂളി | 84 |
| ആനിയമ്മ പുളിമൂട്ടിൽ | പാതിരിപ്പാടം | 82 |
| സി. ജെയ്സി ജോസ് FCC | ദീപ്തിഭവൻ | 82 |

| | | |
|---|---|---|
| സി. ക്ലൊറ്റിൽഡ SABS | കണിയാരം | 82 |
| ഡോണിയ ജെയിംസ് | പൂക്കോട്ടുംപാടം | 81 |
| സി. ജോസ്‌ലിൻ FCC | കല്ലുമുക്ക് | 81 |
| മേരി നടുവിലേടത്ത് | കൽപ്പറ്റ | 81 |
| റോസക്കുട്ടി ചെമ്പരത്തി | കേളകം | 81 |
| ഫിലോമിന താഴത്ത് | മണിമൂളി | 81 |
| സനൽ മൂഴിയാങ്കൽ | പൂക്കോട്ടുംപാടം | 79 |
| സി. സിൻക്ലയർ FCC | ജൂഡ്സ്മൗണ്ട് | 79 |
| സി. ജോസഫിൻ CMC | കൊളവയൽ | 79 |
| സി. തെരേസ് SD | പാറത്തോട്ടം | 78.5 |
| മേരി പുതുപറമ്പിൽ | മണിമൂളി | 78.5 |

**ധ്യാനം**

ക്രിസ്റ്റീൻ രൂപതാടീമിന്റെ നേതൃത്വത്തിൽ തലശ്ശേരി രൂപതയിലെ കോഴിച്ചാൽ ഇടവകയിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, അസി. ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ, സി. മേരിനിഷ SKD, സി. ജെസ് മേരി SABS, ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ശാഖാവാർത്തകൾ**

*ബെക്കി :–* വചനവൃക്ഷം സ്ഥാപിച്ചു.
*കുന്നൂർ :–* അനാഥമന്ദിരം സന്ദർശിച്ചു.
*മംഗളം :–* വി. അൽഫോൻസാമ്മയുടെ ഛായചിത്രറാലി നടത്തി.
*ചെന്നലോട് :–* സ്നേഹഭവൻ സന്ദർശിച്ച് ഭക്ഷണം നൽകി.
*മാർട്ടിൻനഗർ :–* വി.അൽഫോൻസാമ്മയുടെ കലണ്ടറും, പടവും എല്ലാഭവനങ്ങളിലും എത്തിച്ചു.
*പയ്യമ്പള്ളി :–* വി. അൽഫോൻസാമ്മയുടെ ഡോക്കുമെന്ററി പ്രദർശിപ്പിച്ചു.
*പനവല്ലി :–* മിഷൻജ്യോതി എല്ലാ അംഗങ്ങളും തെളിയിച്ചു.
*ഒലിവുമല :–* ഉപവാസദിനം ആചരിച്ചു. 5 കുടുംബങ്ങൾക്ക് അരി വിതരണം നടത്തി.
*വാഴവറ്റ :–* രോഗിസന്ദർശനം നടത്തി.
*തോമാട്ടുചാൽ :–* തിരുബാലസംഖ്യം കുട്ടികൾക്കായി എയ്ഞ്ചൽ മീറ്റ് നടത്തി. വി. അൽഫോൻസാ ഒറീസ പ്രശ്നങ്ങൾ എന്നീ ആൽബങ്ങൾ പ്രസിദ്ധീകരിച്ചു.

*വാകേരി :-* വചനശില്പശാല നടത്തി. Face to Face മേഖലഭാര വാഹികൾ എല്ലാവരെയും അംഗങ്ങൾക്ക് പരിചയപ്പെടുത്തി.
*ഞാറപ്പാടം :-* പിടിയരി ശേഖരിച്ച് നിർദ്ദന കുടുംബങ്ങൾക്ക് നൽകി. വി. അൽഫോൻസാമ്മയെക്കുറിച്ച് ഗാനംരചിച്ചു.
*യവനാർകുളം :-* കാട്ടിമൂല സ്നേഹാലയം സന്ദർശിച്ച് ഭക്ഷണം നൽകി.
*കുറ്റിമൂല :-* പൊതുപണി നടത്തി. മിഷൻഗ്രാമത്തിന് കത്തെഴുതി.
*പോരൂർ :-* വി. അൽഫോൻസാമ്മയുടെ ഛായാചിത്ര റാലി നടത്തി.
*പ്രശാന്തഗിരി :-* ജാഗരണ പ്രാർത്ഥനനടത്തി.
*ജൂഡ്സ്മൗണ്ട് :-* ബൈബിൾ പഠനശിബിരം നടത്തി.
*തോണിച്ചാൽ :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*കല്ലോടി :-* ബാഡ്ജ് നിർമ്മിച്ചു. തിരുബാലസംഖ്യം കുട്ടികൾക്ക് ധ്യാനം നടത്തി.
*കരിമ്പിൽ :-* വി. അൽഫോൻസാമ്മയെകുറിച്ച് കൊളാഷുകൾ, പോസ്റ്ററുകൾ പ്രദർശിപ്പിച്ചു.
*പുതുശേരി :-* മിഷൻസന്ദർശനം കുഞ്ഞോം ഇടവകയിൽ നടത്തി. ബാലഭവൻ കുട്ടികൾക്ക് മിഠായി നൽകി.
*കൊട്ടിയൂർ :-* വി. അൽഫോൻസാമ്മയുടെ ഛായാചിത്രറാലി നടത്തി.
*പട്ടാണികുപ്പ് :-* മിഷൻസന്ദേശ സൈക്കിൾ റാലി നടത്തി.
*ചോക്കാട് :-* ദ്വിദിന ക്യാമ്പ് നടത്തി.
*കേളകം :-* വി. അൽഫോൻസാമ്മയെകുറിച്ച് 2 മണിക്കൂർ ക്ലാസുകൾ നൽകി.
*മൺവയൽ :-* ദ്വിദിന ക്യാമ്പ് നടത്തി.

**മേഖലാ വാർത്തകൾ**

*തരിയോട് മേഖല :-* ടെലി ബൈബിൾക്വിസ് നടത്തുന്നു.
*പുൽപ്പള്ളി മേഖല :-* വസ്ത്രശേഖരണം നടത്തി എച്ച്.ഡി. കോട്ട മിഷന് നൽകി.
*കൽപ്പറ്റ മേഖല :-* ട്രിനിറ്റി അർദ്ധദിന സെമിനാറും പിക്നിക്കും നടത്തി. ജ്യോതിനിവാസ് അഗതിമന്ദിര സന്ദർശനം, മേഖലാതലത്തിൽ തിരുബാലസഖ്യ മത്സരം നടത്തി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവിയുടെ നന്ദി സൂചകമായി മേഖലാ തലത്തിൽ ആരാധന നടത്തി.
*പയ്യമ്പള്ളി മേഖല :-* ഭരണങ്ങാനത്തേക്ക് മേഖലാതലത്തിൽ തീർത്ഥാടനയാത്ര സംഘടിപ്പിച്ചു.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്ന ശാഖകൾ**

കുറുമ്പാല, കരിമ്പിൽ, കൊളവയൽ, തലപ്പുഴ, പടമല, ജൂഡ്സ്മൗണ്ട്, ദ്വാരക

**ഒറീസ സഹായനിധി തന്ന ശാഖകൾ**

മച്ചിക്കൊല്ലി, തലപ്പുഴ, പടമല, ജൂഡ്സ്മൗണ്ട്, കേളകം, ദ്വാരക, കൊമ്മയാട്, തൃശിലേരി, കൊളവയൽ, ആടിക്കൊല്ലി, കുറ്റിമൂല, വാകേരി.

**സംസ്ഥാന വിഹിതം 100 രൂപ**

സംസ്ഥാന മാനേജിംഗ് കമ്മറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാന വിഹിതം അൻപത് രൂപയിൽനിന്നും 100 രൂപ യാക്കിയിരിക്കുന്നു. അതുകൊണ്ട് ശാഖകൾ സംസ്ഥാന വിഹിതം 100 രൂപയാണ് നൽകേണ്ടത്.

മിഷൻലീഗ് കലണ്ടറിന്റെ പൈസ തരാനുള്ളവർ 1 കല ണ്ടറിന് 3.50 രൂപവച്ച് എത്രയും വേഗം രൂപത ഓഫീസിൽ അട യ്ക്കേണ്ടതാണ്.

**മിഷൻലീഗ് വിഹിതം തന്നശാഖകൾ**

കണിയാമ്പറ്റ -50, പോരൂർ-1500, കൊമ്മയാട് -1000, കൽപ്പറ്റ -750, ചോക്കാട്-200, കുറ്റിമൂല-200, പുതുശേരിക്കടവ് -250, തേൾപ്പാറ -150, പാറത്തോട്ടം-50, പേരിയ-150, ഒലിവുമല-160, കുന്നൂർ-200, കൊട്ടിയൂർ-1500, ചുണ്ടക്കര-2000, നിലമ്പൂർ-1000, നെയ്ക്കുപ്പ-200, കരിമ്പിൽ-100, പനവല്ലി-100, തലപ്പുഴ-300, പുതിയിടംകുന്ന്-250, തൃശിലേരി-500, കൊളവയൽ-200, വൈത്തിരി-100.

**കാരുണ്യ പ്രവർത്തനങ്ങൾ**

രോഗിസഹായം - 1500 രൂപ, വിദ്യാഭ്യാസ സഹായം - 1000 രൂപ, ദൈവവിളി പ്രോത്സാഹനം - 500 രൂപ.

മനസ്സിൽ സന്തോഷത്തിന്റെയും നന്മയുടെ ഭാവങ്ങളുമായി ക്രിസ്തുമസ് സമാഗതമാവുകയാണ്. അഹം വെടിഞ്ഞ് മനസ് ശുദ്ധ മാക്കാം. തിരുപ്പിറവിയുടെ നന്മനിറഞ്ഞ മംഗളങ്ങളും പുതുവത്സ രത്തിന്റെ സമ്പൽസമൃദ്ധിയും ഐശ്വര്യവും എല്ലാ മിഷൻ പ്രവർത്തകർക്കും നേരുന്നു.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

കാലം ഒരു ചെറുതുണ്ടായി കടന്നുപോകുന്നു... ആർക്കും വായിച്ച് തീർക്കാൻ സാധിക്കാത്തവിധം ബ്രഹത്തായ കാര്യങ്ങൾ അവശേഷിപ്പിച്ചുകൊണ്ട് ഇന്നലെകളുടെ നെരിപ്പോടിൽ - സമൂഹത്തിന്റെ മന:സ്സാക്ഷിയായി, ശബ്ദമായി കെ.സി.വൈ. എം. എന്ന യുവജനപ്രസ്ഥാനം മാനന്തവാടി രൂപതയിൽ ജ്വലിച്ചുനിന്നു... കാലഹരണപ്പെട്ട പ്രത്യയശാസ്ത്രങ്ങൾ സഭാസമൂഹത്തെ ആട്ടിയുലച്ചപ്പോൾ, മതവിശ്വാസത്തെ അപകടകരമായ വിധം സമൂഹമദ്ധ്യേ വലിച്ചിഴച്ചപ്പോൾ, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് നേർക്ക് പടവാളുയർത്തിയവർക്കെതിരെ, ഒറീസ്സയിൽ മനുഷ്യക്രൂരതയുടെ വികൃതമുഖം ഒരു സമൂഹത്തെ മുഴുവൻ അഗ്നിജ്വാലകൾ വിഴുങ്ങിയപ്പോൾ, അസമാധാനത്തിന്റെയും ഭീകരവാദത്തിന്റേയും വിഷവിത്തുകൾ മാനവസമൂഹത്തെ മലിമസമാക്കിയപ്പോൾ - യുവത്വം അതിന്റെ സർഗ്ഗാത്മകതയുടെ നിറവ്, ധാർമ്മികതയുടെ പക്വത, പ്രതിഷേധത്തിന്റെ സ്വരം വിവിധ ഭാവങ്ങളിലൂടെ സമൂഹ മന:സാക്ഷിയുടെ മുമ്പിൽ തുറന്ന് വച്ചു... അശാന്തിയുടെയും അസമാധാനത്തിന്റെയും വിത്തുകൾ വിതച്ച് ബോംബുകളുടെയും വടിവാളുകളുടെയും നടുവിൽ ഭീകരത അഴിഞ്ഞാടുമ്പോൾ കുറ്റിക്കാടുകളിൽ വീട്ടുവളപ്പുകളിൽ സംഹാരത്തിന്റെ ആദ്രഭാവങ്ങൾ ഉറഞ്ഞ് തുള്ളുമ്പോൾ - സ്നേഹത്തിന്റെയും സമാധാനത്തിന്റെയും നന്മയുടെയും സദ്വാർത്ത ലോകത്തിന് നൽകാൻ ഒരു യുവതയുടെ ശക്തി - കെ.സി.വൈ.എം. - സമൂഹത്തിന്റെ സ്പന്ദനമാകട്ടെ...

ഡിസംബർ – ദൈവസ്നേഹം ഘനീഭവിച്ചതിന്റെ ഓർമ്മ... ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ സ്നേഹത്തിന്റെ നന്മയുടെ, ശാന്തിയുടെ കൊച്ചുകുടീരം... മനുഷ്യർക്കായി തുറന്ന ദൈവം... അശാന്തിയുടെ പർവ്വതങ്ങളിൽ വെടിക്കോപ്പുകൾ നിരത്തിവയ്ക്കുമ്പോൾ – മലിമസമായ സമൂഹമനസിൽ അന്ധകാരശക്തികൾ തേർവാഴ്ച നടത്തുമ്പോൾ – ബത്‌ലഹേമിലെ ശിശു – സ്നേഹത്തിന്റെയും ശാന്തിയുടെയും സദ്‌വാർത്തയാകട്ടെ... യുവമനസ്സുകളിൽ നന്മയുടെ വെളിച്ചം നിറയട്ടെ ഈ ക്രിസ്തുമസ് രാവിൽ ... നമ്മുക്ക് യാത്രയാവാം.... ഈ കൊച്ചുപട്ടണത്തിലേയ്ക്ക് കയ്യിൽ – ധർമ്മത്തിന്റേയും നീതിയുടേയും സ്നേഹത്തിന്റേയും നക്ഷത്രവിളക്കുമായ്!!

സ്നേഹപൂർവ്വം,
**സണ്ണിയച്ചൻ**

**വചനദർശൻ – 2008**

നവംബർ 7, 8, 9 തീയതികളിലായി നടവയൽ സെന്റ് തോമസ് ഹൈസ്കൂളിൽ വെച്ച് രൂപതാക്യാമ്പ് വചനദർശൻ 2008 എന്ന പേരിൽ സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ നടത്തി. നവംബർ 7–ന് വൈകിട്ട് 6 മണിക്ക് കെ.സി.വൈ.എം. ത്രിവർണ്ണ പതാക ഉയർത്തിയതോടെ ആരംഭിച്ച ക്യാമ്പ് 9–ന് രാവിലെ വി. ബലിയോടുകൂടി സമാപിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ പ്രസിഡണ്ട് ജോജിൻ ടി ജോയ് അദ്ധ്യക്ഷത വഹിച്ചു. വചനദർശൻ 2008 ബത്തേരി B.Ed കോളേജ് അഡ്മിനിസ്ട്രേറ്റർ പ്രൊഫ. മോഹൻ ബാബു ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ഷിബു പുതിയവീട്ടിൽ സ്വാഗതം ആശംസിച്ചു. നടവയൽ ഫൊറോന വികാരി റവ.ഫാ. സെബാസ്റ്റ്യൻ പാലക്കി, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ബിജു മാത്യു അരീക്കാട്ട്, ആനിമേറ്റർ സി. മോളി ജോസഫ് എസ്.ജെ.എൽ., യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബിബിൻ വാത്താച്ചിറ എന്നിവർ ആശംസകൾ അർപ്പിച്ചു. നടവയൽ അസി. വികാരി ഫാ. സന്തോഷ് ഉദ്ഘാടന സമ്മേളനത്തിന് വചനപ്രതിഷ്ഠ നടത്തി. നിഷിത പുതിയകുന്നത്ത് നന്ദി അർപ്പിച്ചു. വചനദർശൻ 2008–ന് ക്ലാസുകൾ നയിച്ചത് അഭിനേഷ് കൊട്ടാരക്കര –

പരിസ്ഥിതി പുനരാരണ്യം, ഷാജു പി. ജെയിംസ് - വചനാധിഷ്ഠിതയുവത്വം, ഷീജ എസ്. വെള്ളനാട് - യുവജനങ്ങളുടെ സാമൂഹിക നവോത്ഥാനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. സെൽവിയൂസ് തിരുവനന്തപുരം ക്യാമ്പ് കോ-ഓർനേറ്ററായിരുന്നു. വിവിധ മേഖലകളിൽ നിന്നായി 130 യുവജനങ്ങൾ പങ്കെടുത്തു. പ്രിൻസ് പിട്ടാപ്പിള്ളി, റിൻസി തോമസ് എന്നിവർ മികച്ച ക്യാമ്പ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പ് നടത്തുന്നതിനായി നടവയൽ സ്കൂൾ വിട്ടുതന്ന സ്കൂൾ മാനേജ്മെന്റിനും സ്റ്റാഫിനും ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ച നടവയൽ യൂണിറ്റിനും മേഖലയ്ക്കും യൂണിറ്റ് മേഖല ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും നന്ദി.

**പന്തംകൊളുത്തി പ്രകടനം**

രൂപതാസമിതിയുടെ നേതൃത്വത്തിൽ രാഷ്ട്രീയ സംഘർഷങ്ങൾക്കും തീവ്രവാദത്തിനുമെതിരെ നവം. 8 ന് വൈകുന്നേരം നടവയൽ ടൗണിൽ പന്തംകൊളുത്തി പ്രകടനം നടത്തി. 130 യുവജനങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, പ്രസിഡണ്ട് ജോജിൻ ടി ജോയി, ഷിബു പുതിയവീട്ടിൽ, ഷിൽജോ പള്ളയ്ക്കൽ, മാത്യു തറയിൽ, സണ്ണി ജോസ് ചാലിൽ, ബിനോയി പാനിക്കുളം, സജിൻ ചാലിൽ, ലിറ്റി വെണ്ടർമ്യാലിൽ, സി. മോളി ജോസഫ് SJL, ഷംജിത്ത് ചേലയ്ക്കൽ, സന്തോഷ് ഞാറക്കുളം എന്നിവർ നേതൃത്വം നൽകി.

**സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്**

നവംബർ 2 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് യോഗങ്ങൾ നടന്നു.

**മേഖലാ സന്ദർശനം**

യൂണിറ്റ്, മേഖലകളുടെ പ്രവർത്തനം നല്ലരീതിയിൽ നടത്തുന്നതിനായി ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ജനറൽ സെക്രട്ടറി ഷിബു പുതിയവീട്ടിൽ, ആനിമേറ്റർ സി. മോളി SJL എന്നിവർ നവംബർ 8 ന് ഗൂഡല്ലൂർ മേഖല സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**യൂണിറ്റ് മേഖലാ തിരഞ്ഞെടുപ്പ്**

2009 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ട സമയമായിരിക്കുന്നു. യൂണിറ്റ് തെരഞ്ഞെടുപ്പുകൾ നവംബർ 25 ന് മുമ്പ് എല്ലാ യൂണിറ്റുകളിലും പൂർത്തിയാക്കിയിരിക്കുമല്ലോ. മേഖലാ തിരഞ്ഞെടുപ്പുകൾ 22 ന് മുമ്പായി പൂർത്തിയാക്കണം. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ യൂണിറ്റ് മേഖലാ ഭാരവാഹികളുടെയും അഡ്രസ്, ഫോൺ നമ്പറോടുകൂടി ഡിസംബർ 23 നു മുമ്പായി രൂപതാ ഓഫീസിൽ നിർബന്ധമായും എത്തിക്കേണ്ടതാണ്. മേഖലാ വാർഷിക സെനറ്റ് ചേരുന്ന സ്ഥലവും തീയതിയും സമയവും മുൻകൂട്ടി രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**രൂപതാ വാർഷിക സെനറ്റ്**

ഈ വർഷത്തെ രൂപതാ വാർഷിക സെനറ്റ് ഡിസംബർ 27,28 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. 27-ാം തീയതി വൈകിട്ട് 4 മണിക്ക് ആരംഭിച്ച് 28-ാം തീയതി വൈകിട്ട് 3 മണിക്ക് സമാപിക്കും. 2009 പ്രവർത്തന വർഷത്തേക്കുള്ള രൂപതാഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2008 വർഷത്തെ രൂപതാ പ്രവർത്തന റിപ്പോർട്ട്, കണക്ക് എന്നിവ പാസ്സാക്കലും സംഘടനാ ചർച്ചകളും സെനറ്റിന്റെ ഭാഗമാണ്. സെനറ്റംഗങ്ങൾ മുഴുവൻ സമയവും നിർബന്ധമായും സെനറ്റിൽ പങ്കെടുക്കേണ്ടതാണ്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട മേഖലാ ഭാരവാഹികളും 2008 വർഷത്തെ രൂപതാ സിൻഡിക്കേറ്റംഗങ്ങളും മുഴുവൻ മേഖല ഡയറക്ടർമാരും, ആനിമേറ്റർമാരും 2008 വർഷത്തെ മേഖല, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്കും സെനറ്റിൽ സംബന്ധിക്കുവാൻ അർഹതയുണ്ട്. മറ്റു പരിപാടികൾ മാറ്റിവെച്ച് വാർഷിക സെനറ്റിന് ഒരുങ്ങുമല്ലോ.

**ഓസ്സാനാം ഭവൻ സന്ദർശനം**

രൂപതാ സമിതിയുടെ നേതൃത്വത്തിൽ നവം. 8 ന് നടവയൽ ഓസ്സാനാം ഭവൻ സന്ദർശിച്ചു. ജീവിതസായാഹ്നത്തിൽ ഒറ്റപ്പെട്ട് പോയ മാതാപിതാക്കൾക്ക് സാന്ത്വനമേകുന്നതിന് യുവജനങ്ങൾക്ക് സാധിച്ചു. കലാപരിപാടികൾ അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം കേക്ക് മുറിച്ച് വിതരണം

ചെയ്തു. പ്രസിഡണ്ട് ജോജിൻ ടി ജോയി, സി. മോളി ജോസഫ് SJL, ഷിബു പുതിയവീട്ടിൽ, ലിറ്റി ജോസ്, നിഷിത പുതിയകുന്നത്ത് എന്നിവർ നേതൃത്വം നൽകി. പരിപാടിയിൽ 125 യുവജനങ്ങൾ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**രൂപതാ വാർഷിക കൺവെൻഷൻ ഡിസംബർ 27**

പ്രസ്ഥാനത്തിന്റെ 14 -ാം മത് രൂപതാ കൺവെൻഷനും പ്രവർത്തനവർഷ സമാപനവും ഡിസംബർ 27 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. രാവിലെ 9 മണിക്ക് ദിവ്യബലിയോടെ പരിപാടികൾ ആരംഭിക്കുന്നതും 2 മണിക്ക് സമാപിക്കുന്നതുമാണ്. കൺവെൻഷനിൽ വച്ച് 2008 വർഷം മികച്ച പ്രവർത്തനം നടത്തിയ യൂണിറ്റിനും, മേഖലയ്ക്കും മികച്ച യൂണിറ്റ് മേഖലാ പ്രവർത്തകർക്കുള്ള അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. കൺവെൻഷൻ വിജയത്തിനായി ഒരു യൂണിറ്റിൽ നിന്നും 25 ൽ കുറയാതെ യുവജനങ്ങളെ പങ്കെടുപ്പിക്കുന്നതിന് യൂണിറ്റ്-മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**പ്രവർത്തക അവാർഡുകൾ**

ഈ വർഷത്തെ മികച്ച യൂണിറ്റ്/ മേഖല പ്രവർത്തകർക്കും യൂണിറ്റിനും മേഖലയ്ക്കുമുള്ള അവാർഡുകൾ നിശ്ചയിക്കുന്ന സമയമായിരിക്കുന്നു. വ്യക്തവും കൃത്യവും സത്യസന്ധവുമായ പ്രവർത്തനറിപ്പോർട്ടുകൾ ഡിസം. 15 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതാത് മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും എത്തിക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾ അവാർഡ് നിർണ്ണയത്തിന് ഒരു പ്രധാന ഘടകമായിരിക്കും.

**മിഷൻലീഗിന് അനുമോദനങ്ങൾ**

ഇടുക്കിയിൽ വെച്ച് നടന്ന സംസ്ഥാന കലാമത്സരത്തിൽ തുടർച്ചയായി ആറാം തവണയും ഓവറോൾ കിരീടംനേടിയ മാനന്തവാടി രൂപതാ മിഷൻലീഗിനു നേതൃത്വം നൽകിയ രൂപതാ ഭാരവാഹികൾക്കും, മത്സരത്തിൽ വിജയികളായവർക്കും കെ.സി.വൈ.എം കുടുംബത്തിന്റെ അനുമോദനങ്ങൾ.

**വീക്ഷണ 08- ഡിസംബർ 13**

കഴിഞ്ഞകാലങ്ങളിൽ പ്രസ്ഥാനത്തെ നയിച്ച മുൻ രൂപതാ നേതാക്കളുടെ സംഗമമായ വീക്ഷണ ഡിസംബർ 13 ന് രാവിലെ

10 മുതൽ 1.00 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്ന വിവരം മുൻ രൂപതാ നേതാക്കളെ സ്നേഹത്തോടെ അറിയിക്കട്ടെ. അന്നേ ദിവസം മുൻ രൂപതാ നേതാക്കളെ ആദരിക്കുന്നതും കൂടാതെ പ്രസ്ഥാനത്തിന്റെ വളർച്ചയേയും വരും വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടിയാണ്. അന്നേ ദിവസം എല്ലാവരും വന്ന് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**Ready - December 11**

ദൈവവചനത്തിന്റെ കാവൽക്കാരായിമാറി, സാമൂഹിക നവോത്ഥാനത്തെ ലക്ഷ്യമാക്കി പ്രവർത്തനോന്മുഖരാകുന്ന, യുവജനങ്ങൾക്ക് ശക്തിയും ഓജസും പകരുന്ന മേഖല ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംഗമവേദിയായ Ready ഡിസംബർ 11 ന് വൈകുന്നേരം 6.30 ന് ചേരുന്ന വിവരം ഏറെ സ്നേഹത്തോടെ എല്ലാവരെയും അറിയിക്കട്ടെ. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ ആഴമായി വിലയിരുത്തി കൂടുതൽ ഔന്നത്യത്തിലേയ്ക്ക് നയിക്കുന്ന യുജനങ്ങളെ കണ്ടെത്തി പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്താം. അതിനായി നമുക്ക് ഒത്ത് ചേരാം.

പ്രിയമുള്ളവരെ, ശാന്തിയുടെ സന്ദേശവുമായി ഭൂമിയിൽ അവതരിച്ച ദൈവപുത്രന്റെ ജനനതിരുനാൾ - ക്രിസ്തുമസ് പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി ഒരു പുതുവർഷം കൂടി. ഈ ധന്യവേളയിൽ ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

സ്നേഹാദരവോടെ,

**ഷിബു പുതിയവീട്ടിൽ**
ജനറൽ സെക്രട്ടറി

## കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 98 ഉം നവംബർ 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 96 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസുകളിലൂടെയും വി. കുർബാന യിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീമംഗങ്ങളെയും നന്ദി പൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | |
|---|---|
| നവംബർ 28 - ഡിസംബർ1 | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഡിസംബർ 12-15 | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഡിസംബർ 19-22 | മണിമൂളി പാസ്റ്ററൽ സെന്റർ |
| ഡിസംബർ 29-ജനുവരി 1 | ദ്വാരക പാസ്റ്ററൽ സെന്റർ |

**കത്തോലിക്കാ മാതൃസംഘടന**

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസ കൾ സ്നേഹപൂർവ്വം നേരുന്നു.

20-11-08 വ്യാഴാഴ്ച രൂപതാ ഡയറക്ടർ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. ചർച്ചയിൽ മേഖലാ പ്രവർത്തനങ്ങളെക്കുറിച്ച് വിലയി രുത്തി. ഡിസംബർ 4, 5, 6 തിയ്യതികളിൽ നടക്കുന്ന വചനവർഷ കൺവെൻഷനിൽ രൂപതാ എക്സിക്യൂട്ടീവിന്റെ പങ്കാളിത്തം ഉറ പ്പാക്കി. 2009 വർഷത്തിലെ ജനറൽ ബോഡി ഏപ്രിൽ മാസം നട ത്തുവാൻ തീരുമാനിച്ചു. അടുത്ത എക്സിക്യൂട്ടീവ് ജനുവരി 13 ന് ചേരുന്നതാണ്.

**നടവയൽ മേഖല**

നടവയൽ മേഖലയിലെ എല്ലാ അമ്മമാർക്കുംവേണ്ടി ഏകദിന സെമിനാർ നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് തെക്കുന്നുംപുറം ദിവ്യബലിയർപ്പിച്ചു. ഫൊറോനാ വികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലക്കിയച്ചൻ സെമിനാർ ഉൽഘാടനം ചെയ്തു. സിയോൺ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ ദൈവവചനത്തിന്റെ വെളിച്ചത്തിൽ "അമ്മമാരുടെ വിളിയും ദൗത്യവും" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. അമ്മമാർ ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മേഖല ആനിമേറ്റർ റവ. സി. ബെൻസി CMC നന്ദി പറഞ്ഞു.

**കൊട്ടിയൂർ മേഖല**

കൊട്ടിയൂർ മേഖലയിലെ അമ്പായത്തോട് ശാഖയിൽ മാതൃസംഘടന ഒക്ടോബർ 17-ാം തീയതി റവ. ഫാ. ജോസ് കുളിരാനിയുടെ നേതൃത്വത്തിൽ പുനർജനിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

അന്നേ ദിവസം തന്നെ റവ. ഫാ. ജോഷി പെരിയപ്പുറം അമ്മയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വിശദമായി ക്ലാസ്സെടുത്തു. രൂപതാ പ്രസിഡണ്ട് ശ്രീമതി കത്രികുട്ടി മാതൃസംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ച് വിശദമായി സംസാരിച്ചു.

8-11-08 ന് ശനിയാഴ്ച അമ്പായത്തോട് പള്ളിയിൽ വെച്ച് കൊട്ടിയൂർ മേഖലയിലെ എട്ടുശാഖക്കാർ സമ്മേളിച്ച് ചെയിൻ പ്രാർത്ഥന നടത്തി. തുടർന്ന് സ്ഥലം മാറിപോകുന്ന മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് ആക്കാട്ടുകുടിലിന് യാത്രയയപ്പു നൽകി. ഫാ. ജോസ് കുളിരാനി, ശ്രീമതി കത്രിക്കുട്ടി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. റവ. സി. ഇൻഫന്റ് മേരി ഏവർക്കും നന്ദിയർപ്പിച്ചു.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"ഭയപ്പെടേണ്ട ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു". (ലൂക്കാ.2: 10 -11)

സിയോനിൽ നിന്നും ക്രിസ്തുമസ്സ് പുതുവൽസരാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**സോണൽ മീറ്റിംഗ് 31-10-08**

നവംബറിലെ ആദ്യശനിയാഴ്ചയുടെ തലേദിവസമായ ഒക്ടോബർ 31 വെള്ളിയാഴ്ച ഈശോ താൻ പ്രത്യേകം തെരഞ്ഞെടുത്ത സ്ഥലമായ സിയോൻ ചാപ്പലിൽ തന്റെ ശുശ്രൂകരെ ഒന്നിച്ചു ചേർത്തു. 9.45-12 ശുശ്രൂഷകർ പ്രാർത്ഥനയിലും ആരാധനയിലും നാഥനോടൊത്ത് ചെലവഴിച്ച അനുഗ്രഹത്തിന്റെ മണിക്കൂറുകൾ ആയിരുന്നു. കുമ്പസാരത്തിന് അവസരം ഒരുക്കിത്തന്നും ഒരുമിച്ച് പ്രാർത്ഥിച്ചും ശുശ്രൂഷകരുടെ വ്യക്തിപരമായ വിശുദ്ധീകരണത്തിനും ശക്തീകരണത്തിനുമായിട്ടാണ് ഈ ദിവസം നീക്കിവെച്ചിരിക്കുന്നത്. 12 മണിക്ക് ബഹു. പാറയിൽ അച്ചൻ സിയോൻ ശുശ്രൂഷകർക്കും അവരുടെ കുടുംബങ്ങൾക്കും നിയോഗങ്ങൾക്കുമായി വി. ബലി അർപ്പിച്ചു. വചന സന്ദേശം നൽകി. ക്രിസ്തു സാക്ഷാൽ മുന്തിരിച്ചെടിയും പിതാവ് കൃഷിക്കാരനുമാണ്. ശാഖകളിൽ ഫലം തരാത്തതിനെ നീക്കികളയുന്നു. ദൈവം നോക്കുന്നത് ഇലകളല്ല ഫലങ്ങളാണ്. ഫലങ്ങൾ മറ്റുള്ളവർക്കുവേണ്ടിയാണ്.

**ജാഗരണ പ്രാർത്ഥന**

6 PM - 12 വരെ പതിവുപോലെ ജാഗരണ പ്രാർത്ഥന നടത്തി.

സിയോൻ ശുശ്രൂഷകർക്കു പുറമെ ധാരാളം ആളുകൾ പ്രാർത്ഥന യിൽ സംബന്ധിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി. ബലി അർപ്പിച്ചു. ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ആരാധന നയിച്ചു. മാസത്തിന്റെ അവസാന വെള്ളിയാഴ്ചയായ ഇന്ന് സുവിശേഷമുന്നണി പ്രവർത്തകർ സിയോൻ മക്കൾ ക്കൊപ്പം പ്രാർത്ഥന ആരംഭിച്ച് രാവിലെ 6 മണി വരെ തുടർന്ന് പ്രാർത്ഥിച്ചു.

**ആദ്യ ശനി കൺവെൻഷൻ 1-11-08**

പ്രഭാതത്തിൽ ഉണർന്ന് നവമായ ഉന്മേഷത്തോടെ, നന്ദി നിറഞ്ഞ ഹൃദയത്തോടെ പരിശുദ്ധ അമ്മയുടെ സന്നിധിയിൽ എത്തി. ഇന്നത്തെ ശുശ്രൂഷകളിൽ ദൈവാനുഗ്രഹവും പരി. അമ്മ യുടെ മദ്ധ്യസ്ഥവും ആഗ്രഹിച്ച് ഓരോ രഹസ്യങ്ങൾക്കും പ്രത്യേക നിയോഗങ്ങളുമായി സിയോനുചുറ്റും നടന്ന് പ്രാർത്ഥിച്ചു. 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. പ്രഭാത പ്രാർത്ഥന, സ്തുതി ആരാധന സിയോന്റെ ഗാനശുശ്രൂഷകരും ബഹു. പാറയിൽ അച്ചനും ശ്രീ. ജോണി കുന്നുംപുറവും ചേർന്ന് നയിച്ചു. ഡിസം ബറിൽ നടത്തുവാൻ ഒരുങ്ങുന്ന ബൈബിൾ കൺവെൻഷന് ജനത്തെ ഒരുക്കുവാൻ വേണ്ടി ദൈവവചന വർഷാചരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചനാണ് വചന പ്രഘോഷണം നടത്തിയത്. 12 മണിക്ക് ദ്വാരക വി. അൽഫോൻസാ പള്ളി വികാരി ബഹു. ജോയി തുരുത്തേൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. അനുഗ്രഹസാക്ഷ്യങ്ങൾ, സൗഖ്യാരാധന, ദിവ്യകാരുണ്യപ്രദക്ഷിണം, കുമ്പസാരം, കൗൺസിലിംഗ്- എല്ലാം അനുഗ്രഹദായകമായി. കൊച്ചുമക്കൾക്ക് സിയോൻ ചാപ്പലിൽ ക്രിസ്റ്റീൻ പ്രോഗ്രാം നടത്തി. 3.15 ന് നിറഞ്ഞ സന്തോഷത്തോടെ, നന്ദിയോടെ ജനങ്ങൾ ഭവനങ്ങളി ലേക്ക് മടങ്ങി.

**രണ്ടാംശനി കൗൺസിലിംഗ് ദിനം 8-11-08**

കൗൺസിലിംഗ് ശുശ്രൂഷകർക്കായി കൗൺസിലേഴ്സ് 7-11 08 വെള്ളിയാഴ്ച 10 AM -10 PM വരെ പ്രാർത്ഥിച്ച് ഒരുങ്ങി. 78 പേർ വന്ന് കൗൺസിലിംഗ് നടത്തിയതോടെ, സമാധാന ത്തോടെ മടങ്ങി പോയി.

**മൂന്നാം വെള്ളി സൗഖ്യദിനം**

കർത്താവേ നിനക്കു മനസുണ്ടെങ്കിൽ എന്നെ സുഖപ്പെടുത്തുവാൻ കഴിയും എന്ന പ്രത്യാശയോടെ നിരവധി രോഗികൾ തമ്പുരാന്റെ മുമ്പിൽ കടന്നു വന്ന് പ്രാർത്ഥിച്ചു. കുമ്പസാരം, കൗൺസിലിംഗ്, വി. ബലി, വചനശുശ്രൂഷ, സൗഖ്യപ്രാർത്ഥന ഇവയിലൂടെ കർത്താവ് തൊട്ട് സൗഖ്യം നൽകിയ അനുഭവത്തിന്റെ നിർവൃതിയോടെ നന്ദിചൊല്ലി മക്കൾ ഭവനങ്ങളിലേയ്ക്കു തിരിച്ചു പോയി.

**ധ്യാനങ്ങൾ**

ഈ മാസം 14-19 തീയതികളിൽ വാഴവറ്റ ഇടവകയിലും 22 -26 തീയകളിൽ സീയോനിലും ബഹു. പാറയിൽ അച്ചനും സീയോൻ ടീമും ധ്യാനം നടത്തി

**ആദരാഞ്ജലികൾ**

സീയോനിൽ വർഷങ്ങളായി കൗൺസിലിംഗ് ശുശ്രൂഷ ചെയ്തിരുന്ന ശ്രീമതി ലില്ലി ജോസ് നമ്പ്യാപറമ്പിൽ (ലില്ലി ടീച്ചർ) 17-11-08 ന് തന്റെ ദൗത്യം പൂർത്തിയാക്കി കർത്താവിൽ വിലയം പ്രാപിച്ചു. *അനുശോചനമറിയിക്കുകയും, ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.*

**സീയോൻ ഡിസംബറിൽ**

**ഡിസംബർ**

| | |
|---|---|
| 3 | ബുധൻ സോണൽമീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 4,5,6 | രൂപതാ ബൈബിൾ കൺവെൻഷൻ, ആദ്യശനിശുശ്രൂഷകൾ, ക്രിസ്റ്റീൻ കൺവെൻഷൻ |
| 13 | കൗൺസിലിംഗ് ദിനം, ദമ്പതീകൂട്ടായ്മ, യുവജനദിനം |
| 19 | സൗഖ്യദിനം |
| 19-23 | മരിയൻ ധ്യാനം |
| 26 | ജാഗരണപ്രാർത്ഥന (സുവിശേഷ മുന്നണി) |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ സി.ആർ.സി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ,

തിരുപ്പിറവിയ്ക്കു ഒരുക്കമായുള്ള ആഗമനകാലത്തേയ്ക്കു പ്രവേശിക്കുന്ന ഈ ദിനങ്ങളിൽ യേശുവിന്റെ ജനനം ആദ്യം നമ്മുടെ ഹൃദയങ്ങളിലും നമ്മുടെ കുടുംബങ്ങളിലും നമ്മൾ ബന്ധപ്പെടുന്ന ഏവരുടേയും ജീവിതങ്ങളിലും സംഭവിക്കുന്നതിനിടയാകട്ടെയെന്നു പ്രാർത്ഥിക്കാം. ഏവർക്കും ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ഊഷ്മളപൂർവ്വം ആശംസിക്കുന്നു.

**നമ്മുടെ കൂട്ടായ പ്രാർത്ഥനകൾ –** രണ്ടു വിൻസെൻഷ്യൻ സഹോദരന്മാർക്കുവേണ്ടി ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. 1. മാനന്തവാടി സെൻട്രൽ കൗൺസിൽ യുവജന പ്രതിനിധി ബ്രദർ ജോയിസ് ജോസഫ് പുരയ്ക്കൽ, കാവുംമന്ദം ഒരുമാസത്തിനു മുമ്പ് കൽപ്പറ്റ വച്ചുണ്ടായ വാഹനാപകടത്തിൽ ഗുരുതരാവസ്ഥയിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ആസ്പത്രിയിലെ ചികിത്സയെത്തുടർന്ന് അപകടാവസ്ഥയിൽ നിന്നു മോചിതനായി. ഇപ്പോൾ കൽപ്പറ്റ ഫാത്തിമ മാതാ ഹോസ്പിറ്റലിൽ ചികിത്സ തുടരുന്ന ജോയിസിന്റെ ശാരീരികാവസ്ഥ പൂർവ്വാവസ്തയിലേയ്ക്കു തിരിച്ചുകിട്ടുവാൻ തീവ്രമായ പ്രാർത്ഥന ആവശ്യമാണ്. 2, തിരുവനന്തപുരം (ലാറ്റിൻ) സി.സി. പ്രസിഡണ്ട് ബ്ര. ഫ്രാൻസീസ് മരിയാ ജോർജിലിൻ മറ്റൊരപകടത്തിൽ ഗുരുതരമായ പരിക്കുകളോടെ ചികിത്സയിലാണ്. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെടുന്നതിനും നമുക്കു പ്രാർത്ഥിക്കാം. വാഴ്ത്തപ്പെട്ട ഫ്രെഡറിക്കിന്റെ നൊവേനയുടെ പ്രസക്തഭാഗങ്ങൾ കോൺഫ്രൻസ് യോഗങ്ങളിൽ പ്രാർത്ഥനാനിയോഗത്തോടെ ഉപയോഗിക്കുക. ഉറച്ചവിശ്വാസത്തോടെയുള്ള പ്രാർത്ഥന ഫലം പുറപ്പെടുവിക്കും.

**ക്രിസ്തുമസ് സമ്മേളനം**

ഓസ്സാനാം ഭവനിൽ അന്തേവാസികളോടൊപ്പം സി.സി. അംഗങ്ങളും ചുറ്റുപാടുള്ള കോൺഫ്രൻസുകളും ചേർന്നു നടത്താറുള്ള സമ്മേളനം ഇത്തവണ ഡിസംബർ 22-ാം തീയതി തിങ്കളാഴ്ചയായിരിക്കും നടത്തുക. സമയക്രമം - 10 a.m. to 11.a.m സി.സി.മീറ്റിംഗ്, 11 a.m. ദിവ്യബലി (സി. സി. ആത്മീയോപദേഷ്ടാവ്), 12 ക്രിസ്തുമസ് മധുരം, 12.30 സ്നേഹവിരുന്ന്.

ക്രിസ്തുമസ് സമ്മേളനത്തോടനുബന്ധിച്ച് ഓസ്സാനാംഭവൻ അന്തേവാസികൾക്കും ശുശ്രൂഷകർക്കും പതിവായി നൽകിവരുന്ന പുതുവസ്ത്ര വിതരണം ഈ വർഷവും നടത്തണം. അതിന്റെ ചെലവിലേയ്ക്കായി എല്ലാ കോൺഫ്രൻസുകളും 125 രൂപ ഡിസംബർ 20-നു മുമ്പ് എ.സി. പ്രസിഡണ്ടുമാരെ ഏൽപ്പിക്കേണ്ടതാണ്.

കൂടാതെ സി.സി. വർക്കിംഗ് ഫണ്ടായി നിശ്ചയിച്ചിരിക്കുന്ന 150 രൂപയും 2009-ലെ വിൻസെൻഷ്യൻ ഡയറിയുടെ വിലയും (ഡയറി ബുക്കുചെയ്ത എ.സി.കൾ) ശേഖരിച്ച് സി.സി. മീറ്റിംഗിൽ നൽകേണ്ടതാണ്.

ഇംഗ്ലണ്ട്, സ്കോട്ട്ലന്റ് ടിന്നിംഗ് ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. മറ്റേതെങ്കിലും ഗ്രാന്റുകൾ (ആസ്ത്രേലിയൻ ടിന്നിംഗ് ഗ്രാന്റ്, വിദ്യാജ്യോതി ഗ്രാന്റ്, റ്റി.റ്റി.എസ്. ഗ്രാന്റ്) ലഭിച്ചാൽ അതും വിതരണം ചെയ്യുന്നതാണ്.

ഓസ്സാനാം ബുള്ളറ്റിന്റെ ഏപ്രിൽ-സെപ്റ്റംബർ ലക്കവും വിതരണത്തിനുണ്ട്. എ.സി. പ്രസിഡണ്ടുമാർ (പ്രതിനിധികൾ) ഇവയെല്ലാം നടവയലിൽ നിന്നു കൊണ്ടുപോകാൻ തയ്യാറായി വരണമെന്നോർപ്പിക്കുന്നു. ഓഫീസിൽ നിന്ന് അവിടെ എത്തിക്കുന്ന സാധനങ്ങൾ തിരിച്ച് ഓഫീസിലേയ്ക്കു കൊണ്ടുവരാൻ പറ്റില്ലെന്ന് അറിയിക്കട്ടെ.

**ഓസ്സാനാം ഭവൻ സന്ദർശനം**

ചില എ.സി.കളിലെ കോൺഫ്രൻസുകൾ ഓസ്സാനാം ഭവൻ സന്ദർശനം, ശുശ്രൂഷ, സഹായം എന്നിവയിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. ഇതു തെളിയിക്കുന്നത് കോൺഫ്രൻസുകളുടെ നിർജ്ജീവാവസ്ഥയാണ്. ഇതിനുമാറ്റമുണ്ടാവണമെന്നപേക്ഷിക്കുന്നു.

ഡിസംബർ 1-13 വാഴവറ്റ എ. സി. യും 14-31 ബത്തേരി

എ.സി.യും. കോൺഫ്രൻസുകളുടെ സന്ദർശനം ഉറപ്പുവരുത്തേണ്ടതാണ്.

**റിക്കാർഡ് ചെക്കിംഗ് & ഓഡിറ്റിംഗ്**

ഇതിനോടകം 11 എ.സി.കളിൽ പൂർത്തിയാക്കി. ഏതാണ്ട് 50% കോൺഫ്രൻസുകളുടേയും അവസ്ഥ തീർത്തും പരിതാപകരമാണ്. തൃപ്തികരം എന്നു പറയാൻ പറ്റുന്നത് 25% മാത്രം. തിരുത്തലുകൾ ശ്രദ്ധിച്ച് തുടർന്നങ്ങോട്ട് തൃപ്തികരമായി റിക്കാർഡുകളും കണക്കുകളും കൊണ്ടുപോകാൻ ശ്രദ്ധിക്കുമല്ലോ.

12-12-08 : 9. a.m. to 11 a.m. വാഴവറ്റ എ.സി.
13-12-08 : 9. a.m. to 11 a.m. കൽപറ്റ എ.സി.
13-12-08 : 1. p.m. to 3.30 p.m. പാടിച്ചിറ എ.സി.

കുറുമ്പാല, തരിയോട്, പുൽപ്പള്ളി എ.സി. കളുടെ തീയതി പുതുക്കി നിശ്ചയിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മോചന 2008 മാനന്തവാടി**

ഒക്ടോബർ 2-ന് ഗാന്ധിജയന്തിയോടനുബന്ധിച്ച് മാനന്തവാടി ഗാന്ധി പാർക്കിൽ മോചന 2008 ഉം പൊതുയോഗവും നടത്തി. രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ പരിപാടികൾ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ജോ.സെക്രട്ടറി ബേബി പേടപ്പാട്ട്, ആനിമേറ്റർ സി. ജോവിറ്റ എന്നിവർ പ്രസംഗിച്ചു. മോചന 2008-ന് രൂപതാപ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**ദശവാർഷിക സമ്മേളനം**

മദ്യവിരുദ്ധ സമിതിയുടെ ദശവാർഷിക സമ്മേളനം ഡിസംബർ 5, 6, തീയതികളിൽ തൃശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ നടക്കും. 5-ാം തീയതി രാവിലെ 10 മണിക്ക് ദീപശിഖാ പ്രയാണം എറണാകുളം പി.ഒ.സി. യിൽ നിന്ന് ആരംഭിക്കും. 6-ന് രാവിലെ 10 മണിക്ക് പ്രതിനിധി സമ്മേളനം ആരംഭിക്കും. തുടർന്ന് ഉച്ചയ്ക്ക് 2-ന് റാലി നടത്തും അതോടനുബന്ധിച്ച് പൊതുസമ്മേളനവും നടക്കും. പൊതുസമ്മേളനത്തിൽ കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രി അൻപുമണി രാമദാസ്, കേന്ദ്രപ്രവാസകാര്യ വകുപ്പ് മന്ത്രി വയലാർ രവി, കർദ്ദിനാൾ വർക്കി വിതയത്തിൽ, ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ, കെ.സി.ബി.സി. പ്രസിഡൻറ്, മദ്യവിരുദ്ധ കമ്മീഷൻ പിതാക്കന്മാർ എന്നിവർ പങ്കെടുക്കും.

**സംസ്ഥാനസമിതി രൂപതാ സന്ദർശനം**

രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന

ഭാരവാഹികൾ രൂപതാസന്ദർശനം നടത്തി. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ സന്നിഹിതനായിരുന്നു. രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**രചനാ മത്സരവിജയികൾ**

ചിത്രരചന I - പി.ജെ. നിപുൻ - ഡി.പോൾ പബ്ലിക്ക് സ്കൂൾ കൽപ്പറ്റ

II - മഞ്ജു ചന്ദ്രൻ - ജി.എച്ച്.എസ്. പനങ്കണ്ടി

ഉപന്യാസം I - ജിതിൻ ജോർജ് - ഡി.പോൾ പബ്ലിക്ക് സ്കൂൾ കൽപ്പറ്റ

II - നിബു റ്റി.കെ. - സി.കെ.എച്ച്.എസ്. മണിമൂളി

വിജയികൾക്കുള്ള സമ്മാനങ്ങൾ വിദ്യാലയങ്ങളിൽ എത്തിച്ച് കൊടുക്കുന്നതാണ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ്**

2008 നവംബർ 12-ാം തീയതി SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ യോഗം WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. സൂക്ഷ്മതല സാമ്പത്തിക സ്ഥാപനങ്ങളുടെ പ്രസക്തിയെകുറിച്ച് WSSS പ്രോഗ്രാം ഓഫീസർ, ഒ.പി. അബ്രാഹം ക്ലാസ് നൽകി. ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുന്നതിന് എല്ലാ സ്വാശ്രയ സംഘങ്ങളിലും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. എല്ലാ SWS യൂണിറ്റിലും ക്രഡിറ്റ് യൂണിയൻ സമയബന്ധിതമായി തുടങ്ങുവാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി.

**നീർത്തട വികസന പ്രദേശങ്ങളിൽ സന്നദ്ധ പ്രവർത്തനം ആരംഭിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും തൊണ്ടർനാട് ഗ്രാമ പഞ്ചായത്തും സംയുക്തമായി NABARD -ന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് നീർത്തട പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ശ്രമദാനം നടത്തി.

നവംബർ 13-ാം തീയതി അയനിവയൽ നീർത്തട വികസന പദ്ധതിയുടെ പരിധിയിൽ വരുന്ന ചെക്ക് ഡാം വൃത്തിയാക്കുന്ന പ്രവർത്തനം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട് ശ്രീ. അപ്പുമാഷ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് മെംബർ ശ്രീ. വിൻസെന്റ് ശ്രമദാനത്തിന് മേൽനോട്ടം വഹിച്ചു. 90 സന്നദ്ധ പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

കുന്നേരി നീർത്തട പ്രദേശത്ത് ഒരു കിലോമീറ്റർ റോഡ്

നിർമ്മിച്ചു. പ്രസ്തുത നിർമ്മാണത്തിന്റെ ഉദ്ഘാടനം തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. മൊയ്തു നിർവ്വഹിച്ചു. 53 സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

നവം. 14-ാം തീയതി പോർളോം നീർത്തട പ്രദേശത്തെ മൂർത്തോട് പുഴയ്ക്ക് ചെക്ക് ഡാം നിർമ്മിച്ചു. നിർമ്മാണോദ്ഘാടനം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. രണദേവൻ നിർവ്വഹിച്ചു. WSSS ഡയറക്ടർ അഡ്വ. ഫാദർ ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി സിന്ധു ചന്ദ്രശേഖരൻ നിർമ്മാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. 156 സന്നദ്ധ പ്രവർത്തകർ നിർമാണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

മട്ടിലയം നീർത്തട പ്രദേശത്തെ കുഞ്ഞോം AUPS സ്കൂൾ ഗ്രൗണ്ട് ശ്രമദാനം വഴി നിർമ്മിച്ചു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി കമലാക്ഷി. കെ. കെ. ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. 70 സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു. P.A. ജോസ് നീർത്തട വികസന പദ്ധതികൾക്ക് നേതൃത്വം നൽകി.

**ഫലവൃക്ഷ തൈകളുടെ വിതരണം**

കുറ്റിമൂല ജലതരംഗ് നീർത്തട പ്രദേശത്തെ 180 കുടുംബങ്ങളിലും പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു. പദ്ധതി പ്രദേശത്ത് ഫലവൃക്ഷങ്ങളുടെ വ്യാപനം ലക്ഷ്യം വച്ച് റംബുട്ടാൻ, നെല്ലി എന്നീ തൈകളാണ് വിതരണം ചെയ്തത്. പ്രദേശത്തെ മണ്ണിന്റെ അമ്ലാംശം കൂടുതലായതിനാൽ അത് ക്രമീകരിക്കുന്നതിന് ഈ വൃക്ഷങ്ങൾക്ക് ശേഷിയുണ്ട്.

**ആദിവാസി വികസന പരിപാടി**

**ഔഷധ നിർമ്മാണം - കോളനികളിൽ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ആദിവാസി വികസന പരിപാടിയുടെ ഭാഗമായി പനമരം പഞ്ചായത്തിൽപ്പെട്ട പഴഞ്ചേരിക്കുന്ന് കോളനിയിലും, തിരുനെല്ലി പഞ്ചായത്തിൽപ്പെട്ട പുഴവയൽ കോളനിയിലും കോളനിവാസികളുടെ സഹകരണത്തോടെ മുറിവെണ്ണയും, പെയിൻ ബാമും നിർമ്മിക്കുകയും കോളനിയിലെ കുടുംബങ്ങൾക്ക് വിതരണം നട

ത്തുകയും ചെയ്തു. അന്യമായികൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളുടെ യഥാർത്ഥ ഉപയോഗം മനസിലാക്കുകയും ഭാവി തലമുറയെ വാർത്തെടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സിക്കിൾ ഡെൽ അനീമിയ**

സിക്കിൾ ഡെൽ അനീമിയ രോഗികളുടെ വിവരശേഖരണം നടത്തുകയും അവർക്കുവേണ്ട മരുന്നുകൾ WSSS ൽ നിന്ന് വിതരണം ചെയ്യുകയും ചെയ്തു.

**കോളനി നേതൃത്വനിരയ്ക്ക് പരിശീലനം**

മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട തിരുനെല്ലി, മാനന്തവാടി, എടവക, തവിഞ്ഞാൽ, വെള്ളമുണ്ട, തൊണ്ടർനാട്, പനമരം എന്നീ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട കോളനി നേതാക്കൾക്കുവേണ്ടി ദ്വിദിനശില്പശാല ബോയ്സ് ടൗൺ ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ചു. ആദിവാസി ജനത നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും, കോളനികളിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ചും കോളനി നേതൃത്വ നിരയുമായി ചർച്ച നടത്തി. ആരോഗ്യപരമായും, സാമ്പത്തികപരമായും കാർഷികപരമായും വിദ്യാഭ്യാസപരമായും സമൂഹത്തിൽ സുരക്ഷിത സ്ഥാനം ഉറപ്പുവരുത്തുവാനും, ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ചാക്കോ.N.J, ജോയി.കെ.ഒ, സി. ഇന്നസെന്റ്, സി. അനിഷ, സി.ലില്ലി, ജോസ് തൂമുള്ളിൽ, അനു ജോൺ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ



# അറിയിപ്പുകൾ

## 1) വോട്ടേഴ്സ് ലിസ്റ്റ്

കെ.സി.ബി.സി. ആസ്ഥാനത്തു നിന്ന് ആശംസകൾ!

2009 ജനുവരി 1–ന് 18 വയസ്സു തികഞ്ഞവരെ ചേർത്ത് നിലവിലുള്ള വോട്ടേഴ്സ് ലിസ്റ്റ് പരിഷ്കരിക്കുന്ന നടപടി നവംബർ 10–ന് ആരംഭിക്കുകയാണ്. ഇലക്ഷൻ കമ്മീഷന്റെ വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട സമയപ്പട്ടിക താഴെ കൊടുക്കുന്നു.

വോട്ടർപ്പട്ടികയുടെ നക്കൽ പ്രസിദ്ധീകരിക്കുന്നത്
– 2008 നവംബർ 10

അപേക്ഷകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ടത്
– 2008 നവംബർ 10 മുതൽ 24 വരെ

2008 നവംബർ പോളിങ്ങ് ബൂത്തുകളിൽ
– 2008 നവംബർ 16 ഞായർ

രാഷ്ട്രീയ പാർട്ടികളുടെ ഏജന്റുമാരെകൂട്ടി പങ്കെടുപ്പിച്ചുകൊണ്ട് അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്നത് – 2008 നവംബർ 24 ഞായർ

അപേക്ഷകളിലും ആക്ഷേപങ്ങളിലും തീർപ്പ് എടുക്കുന്നത്
– 2008 ഡിസംബർ 24

വോട്ടർപ്പട്ടികയിൽ തിരുത്തൽ വരുത്തി അച്ചടി പൂർത്തിയാക്കുന്നതാണ്. – 2008 ഡിസംബർ 24 മുതൽ 2008 ജനുവരി 8 വരെ

അന്തിമവോട്ടർപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് – 2009 ജനുവരി 10

വോട്ടേഴ്സ് ലിസ്റ്റിൽ തിരുത്തലുകൾ വരുത്താനോ പുതിയതായി പേരു ചേർക്കുവാനോ ഉള്ള ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് താത്പര്യപ്പെടുന്നു. വ്യാപകമായി

വൈദീകരുടെയും സന്യസ്തരുടെയും കത്തോലിക്കാവിശ്വാസികളുടെയും പേരുകൾ വോട്ടേഴ്സ് ലിസ്റ്റിൻ നിന്ന് നീക്കം ചെയ്യുന്നതായി പരാതി ലഭിക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗികവക്താവ്,
കെ.സി.ബി.സി. ഡയറക്ടർ പി.ഒ.സി.

## 2) വിരൽത്തുമ്പിൽ ഒരു പ്രസംഗസഹായി

'ആധുനിക സമ്പർക്ക മാധ്യമങ്ങൾ നൽകുന്ന പുതിയ പ്രസംഗപീഠങ്ങളുടെ ഉപയോഗത്തിൽ വൈദികൻ സാമർത്ഥ്യം നേടണം' എന്ന ജോൺപോൾ മാർപ്പാപ്പയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ഗുഡ് ഷെപേർഡ് മേജർ സെമിനാരി ഒരുക്കുന്ന ആധികാരികവും വിജ്ഞാന നിർഭരവും അജപാലനാത്മകവുമായ വചന വ്യാഖ്യാനങ്ങൾ **വചനവേദി** പ്രശസ്തരും പ്രഗത്ഭരുമായ ആത്മീയ പിതാക്കന്മാരും ബൈബിൾ പണ്ഡിതരും തയ്യാറാക്കുന്ന ആരാധനാക്രമവത്സരാനുസൃതമായ ഞായർ - തിരുനാൾ പ്രസംഗങ്ങൾ ഓരോ ഞായറാഴ്ചയുടെയും മുമ്പുള്ള വെള്ളിയാഴ്ചകളിൽ സെമിനാരിയുടെ വെബ്ബ് പേജുകളിലൂടെ നിങ്ങളുടെ P.C യിലേക്ക്.

സന്ദർശിക്കുക:

WWW.majorseminary.org/vachanavedi



# *Programme*

## PASTORAL CENTRE, DWARAKA

### *December - 2008*

| | |
|---|---|
| *Nov. 28 - Dec.1* | *Marriage Preparation Course* |
| *03* | *Preparation for Bible Convention* |
| *4-6* | *Bible Convention 2008* |
| *11* | *Sathyadeepam - Agency Meeting* |
| *12-15* | *Marriage Preparation Course* |
| *19* | *CRC Intercessory Prayer day* |
| *19-23* | *Zion CRC : Retreat* |
| *27-28* | *KCYM Yearly - Election Senate* |
| *Dec. 29 - Jan.1* | *Marriage Preparation Course* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



# Bishop's Programme

## 2008 December

| | | |
|---|---|---|
| 1 Mon. | ............. | Visitors' day |
| 2 Tue | ............... | Engaged |
| 3 Wed | .............. | Visitors' day |
| 4 Thu 6 Sat | ..... | Dwaraka: Bible Convention |
| 6 Sat | Afternoon | Kalpetta : Anniversary of De Paul School |
| 7 Sun 12 Fri | ... | Ernakulam : KCBC |
| 13 Sat | ................ | Meenangadi : Convention in Connection with Vachanavarsham |
| 14 Sun | .............. | Olivumala : Pastoral Visit |
| 15 Mon | Morning | Visitors' day, Minor Seminary: Diaconate Ordination - Jomon Erukattupadikal T.O.R. |
| | Afternoon | WSSS Governing body |
| 16 Tue | Morning | Presbyteral Council |
| | Afternoon | Cathedral |
| 17 Wed | Morning | Engaged |
| | Afternoon | Visitors' day |
| 18 Thu 19 Fri | ... | Palai |

| | | |
|---|---|---|
| *20 Sat* | *...............* | *Engaged* |
| *21 Sun* | *.............* | *Arulnilayam : Ecumenical Christmas* |
| *22 Mon* | *Morning* | *Visitors' day* |
| | *Noon* | *Chettapalam : Syro -Malankara Church* |
| | *Afternoon* | *Cathedral* |
| *23 Tue* | *.............* | *Honnamankatte : School Anniversary* |
| *24 Wed* | *............* | *Out of Station* |
| *25 Thu* | *............* | *Christmas* |
| *26 Fri* | *..............* | *Out of Station* |
| *28 Sun* | *.............* | *Engaged* |
| *29 Mon* | *Morning* | *Kottoor : Ordination of Deacon Roinson Panachickal O.praem* |
| | *Afternoon* | *Marakavu : Ordination of Deacon Kuriakose Menampadath VC* |
| *30 Tue* | *Morning* | *Nelliodi : Ordination of Deacon Xavier Ailookaran O. Praem* |
| | *Afternoon* | *Bishop's House : Women Major Superiors' Meeting* |
| *31 Wed* | *............* | *Vazhavatta : Ordination of Deacon Binoy Choodiyankal SJ* |
| | *Afternoon* | *S. Bathery : Blessing of the houses constructed by St. Vincent De Paul* |

## *2009 January*

| | | |
|---|---|---|
| *1 Thu 2 Fri* | *....* | *Out of Station* |
| *3 Sat* | *..............* | *Cathedral : Priestly Ordination of Deacon Kurian Kattamkottil CMI* |
| *4 Sun* | *Noon* | *Town Hall : Inauguration of Fr. Mapmpra Musical Academy Anniversary* |
| | *Afternoon* | *S. Bathery : Blessing of Presbytery* |

| | | | |
|---|---|---|---|
| 5 | Mon | .............. | Kottiyoor : Priestly ordination of Deacon Jaison Kallupalam and Sebastian Pootharayil MCBS |
| 6 | Tue | .............. | Kayyunny : School Anniversary |
| 7 | Wed | .............. | Final Profession of SKD Sisters |
| 8 | Thu | .............. | Chokkad : Blessing of Groto |
| 9 | Fri | .............. | Out of Station |
| 10 | Sat | Morning | Vazhavatta : Jubilee Celebration |
| 11 | Sun | .............. | Kottathara : Confirmation and First Communion |
| 12 | Mon | .............. | Visitors' Day |
| 13-15 | | .............. | Mount St. Thomas |
| 16 | Fri | .............. | Out of Station |
| 17 | Sat | Afternoon | Chulliode : |
| 18 | Sun | .............. | Synaxis Vincentgiri |
| 19 | Mon | .............. | Visitors' Day |
| 21 | Wed | .............. | Visitors' Day |
| 22 | Thu | Afternoon | Thonichal : Blessing of Presbytery |
| 23 | Fri | .............. | Out of Station |
| 24 | Sat | .............. | Engaged |
| 25 | Sun | .............. | Engaged |
| 26 | Mon | .............. | Engaged |
| 28-30 | | .............. | Mangalappuzha Seminary |
| 31 | Sat | .............. | Out of Station |

# 36-ാം പുസ്തകത്തിലെ വിഷയവിവരം

# Index

## ജനുവരി–2008


സർക്കുലർ................................................ 01-5
സർക്കുലർ ................................................ 05-10
മദ്യവിരുദ്ധഞായർ ........................................ 11-16
ന്യൂനപക്ഷ അവകാശവും ഇന്ത്യൻ ഭരണഘടനയും. 16-22
സർക്കുലർ ................................................ 22-25
രൂപതാ കച്ചേരി വാർത്തകൾ ............................. 26-33
കുടുംബ രജിസ്റ്റർ ........................................ 33-34
ഫൊറോനാ വാർത്തകൾ .................................... 34
മതബോധനരംഗം .......................................... 34-38
ചെറുപുഷ്പമിഷൻലീഗ് .................................... 39-51
കെ. സി. വൈ. എം. ........................................ 51-56
കുടുംബപ്രേഷിതത്വം ...................................... 56-57
സിയോൻ വാർത്തകൾ ..................................... 58-62
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 62-64
സാമൂഹ്യസേവന രംഗം ................................... 64-68
വിദ്യാഭ്യാസ മണ്ഡലം ..................................... 68-88
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................ 88
ബിഷപ്സ് പ്രോഗ്രാം ........................................ 89-90


## ഫെബ്രുവരി – 2008


തിരുബാല സഖ്യദിനം ..................................... 93-96
കെ.സി.ബി.സി. സംയുക്ത ഇടയലേഖനം ............... 97-102
പ്രത്യേക അറിയിപ്പ് ......................................... 103-104
പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ .......................... 104-135
രൂപതാ കച്ചേരി വാർത്തകൾ ............................. 135-137
റീജിയണൽ വാർത്തകൾ .................................. 138-139

വിദ്യാഭ്യാസ സഹായനിധി ..................................... 139-141
മതബോധനരംഗം .................................................. 141-143
ചെറുപുഷ്പ മിഷൻലീഗ് ........................................ 144-150
കെ. സി. വൈ. എം. ................................................ 150-157
കുടുംബപ്രേഷിതത്വം ............................................. 157-160
സിയോൻ വാർത്തകൾ ......................................... 160-163
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... 163-166
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................... 166-167
വിദ്യാഭ്യാസമണ്ഡലം ............................................. 167-174
സാമൂഹ്യസേവനരംഗം .......................................... 175-178
അറിയിപ്പുകൾ ..................................................... 178-180
അറിവും തിരിച്ചറിവും (2) ...................................... 180-184
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................ 185
ബിഷപ്സ് പ്രോഗ്രാം ............................................ 185-186

## മാർച്ച് - 2008

സർക്കുലർ ........................................................... 189-190
ഇടയലേഖനം ...................................................... 191-196
കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ................ 196-203
സംയുക്ത ഇടയലേഖനം .............................. 203-210
ശ്രീ. ദേവസ്യ മുല്ലക്കരയെ പുറത്താക്കി ................. 210-213
രൂപതാ കച്ചേരി വാർത്തകൾ ................................ 213-219
ദൈവവചനവർഷം - 2008 .................................... 219-223
വൈദിക സമ്മേളനം - റിപ്പോർട്ട് ........................... 223-225
സന്യാസസഭകളുടെ മേജർസുപ്പീരിയേഴ്സിന്റെയും
പ്രതിനിധികളുടെയും സമ്മേളനം - റിപ്പോർട്ട് ........ 225-227
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .......................... 228
വിദ്യാഭ്യാസ സഹായനിധി ..................................... 228-229
മൈനർ സെമിനാരി ...................................... 229
റീജിയണൽ വാർത്തകൾ
ഗൂഡല്ലൂർ റീജിയൻ ...................................... 229-230
എൻ.ആർ.പുര റീജിയൻ...................................... 230-234

മതബോധനരംഗം .................................... 234-244
ചെറുപുഷ്പമിഷൻലീഗ് ............................ 244-248
കെ. സി. വൈ. എം. ................................ 248-251
സിയോൻ വാർത്തകൾ ............................ 251-255
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 255-259
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ..................... 260
വിദ്യാഭ്യാസമണ്ഡലം ................................ 260-264
സാമൂഹ്യസേവനരംഗം ............................ 264-270
അറിയിപ്പുകൾ ...................................... 270
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................. 271
ബിഷപ്സ് പ്രോഗ്രാം ............................................ 271-272

## ഏപ്രിൽ – 2008

മഞ്ഞളരുവിയിലെ പ്രതിഭാസങ്ങൾ ........................ 275-280
രൂപതാ കച്ചേരി വാർത്തകൾ ................................ 280-284
കുടുംബരജിസ്റ്റർ ................................. 284-285
രൂപതാ ദൈവവിളിക്യാമ്പ് ................................ 285
ദൈവവചനവർഷം - 2008 .................................. 286-290
ഫൊറോനാവാർത്തകൾ ........................................ 291
മതബോധനരംഗം .................................... 291-311
ചെറുപുഷ്പ മിഷൻലീഗ് ......................................... 311-317
കെ. സി. വൈ. എം. ................................ 318-319
കുടുംബപ്രേഷിതത്വം .............................................. 320-321
സിയോൻ വാർത്തകൾ ............................ 321-329
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 329-331
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ..................... 331-333
സാമൂഹ്യസേവനരംഗം ............................ 333-336
അറിയിപ്പുകൾ ...................................... 337-339
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................. 339-340
ബിഷപ്സ് പ്രോഗ്രാം ............................................ 340-342

**മെയ് – 2008**


സർക്കുലർ ............................................................ 349-355
രൂപതാ കച്ചേരി വാർത്തകൾ ................................ 356-357
റീജിയണൽ വാർത്തകൾ
എൻ.ആർ.പുരം റീജിയൻ .............................. 357-359
ദൈവവചനവർഷം - 2008 .................................. 359-364
മതബോധനരംഗം .................................................. 364-383
ചെറുപുഷ്പമിഷൻലീഗ് .......................................... 383-387
കെ. സി. വൈ. എം. .............................................. 387-390
കുടുംബപ്രേഷിതത്വം ............................................ 390
സിയോൻ വാർത്തകൾ .......................................... 391-394
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 395-397
കത്തോലിക്കാ കോൺഗ്രസ് .................................... 397-400
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ......................... 400-402
സാമൂഹ്യസേവനരംഗം ............................................ 403-406
ജ്യോതിവികാസ് സെന്റർ .................................... 406-407
അറിയിപ്പുകൾ .................................................... 407-410
പ്രത്യേക അറിയിപ്പ് .................................................. 410
സർക്കുലർ - വിവാഹരജിസ്ട്രേഷൻ ..................... 410-412
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................. 412-413
ബിഷപ്സ് പ്രോഗ്രാം ............................................ 413-414


**ജൂൺ – 2008**


കുട്ടികൾക്കുള്ള കത്ത് .......................................... 419-422
സർക്കുലർ ........................................................... 422-425
ബൈബിൾ ഞായർ .............................................. 425-432
സർക്കുലർ ............................................................ 433-440
ഇടയലേഖനം ......................................................... 441-445
രൂപതാ കച്ചേരി വാർത്തകൾ ................................ 446-450
Living Together Programme of Priests' .............................. 451452
ബഹു. വികാരിയച്ചൻമാരുടെ പ്രത്യേകശ്രദ്ധയ്ക്ക് .. 453-454
റിപ്പോർട്ട് ................................................................ 455-457

വിദ്യാഭ്യാസ സഹായനിധി .................................... 457-460
Collection for the Year 2007-2008 .................................... 461-470
റീജിയണൽ വാർത്തകൾ
എൻ.ആർ.പുര. റീജിയൻ .............................. 470-472
ദൈവവചനവർഷം - 2008 .................................. 472-475
മതബോധനരംഗം .................................................. 475-478
ചെറുപുഷ്പമിഷൻലീഗ് .......................................... 478-487
കെ. സി. വൈ. എം. ............................................... 487-494
കുടുംബപ്രേഷിതത്വം ............................................ 495-497
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 497-500
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ......................... 500-502
ജയിൽ മിനിസ്ട്രി .................................................. 502-503
വിദ്യാഭ്യാസ മണ്ഡലം ........................................... 503-505
സിയോൻ വാർത്തകൾ .......................................... 505-508
സാമൂഹ്യസേവനരംഗം .......................................... 508-511
ന്യൂമാൻസ് കോളേജ് .......................................... 511
Association of Women Religious .................................. 514-515
അറിയിപ്പുകൾ .................................................... 515-517
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................. 517
ബിഷപ്സ് പ്രോഗ്രാം ............................................ 517-518


**ജൂലൈ - 2008**


Covering Letter ................................................ 523-524
യുവജനദിനം - സർക്കുലർ ................................... 525-533
രൂപതാ കച്ചേരി വാർത്തകൾ ................................ 534-538
ദൈവവചനവർഷം .................................... 539-545
മൈനർസെമിനാരി വാർത്തകൾ ......................... 546-547
മതബോധനരംഗം .................................... 548-551
ചെറുപുഷ്പമിഷൻലീഗ് .................................... 552-556
കെ. സി. വൈ. എം. .................................... 557-561
കുടുംബപ്രേഷിതത്വം .................................... 562-564
സിയോൻ വാർത്തകൾ .................................... 565-567

വിൻസെന്റ് ഡി പോൾ സൊസൈറ്റി........................ 568-569
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 570-571
ജയിൽ മിനിസ്ട്രി ................................................ 572-577
സാമൂഹ്യസേവന രംഗം ......................................... 578-580
അറിയിപ്പുകൾ ...................................................... 581-581
പാസ്റ്ററൽ സെന്റർ, ദ്വാരക പ്രോഗ്രാം .................... 582-582
ബിഷപ്സ് പ്രോഗ്രാം ............................................... 583-584

## ഓഗസ്റ്റ് - 2008

സർക്കുലർ ........................................................... 587-589
സർക്കുലർ ........................................................... 590-594
സർക്കുലർ............................................................ 595-597
ജസ്റ്റിസ് സൺഡേ - സർക്കുലർ ............................ 598-602
ന്യൂനപക്ഷ സംരക്ഷണം വാക്കും പ്രവർത്തിയും....... 603-606
രൂപതാ കച്ചേരി വാർത്തകൾ ................................ 607-608
റീജണൽ വാർത്തകൾ ........................................... 609-611
ദൈവവചനവർഷം ................................................ 612-617
മതബോധനരംഗം ................................................... 618-625
ചെറുപുഷ്പമിഷൻലീഗ് ........................................... 626-632
കെ. സി. വൈ. എം. ............................................... 633-646
കുടുംബപ്രേഷിതത്വം ............................................. 647-648
സിയോൻ വാർത്തകൾ ........................................... 649-651
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 652-654
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 655-656
ജയിൽ മിനിസ്ട്രി .................................................. 657
സാമൂഹ്യസേവന രംഗം ........................................... 658-660
ന്യൂമാൻസ് കോളേജ് .......................................... 661
രൂപത പി.ആർ.ഒ. ഓഫീസ് ..................................... 662
Decree ................................................................... 663
അറിയിപ്പുകൾ ........................................................ 664-665
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 666
ബിഷപ്സ് പ്രോഗ്രാം ................................................ 667-668

## സെപ്റ്റംബർ – 2008


രൂപതാ കച്ചേരി വാർത്തകൾ ................................ 671-678
LIVING TOGETHER PROGRAMME - REPORT ................. 679
വൈദികസമ്മേളന റിപ്പോർട്ട് ................................ 680-681
ദൈവവചനവർഷം ............................................. 682-684
മതബോധനരംഗം ................................................. 685-692
ചെറുപുഷ്പമിഷൻലീഗ് ........................................ 693-699
കെ. സി. വൈ. എം. ............................................. 700-709
കുടുംബപ്രേഷിതത്വം .............................................. 710-712
സിയോൻ വാർത്തകൾ........................................... 713-715
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................... 716-717
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ....................... 718-720
ജയിൽ മിനിസ്ട്രി ................................................ 721
സാമൂഹ്യസേവന രംഗം ......................................... 722-724
രൂപത പി.ആർ.ഒ. ഓഫീസ് .................................... 725-726
ന്യൂമാൻസ് കോളേജ് ........................................... 727
വിവാഹങ്ങളുടെ രജിസ്ട്രേഷൻ ഫോം ................... 728-739
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 740
ബിഷപ്സ് പ്രോഗ്രാം ............................................... 741-742


## ഒക്ടോബർ – 2008


സർക്കുലർ ............................................................ 745-752
സർക്കുലർ ............................................................ 753-762
സർക്കുലർ ............................................................ 763-765
പ്രോലൈഫ് ........................................................... 766-775
രൂപതാ കച്ചേരി വാർത്തകൾ ................................ 776-779
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .......................... 780-781
ഫൊറോന കൗൺസിൽ നിയമാവലി ..................... 782-785
റീജിയണൽ വാർത്തകൾ ...................................... 786-787
ദൈവവചനവർഷം ................................................ 788-790

മതബോധനരംഗം ........................................ 791-793
ചെറുപുഷ്പമിഷൻലീഗ് ........................................ 794-803
കെ. സി. വൈ. എം. ........................................ 804-810
കുടുംബപ്രേഷിതത്വം ........................................ 811-814
സിയോൻ വാർത്തകൾ ........................................ 815-817
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... 818-819
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .................... 820-821
സാമൂഹ്യസേവന രംഗം ........................................ 822-827
സ്മോൾ ക്രിസ്ത്യൻ കമ്യൂണിറ്റി ................................ 828
അറിയിപ്പുകൾ ........................................ 829
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 830
ബിഷപ്സ് പ്രോഗ്രാം ........................................ 831-832

## നവംബർ – 2008

നാൽപത്തിരണ്ടാം ലോകസമ്പർക്ക മാധ്യമദിനം .... 835-840
രൂപതാ കച്ചേരി വാർത്തകൾ ................................ 841-843
റീജിയണൽ വാർത്തകൾ ................................ 844-847
ദൈവവചനവർഷം ........................................ 848-850
മതബോധനരംഗം ........................................ 851-853
ചെറുപുഷ്പമിഷൻലീഗ് ........................................ 854-868
കെ. സി. വൈ. എം. ........................................ 869-877
കുടുംബപ്രേഷിതത്വം ........................................ 878
സിയോൻ വാർത്തകൾ ........................................ 879-882
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... 883-884
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .................... 885-886
സാമൂഹ്യസേവന രംഗം ........................................ 887-889
ജയിൽ മിനിസ്ട്രി ........................................ 890
അറിയിപ്പുകൾ ........................................ 891-896
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 897
ബിഷപ്സ് പ്രോഗ്രാം ........................................ 898-900

## ഡിസംബർ - 2008


| | |
|---|---|
| ഇടയലേഖനം .................... | 903 |
| സർക്കുലർ .................... | 914 |
| വിജ്ഞാപനം .................... | 916 |
| സർക്കുലർ .................... | 918 |
| സീറോമലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ .................... | 925 |
| DALIT LIBERATION SUNDAY .................... | 928 |
| രൂപതാ കച്ചേരി വാർത്തകൾ.................... | 931 |
| ദൈവവചനവർഷം .................... | 933 |
| മതബോധനരംഗം .................... | 937 |
| ചെറുപുഷ്പമിഷൻലീഗ് .................... | 941 |
| കെ. സി. വൈ. എം. .................... | 955 |
| കുടുംബപ്രേഷിതത്വം .................... | 961 |
| സിയോൻ വാർത്തകൾ.................... | 963 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... | 966 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .................... | 969 |
| സാമൂഹ്യസേവന രംഗം .................... | 971 |
| അറിയിപ്പുകൾ .................... | 974 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................... | 976 |
| ബിഷപ്സ് പ്രോഗ്രാം .................... | 977 |
| Index (Vol.36) .................... | 980 |